**2008 ഏപ്രിൽ**
ശഹാദത്ത് 1386
1429 റ. അവ്വൽ - റ. ആഖിർ
പുസ്തകം 80 ലക്കം 3
വരിസംഖ്യ - 150 ക.
ഒറ്റപ്രതി - 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

**ലേഖനം**

**6** മോക്ഷം - ദൈവികസ്നേഹത്തിൽ നിന്ന്
ഹദ്റത്ത് അഹ്മദ് (അ)

**7** മൗദൂദി : ഇസ്‌ലാമിലെ സെന്റ്പോൾ
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**10** ഇഅ്ജാസുൽമസീഹ്
എൻ. അബ്ദുർറഹീം

**14** ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ): ജീവൽപ്രവാചകൻ
മഹ്മൂദ്, കൽക്കുളം

**16** മഹ്ദി മസീഹിന്റെ ആഗമനകാലം ഖുർആനിലും ഹദീസുകളിലും
മൗലവി മുഹമ്മദ് ഫാറൂക്ക് എച്ച്.എ.

**19** പ്രവാചകരുടെ വഴി
പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്

**21** ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ അഹ്മദിയ്യത്ത്
എച്ച്. ശംസുദ്ദീൻ കാവശ്ശേരി

**26** മുസ്‌ലിഹ് മൗഊദ് (റ): സുവിശേഷ ദർശനങ്ങളുടെ ദിവ്യസാക്ഷാത്കാരം
മൗലവി മുഹമ്മദ് അയ്യൂബ്

**28** നുബുവ്വത്ത് ശാപമല്ല
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.

**34** നാൽപതുനാൾ നീണ്ടുനിന്ന തപോയജ്ഞവും ദിവ്യവെളിപാടുകളും
എ.ക്യു. മഹ്ദി

**37** പരസ്യവും പാവം ഉപഭോക്താവും
അഹ്മദ്ഖാൻ, കളിയിക്കാവിള

**കുറിപ്പുകൾ**

**40** അംബിയാക്കന്മാരുടെ പിൻമുറക്കാർ ഇങ്ങിനെയോ?

**49** അനുസ്മരണം

**ചീഫ് എഡിറ്റർ :** **മുഹമ്മദ് അയ്യൂബ്,** Mob: 9895308227
**എഡിറ്റർ :** **ഏ. എം. മുഹമ്മദ് സലിം,** Mob: 9895263384
**മാനേജർ :** **അഹ്മദ് ഹസ്സൻ,** Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

*വിലാസം*
**സത്യദൂതൻ, ജി.എച്ച്.റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


**വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുന്നവരായി നിലകൊള്ളുകയും ചെയ്യുന്നവർക്ക് ഈ ലോകത്തും പരലോകത്തും സന്തോഷവാർത്തകളുണ്ട്, അല്ലാഹുവിന്റെ വചനങ്ങൾക്ക് മാറ്റമില്ല. (10:64-65)**

## നബിവചനം

ഹദ്റത്ത് അബൂദർദാഅ്(റ) നിവേദനം ചെയ്യുന്നു. ഖുർആനിൽ വന്ന "അവർക്ക് ഇഹലോകത്തും പരലോകത്തും സന്തോഷ വാർത്തകളുണ്ട്" എന്നതിനെ സംബന്ധിച്ച് ഒരാൾ നബി(സ) തിരുമേനിയോട് ചോദിച്ചു. അവിടന്ന് പറഞ്ഞു: ഒരു മുസൽമാൻ സ്വയം കാണുകയോ അല്ലെങ്കിൽ അവനുവേണ്ടി കാണിക്കപ്പെടുകയോ ചെയ്യുന്ന സത്യപൂർണ്ണമായ സ്വപ്നങ്ങളാണ് ഈ ലോകത്തിലെ സന്തോഷവാർത്ത; പരലോകത്തിലേത് സ്വർഗ്ഗവും.

മുഹമ്മദ് നബി (സ)

**യുഗശബ്ദം**



# അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹം

**വാഗ്ദത്ത മസീഹ് (അ)**

"സൂക്ഷ്മബുദ്ധിയുള്ളവർക്ക് നല്ല പോലെ അറിയാവുന്നതുപോലെ, അനുഗൃഹീതരിൽവെച്ച് ഏറ്റവും മുൻനിരയിൽ പ്രവാചകൻമാരും ദൈവദൂതൻമാരുമാണെന്നും, അവന്റെ അനുഗ്രഹം, സ്വർണത്തിന്റെയും, വെള്ളിയുടെയും നാണയങ്ങളുടെരൂപത്തിലല്ല മറിച്ച് അത് ആത്മീയ ജ്ഞാനവും ഉൾക്കാഴ്ചയും അനുഗ്രഹവും പ്രകാശവുമടങ്ങിയതാണെന്നും നിങ്ങളറിയുവിൻ. എല്ലാ പ്രാർത്ഥനാവേളകളിലും നമ്മോട് ഈ പ്രാർത്ഥന നടത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിന്റെ ഉദ്ദേശ്യം നമ്മുടെ പ്രാർത്ഥന സ്വീകാര്യമായിതീരാനും പ്രവാചകന്മാർക്ക് നൽകപ്പെട്ട അനുഗ്രഹങ്ങൾക്ക് നാമും ഭാഗഭാക്കുകളാവാനും വേണ്ടിയാണ്"-

***(തുഹ്ഫ: ബഗ്ദാദ്, പുറം 12)***

മുഖക്കുറിപ്പ്

# വെളിപാടും ദൈവാസ്തിത്വവും

ദൈവമുണ്ടോ എന്ന പ്രശ്നത്തിന് ഏറ്റവും വിശ്വസനീയമായ ഉത്തരം നൽകുന്നത് വെളിപാടുകളാണ്. മറ്റെല്ലാ യുക്തിവാദങ്ങളും തത്വശാസ്ത്രങ്ങളും, ശാസ്ത്രീയ ഗവേഷണങ്ങളും ദൈവമുണ്ട് എന്ന നിഗമനം മാത്രമേ പ്രദാനം ചെയ്യൂ. എന്നാൽ ദൈവം ഉണ്ട് എന്ന ദൃഢബോദ്ധ്യം മനുഷ്യന് നൽകുന്നത് വെളിപാടുകളാണ്. വെളിപാടുകളെ നിഷേധിക്കുന്നത് നിരീശ്വരവാദത്തിന് തുല്യമാണ്. ദൈവത്തെ ആത്മീയമാർഗ്ഗത്തിൽ പ്രാപിക്കലാണ് റസൂൽ തിരുമേനി(സ)യുടെ മാതൃക. വെളിപാടുകളുടെ ലബ്ധിയാണ് അതിന്റെ ഏറ്റവും പാരമ്യാവസ്ഥ. അതല്ലാത്ത മറ്റെല്ലാ അന്വേഷണസമ്പ്രദായങ്ങളും സ്ഥൂലവസ്തുക്കളുടെ അസ്തിത്വം അന്വേഷിക്കാൻ മനുഷ്യനുപയോഗിക്കുന്ന അന്വേഷണ സമ്പ്രദായങ്ങൾ മാത്രമാണെന്ന കാര്യവും നാം പ്രത്യേകം ഓർക്കണം.

ഭൗതികമുന്നേറ്റങ്ങൾ മനുഷ്യന്റെ ആത്മീയശക്തികളെ നിഷ്ക്രിയമാക്കിക്കളഞ്ഞിരിക്കുന്നു. ഉപരിലോകവുമായി യാതൊരു ബന്ധവുമില്ലാത്ത ഈ ആധുനിക കാലഘട്ടത്തിൽ മനുഷ്യൻ സന്ദേഹ വാദത്തിലേക്കും നിർജ്ജീവമായ മതാചാരങ്ങളിലേക്കും, ബാഹ്യമായ തർക്കവിതർക്കങ്ങളിലേക്കും വഴിമാറിപ്പോവുക എന്നത് സ്വാഭാവികമാണ്. അതോടൊപ്പം വെളിപാടുകൾ ഇനിയുണ്ടാവില്ലെന്നും ദൈവം ഇനിയാരോടും സംസാരിക്കില്ലെന്നും പറയുമ്പോൾ മതരംഗം തീർത്തും മൃതപ്രായമായിപ്പോവുന്നു. ദൈവവുമായി ബന്ധമോ ആത്മീയമാർഗ്ഗത്തിലുള്ള ജീവിതാനുഭവമോ ഇല്ലാത്ത ഉലമാക്കന്മാരുടെ ഈ ജല്പനം ഇസ്ലാം മതത്തെ ഒരു മരിച്ച മതമാക്കിമാറ്റിയിരിക്കുന്നു.

സമൂഹത്തിന്റെ ഇത്തരം നിർജീവാവസ്ഥയിൽ വെളിപാടുകൾ കൊണ്ടനുഗ്രഹീതരാവുന്ന പ്രവാചകന്മാരിലൂടെ ദൈവം ഒരു സജീവദൃഷ്ടാന്തമെന്നോണം സ്വയം വെളിപ്പെട്ടുകൊണ്ട് സത്യാന്വേഷികളെ സമാശ്വസിപ്പിക്കുകയും അവർക്ക് മാർഗദർശനം നൽകുകയും ചെയ്യുന്നു. ഈ സമ്പ്രദായമാണ് കാലാകാലങ്ങളിലായി തുടർന്നുവന്നത്. അനന്തനായ ദൈവവും ദൈവത്തിന്റെ ഗുണങ്ങളും നിലനില്ക്കുന്നിടത്തോളം കാലം മനുഷ്യസമൂഹത്തിന് ദിവ്യവെളിപാടുകളുടെ ഈ അനുഗ്രഹം നൽകിക്കൊണ്ടിരിക്കും. അനുഗ്രഹങ്ങളിൽ വെച്ച് ഏറ്റവും വലിയ അനുഗ്രഹമായ ഈ ദൈവികബന്ധം ഇസ്ലാമിലൂടെ സാധ്യമാവും എന്നതാണ് ഇസ്ലാമിന്റെ മഹത്വം. അതിനെ തുടർന്നാണ് മറ്റു സാമൂഹികവും ഭൗതികവുമായ ക്ഷേമങ്ങൾ ഇസ്ലാമിൽ സംജാതമാകുക.

പ്രവാചകന്മാർക്കുണ്ടാകുന്ന ഉന്നതനിലവാരത്തിലുള്ള ദൈവികമായ അറിയിപ്പുകൾക്കാണ് 'വഹ്യ്' എന്നു പറയുന്നത്. ദൈവത്തെ ആത്മാർത്ഥമായി തിരയുന്ന എല്ലാ സത്യവിശ്വാസികൾക്കും ദൈവം ആത്മീയമാർഗ്ഗത്തിൽ പ്രത്യക്ഷനായി ഭവിക്കും. ദിവ്യബോധനം, ദിവ്യദർശനങ്ങൾ, ശാബ്ദികവെളിപാടുകൾ, മുതലായ ആത്മീയ സന്ദേശങ്ങൾ ദൈവത്തിന്റെ സാത്വികരായ ദാസന്മാർക്ക് ദൈവം വരപ്രസാദമായി നൽകും. സാത്വികരല്ലാത്തവരും, ധാർമ്മികജീവിതം നയിക്കാത്തവരുമായ ആളുകളിൽ വരെ ഇത്തരം അനുഗ്രഹങ്ങൾ ദൈവം നൽകുമെന്നിരിക്കെ ദൈവത്തിന് കീഴ്വണങ്ങി സന്മാർഗ്ഗജീവിതം നയിക്കുന്ന ഭക്തന്മാരോട് ദൈവം മിണ്ടാതിരിക്കുമെന്ന് പറയുന്നത് ദൈവനിഷേധത്തിന് തുല്യമാണ്. വിശുദ്ധഖുർആന്റെ പ്രഖ്യാപനം ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. ഖുർആൻ പറയുന്നു:

***'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും, നിങ്ങൾ ഭയപ്പെടേണ്ട വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹികജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ കൂടെയായിരിക്കും. (എന്ന് അവർ പറയും)' (41:30-31)*** ●

ഹദ്റത്ത് അഹ്മദ് (അ)

ലേഖനം

# മോക്ഷം - ദൈവികസ്നേഹത്തിൽ നിന്ന്

ക്രിസ്ത്യാനിയുടെ തത്വമനുസരിച്ച് ലോകത്തെ സ്നേഹിച്ചുകൊണ്ട് അതിന് മോക്ഷം നൽകിയനുഗ്രഹിക്കുന്നതിനായി ദൈവം ചെയ്തിരിക്കുന്ന സംവിധാനം ഇപ്രകാരമാകുന്നു. അതായത് അനുസരണമില്ലാത്തവരുടേയും, സത്യനിഷേധികളുടേയും, ദുർവൃത്തരുടേയും പാപങ്ങൾ ദൈവം തന്റെ പ്രിയ പുത്രനായ യേശുവിന്റെ മേൽ ചുമത്തുകയും, ലോകത്തെ പാപത്തിൽ നിന്നു മോചിപ്പിക്കുന്നതിനായി, അവനെ ശാപത്തിന്റെ മരത്തടിയിൽ തൂക്കുകയും ചെയ്തു. ഈ സിദ്ധാന്തം ഏതു രീതിയിൽ നോക്കിയാലും, അധർമ്മവും ലജ്ജാവഹവുമാകുന്നു. നീതിയുടെ തുലാസ്സിൽ നാം ഇതിനെ വിചിന്തനം നടത്തിയാൽ ഇത് കേവലം അക്രമ രീതിയിലുള്ള ഒരു സംഗതിയാണെന്ന് മനസ്സിലാകുന്നതാണ്. അതായത് സൈദിന്റെ പാപം ബക്കറിന്റെ മേൽ ചുമത്തുന്നതും, ഒരു കുറ്റവാളിയെ വിട്ടുകൊണ്ട് ആ കുറ്റവാളിയുടെ ശിക്ഷ നിരപരാധിക്ക് നൽകുന്നതും, മനുഷ്യമനസാക്ഷി ഒരിക്കലും അംഗീകരിക്കാത്ത കാര്യമാകുന്നു. ഇനി ആത്മീയ തത്വശാസ്ത്രമനുസരിച്ച് പാപത്തിന്റെ പൊരുളിനെ വിചിന്തനം ചെയ്താലും, അതിലും ഈ തത്വം നിഷ്ഫലമാണെന്ന് സ്ഥാപിതമാകുന്നു. കാരണം, യഥാർത്ഥത്തിൽ പാപം ഒരു വിഷമാ കുന്നു. മനുഷ്യൻ ദൈവത്തിന്റെ അനുസരണത്തിൽ നിന്നും, ദൈവത്തിന്റെ തീവ്രമായ സ്നേഹത്തിൽ നിന്നും, സ്നേഹപൂർവ്വമായ ദൈവികസ്മരണകളിൽ നിന്നും, അകന്നുപോകുമ്പോഴാണ് അത് ഉണ്ടായിത്തീരുന്നത്. ഒരു വൃക്ഷം എപ്രകാരം മണ്ണിൽ നിന്നും ഇളകിപോവുകയും ജലം വലിച്ചെടുക്കാൻ അതിന് കഴിയാതെ വരികയും, അങ്ങനെ ദിനം തോറും ഉണങ്ങി ഉണങ്ങി അതിന്റെ പച്ചളിപ്പ് നഷ്ടപ്പെടുകയും ചെയ്യുന്നുവോ അപ്രകാരം മനുഷ്യന്റെ ഹൃദയം ദൈവികസ്നേഹത്തിൽ നിന്ന് പിഴുതെറിയപ്പെടുകയും, അങ്ങനെ ഒരു വരൾച്ചയെന്നോണം പാപം അവനെ കീഴടക്കുകയും ചെയ്യുന്നു. ഈ വരൾച്ചയ്ക്കുള്ള പ്രതിവിധി ദൈവിക പ്രകൃതിനിയമത്തിൽ മൂന്ന് രീതിയിലാണ് വിവരിച്ചിട്ടുള്ളത്. ഒന്ന്, മുഹബ്ബത്ത് (സ്നേഹം) ഇസ്തിഗ്ഫാർ മറ്റേത് മറച്ച് വെയ്ക്കാനുള്ള ആഗ്രഹം അതായത് വൃക്ഷത്തിന്റെ വേരുകൾ ഏത് വരെ മണ്ണിൽ മറഞ്ഞ്കൊണ്ട് ഉറച്ച് കിടക്കുന്നുവോ അത്രയും കാലം അതിന്റെ ഹരിതത്വം നിലനിൽക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. മൂന്നാമത്തെ പ്രതിവിധി തൗബയാകുന്നു. അതായത് ജീ വദായകമായ ജലം വലിച്ചെടുക്കുന്നതിനായി വിനയഭാവത്തോട് കൂടി അല്ലാഹുവിലേക്ക് തിരിയുകയും, സ്വയം അവനിലേയ്ക്ക് അടുക്കുകയും, പാപത്തിന്റെ മറവിൽ നിന്ന് സൽകർമ്മങ്ങളോടുകൂടി പുറത്തു വരികയും ചെയ്യുക. തൗബ, അതായത് പ്രായശ്ചിത്തം നാവ് കൊണ്ട് മാത്രമല്ല മറിച്ച് സൽകർമ്മങ്ങളോടുകൂടിയാണ് പൂർണ്ണമായ തൗബ നിലകൊള്ളുന്നത്. എല്ലാ നന്മകളും തൗബയുടെ പൂർത്തീകരണത്തിനായുള്ളതാണ്. കാരണം ഇതെല്ലാം കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുക എന്നുള്ളതാണ്. പ്രാർത്ഥനയും തൗബയാകുന്നു. ഇതു മുഖേനയും ദൈവത്തിന്റെ സാമിപ്യം കരസ്ഥമാകുന്നു. അതുകൊണ്ടുതന്നെയാണ് മനുഷ്യന്റെ ജീവനെ സൃഷ്ടിച്ച ദൈവം അതിനു 'റൂഹ്' എന്ന് പേർ വെച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ യഥാർത്ഥ ശാന്തി (റാഹത്ത്) നിലകൊള്ളുന്നത് ദൈവത്തെ അംഗീകരിക്കുന്നതിലും, അവന്റെ സ്നേഹത്തിലും, അവനെ പൂർണ്ണമായി അനുസരിക്കുന്നതിലുമാകുന്നു. ഇങ്ങനെ അല്ലാഹുമായി ഒരു ബന്ധം സ്ഥാപിക്കുന്നതുകൊണ്ടാണ് അതിനെ 'നഫ്സ്' ആത്മാവ് എന്നു പറയുന്നത്.

ദൈവത്തെ സ്നേഹിക്കുക എന്നത് തോട്ടത്തിലെ വൃക്ഷം അതിന്റെ മണ്ണിൽ അടിയുറച്ച് നിൽക്കുന്നതുപോലെയാണ്. ഇതുതന്നെയാണ് മനുഷ്യന്റെ സ്വർഗ്ഗം. ഏത്പോലെ വൃക്ഷം മണ്ണിലെ ജലം ഊറ്റിയെടുക്കുകയും, തടിയിലേയ്ക്കു വലിച്ചെത്തിക്കുകയും അതിന്റെ വിഷലിപ്തമായ വായുവിനെ പുറത്തേക്കു തള്ളുകയും ചെയ്യുന്നുവോ അതു

(ശേഷം 13 - ൽ)

ലേഖനം

Revelation, Rationality, Knowledge & Truth

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

# മൗദൂദി : ഇസ്‌ലാമിലെ സെന്റ് പോൾ

**ക്രിസ്തുമതത്തിൽ സെന്റ് പോൾ ന്യായപ്രമാണത്തെ ശപ്തമാണെന്ന് പറഞ്ഞ് നിഷേധിച്ച് കൊണ്ട് മോക്ഷത്തിന്നുള്ള പുതിയ മാർഗ്ഗം കണ്ടെത്തിയതുപോലെ മൗദൂദി പ്രവാചകത്വം ശാപമാണെന്ന് പറഞ്ഞ് പുതിയ വിമോചനമാർഗ്ഗം കണ്ടെത്തുകയാണ്.**

മുഖ്യധാരാ സുന്നി മുസ്‌ലിംകളുടെ പ്രശസ്തായ പണ്ഡിതനാണ് മൗദൂദി. മുഹമ്മദ് നബി (സ)ക്ക് ശേഷം പ്രവാചകത്വത്തെ തീർത്തും അവസാനിപ്പിച്ചത് മനുഷ്യവംശത്തിനുമേലുള്ള ദൈവത്തിന്റെ പ്ര ത്യേകമായ ഒരു അനുഗ്രഹമാണെന്നാണ് അദ്ദേഹം വാദിക്കുന്നത്. അതൊരു വരമാണ്. പ്രത്യേകിച്ചും മുസ്‌ലിംകൾക്ക്. പ്രവാചകന്മാരെ ദൈവം വീണ്ടും അയക്കുമ്പോൾ അദ്ദേഹത്തെ നിഷേധിക്കുക എന്ന കുറ്റത്തിൽ നിന്നും അത് മുസ്‌ലിംകളെ രക്ഷപ്പെടുത്തുന്നു. ദൈവത്തിന്റെ ശാപത്തിന് പാത്രീഭൂതരാവുന്നതിൽ നിന്നും എന്നന്നേക്കുമായി മുസ്‌ലിംകളെ അത് ഒഴിവാക്കുന്നു. മുസ്‌ലിംകൾക്ക് മുമ്പുണ്ടായിരുന്ന ജനതകൾ; ശപ്തരായി തീർന്നത് അവരുടെ കാലത്തുള്ള പ്രവാചകന്മാരെ നിഷേധിച്ചത് കൊ ണ്ടായിരുന്നു. മൗദൂദിയുടെ അത്ത രം വാദങ്ങൾ യുക്തിപരവും ന്യാ യാനുസൃതവുമായതുമായ ഒരു വാദമുഖം എന്നതിനേക്കാൾ ഒരു തമാശയായി മാത്രമേ പരിഗണിക്കാനാവൂ.

മൗദൂദിയുടെ തത്വശാസ്ത്രം അംഗീകരിക്കുകയാണെങ്കിൽ പ്രവാചകത്വം എന്ന സ്ഥാപനം തീർച്ചയായും ഒരു ശാപമാണ്. അല്ലെങ്കിൽ അതിന്റെ നിർത്തലാക്കൽ ഒരു അനുഗ്രഹമായി പറയാൻ അദ്ദേഹത്തിന് കഴിയില്ലായിരുന്നു. ഇത് സെന്റ്പോളിന്റെ രീതിയിലുള്ള ഒരു ചിന്താഗതിയായി തോന്നുന്നു. തോറയുടെ നിയമം ഒരു ശാപമാണെന്ന് അദ്ദേഹം മുദ്രയടിക്കുകയും, യേശുവിനെ രക്ഷകനായി വിശ്വസിച്ചാൽ ആ നിയമത്തിൽ നിന്നും രക്ഷപ്പെടാമെന്നുമായിരുന്നു പോളിന്റെ ചിന്താഗതി. ഇവിടെ ലംഘിക്കപ്പെടാൻ ഒരു നിയമമില്ലെങ്കിൽ നിർവ്വഹിക്കപ്പെടാൻ ഒരു പാപവും അവശേഷിക്കുന്നില്ല എന്നായിരുന്നു സെന്റ് പോൾ വാദിച്ചത്.

ഈ പൊള്ളയായ മൗദൂദിയൻ തത്വശാസ്ത്രം സെന്റ് പോളിൽ നിന്നും ഉദ്ഭവിച്ചതല്ല എന്ന് എങ്ങിനെ കാണാതിരിക്കും. അദ്ദേഹത്തിന്റെ സിദ്ധാന്തം ബഹാവുള്ളയുടെ* രൂപത്തെയും എഴുന്നള്ളിക്കുന്നുണ്ട്. സെന്റ് പോളിന്റെ അഭിപ്രായപ്രകാരം തൗറാത്തിന്റെ നിയമത്തെ നിഷേധിച്ചുകൊണ്ട് മസീഹ് ചെയ്തതെന്താണോ അത് തന്നെയാണ് ഖുർആനിക നിയമങ്ങൾ നിഷേധിച്ചുകൊണ്ട് ബഹാഉല്ലയും ചെയ്തത്. എന്നിട്ട് അദ്ദേഹം ഖുർആനിക ബന്ധനത്തിൽ നിന്നും മനുഷ്യവംശത്തെ മോചിപ്പിക്കുന്ന രക്ഷകനാണെന്നും പ്രഖ്യാപിച്ചു. എന്നിരുന്നാലും അദ്ദേഹം പൂർണ്ണമായും സെന്റ് പോളിനെ അനുകരിച്ചില്ല. കാരണം സെന്റ് പോൾ ഒരിക്കലും ദൈവത്തിന്റെ പങ്ക് മൂർത്തമായി സ്വയം ഏറ്റെടുത്തിരുന്നില്ല. ഈ ദൈവദൗത്യം സെന്റ്പോൾ യേശുവിനാണ് ചാർത്തിക്കൊടുത്തത്. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം യേശു വാസ്തവത്തിൽ വിമോചകനായിരുന്നു. 'പിതാവായ ദൈവം' മനുഷ്യവംശത്തിനെതിരെ ചെയ്തുവെച്ച വിഡ്ഢിത്വത്തിൽ നിന്നും അവരെ വിമോചിപ്പിച്ച വിമോചകനായിരുന്നു യേശു. ദൈവികനി

* **ബഹാവുള്ള :** ഇറാനിൽ ജനിച്ച മിർസാ ഹുസൈൻ അലിയാണ് ബഹാവുള്ളയായി അറിയപ്പെടുന്നത്. വിശുദ്ധ ഖുർആനേയും ഇസ്‌ലാമിക ന്യായപ്രമാണവും ദുർബലപ്പെടുത്തിയ അദ്ദേഹം ബഹായിസം എന്ന പുതിയ മതത്തിന്റെ സ്ഥാപകനായിരുന്നു. ദൈവത്തിന്റെ അവതാരമാണെന്നാണ് വ്യക്തമായും അദ്ദേഹം വാദിച്ചത്. 1850ൽ ഇറാൻ ഗവൺമെൻറ് അദ്ദേഹത്തെ ബാഗ്ദാദിലേക്ക് നാടുകടത്തി. അന്ന് തുർക്കി ഖിലാഫത്തിന്റെ കീഴിലായിരുന്ന ബാഗ്ദാദിൽ നിന്നും അദ്ദേഹത്തെ പലസ്തീനിലെ അക്കോ എന്ന സ്ഥലത്തേക്ക് പോകാൻ തുർക്കി സർക്കാർ നിർബന്ധിക്കുകയും അവിടെ വെച്ച് അദ്ദേഹം മരിക്കുകയും ചെയ്തു. (വിവ:)

യമ (ന്യായപ്രമാണം)ത്തിന്റെ പ്ര ഘോഷണം തന്നെ പാപത്തിന്റെ സൃഷ്ടിപ്പിന്ന് തുല്യമാണ്. ദൈവിക നിയമത്തെ ദുർബലപ്പെടുത്തുക വഴി പാപം കിളിർക്കുന്ന മണ്ണാണ് യേശു നശിപ്പിച്ചിരിക്കുന്നത്. മനുഷ്യവംശത്തെ പാപത്തിൽ നിന്ന് വിമോചിപ്പിക്കുന്ന ഈ ഒരു കൃത്യം നിർവ്വഹിക്കുന്നതിലൂടെ പാപത്തെ സൃഷ്ടിച്ച വിഡ്ഢിത്വത്തിൽ നിന്നും 'പിതാവായ ദൈവത്തെ' രക്ഷിക്കുകയാണ് ചെയ്യുന്നത്.

ബഹാവുള്ള ഈ സിദ്ധാന്തം ഭാഗികമായി മാത്രമാണ് പ്രയോഗിക്കുന്നത്. അദ്ദേഹത്തിന്റെ വാദം ഖുർആനിക നിയമങ്ങൾ വളരെ ദുർവ്വഹമാണെന്നും ആധുനിക കാലഘട്ടത്തിലെ ജനങ്ങളെ സംബന്ധിച്ചേടത്തോളം അതിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്നുമാണ്. മനുഷ്യവംശത്തെ ദുർവ്വഹമായ ഈ 'ഭാര'ത്തിൽ നിന്നും വിമോചിപ്പിക്കുക വഴി മനുഷ്യവംശത്തെ വിമോചിപ്പിച്ചു എന്ന് ബഹാവുള്ള കപടമായി നടിക്കുകയാണ്. പൂർണ്ണമായും അദ്ദേഹം മനുഷ്യവംശത്തെ മോചിപ്പിക്കുന്നില്ല. പഴയനിയമം ദുർബലപ്പെടുത്തി പുതിയ നിയമനിർമ്മാതാവായി ബഹാവുള്ള സ്വയം തന്നെ രംഗത്ത് വരുന്നു. എന്നാൽ അന്തിമവിശകലനത്തിൽ ബഹാവുള്ള ദൈ വത്തെയും തന്നെ തന്നെയും പരിഹസിക്കുന്നതിൽ വിജയിക്കുകയാണ് ചെയ്തത്. ഖുർആനിക നിയമത്തിന്നുപകരം ബഹാവുള്ളയുടെ ശരീഅത്ത് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ഏറെക്കുറെ മനുഷ്യന്റെ സാമാന്യബോധത്തോടും യുക്തിബോധത്തോടും കാര്യകാരണ ബോധത്തോടുമുള്ള തുറന്ന യുദ്ധമാണ്.

സെന്റ് പോളിന്റെ അഭിനവ ശിഷ്യന്മാരായ ബഹാവുള്ള, മൗദൂദി എന്നിവരിൽ ഇസ്ലാം മതത്തിന്റെ യാതൊന്നും തന്നെ അവശേഷിച്ചതായി കാണുന്നില്ല. വിമോചനത്തിന്റെ പേരിൽ ഖുർആനിക നിയമങ്ങൾ ദുർബലപ്പെട്ടതായി ബഹാവുള്ള വാദിക്കുന്നു. അതേ പോളിയൻ സിദ്ധാന്തം ഉപയോഗിച്ചുതന്നെയാണ് മൗദൂദി പ്രവാചകത്വത്തെ ഇല്ലാതാക്കാൻ ശ്രമിച്ചത്. രണ്ട് പേരും ദൈവത്തിന്റെ ദൃഷ്ടിയിൽ അവരുടെ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിൽ പരാജയപ്പെട്ടു. രണ്ട് പേരും മനുഷ്യരുടെ ദൃഷ്ടിയിൽ വലിയ നായകന്മാരായി അഭിനന്ദനം ഏറ്റുവാങ്ങിയവരാണ്. എന്നാൽ ഇവർ രണ്ടുപേരും ആത്മീയരോഗികളുമായിരുന്നു.

എന്നാൽ മൗദൂദി സെന്റ് പോളിനെ പൂർണ്ണമായും പിന്തുടർന്നില്ല. ജനങ്ങൾ ഖുർആനിക നിയമം അനുസരിക്കുന്നതിൽ വീഴ്ച പറ്റിയെങ്കിൽ ദൈവകോപത്തിന് പാത്രമാകുമെന്നതിനാൽ ദൈവം ഖുർആനിക നിയമങ്ങളും അസാധുവാക്കണമെന്ന് നിർദേശിക്കുന്നിടംവരെ മൗദൂദി മുന്നോട്ടുപോയില്ല. അദ്ദേഹം പൗളിയൻ സിദ്ധാന്തം പ്രവാചകത്വത്തിന് മേലെ മാത്രമേ പ്രയോഗിക്കുന്നുള്ളൂ. ഇസ്ലാം മത സ്ഥാപകനായ റസൂൽ തിരുമേനി(സ)ക്ക് ശേഷം ന്യായപ്രമാണമില്ലാത്ത പ്രവാചകന്മാർ വന്നാൽ പോലും; ഭൂരിപക്ഷം മുസ്ലിംകളും അവർക്ക് മുമ്പ് പ്രവാചകന്മാർ വന്നപ്പോൾ നിഷേധിക്കപ്പെട്ടത് പോലെ അവരും വരുന്ന പ്രവാചകനെ നിഷേധിക്കപ്പെടാൻ സാധ്യതയുണ്ട്. മൗദൂദിയുടെ ന്യായപ്രകാരം ഡമോക്ലസിന്റെ വാൾ പോലെ ദൈവത്തിന്റെ ശാപം അവരുടെ തലക്ക് മീതെ തൂങ്ങിനിൽക്കുകയാണ്. മൗദൂദിയുടെ കണക്ക്കൂട്ടൽ അനുസരിച്ച് മുഹമ്മദ് നബി(സ)ക്ക് ശേഷം പ്രവാചകത്വം എന്ന സ്ഥാപനം പൂർണമായും നശിപ്പിക്കുന്നതിലൂടെ പറയാൻ കഴിയാത്ത രീതിയിലുള്ള അനുഗ്രഹമാണ് മനുഷ്യവംശത്തിന്, പ്രത്യേകിച്ച് മുസ്ലിം സമുദായത്തിന് ദൈവം നൽകിയിരിക്കുന്നത് എന്നാണ്.

പ്രവാചകത്വം എന്ന സമ്പ്രദായം അന്തിമമായി നിർത്തലാക്കിയിട്ടില്ലെങ്കിൽ ജനങ്ങൾ ശാപഗ്രസ്തരാവും എന്ന് പറയുന്നത് പ്രവാചകത്വം സ്വയം തന്നെ ശാപമാണെന്ന് പ്രഖ്യാപിക്കുന്നതിന് തുല്യമായിരിക്കും. അതുകൊണ്ട് മൗദൂദിയുടെ നവ പൗളിയൻ തത്വശാസ്ത്രം ആവശ്യപ്പെടുന്നത് ദൈവം പ്രവാചകത്വത്തിന്റെ ശാപം ഒന്നായി നശിപ്പിക്കണം എന്നതാണ്. എന്തൊരു വിമോചനം! എന്തൊരു വീണ്ടെടുപ്പ്. നല്ല വിമോചനം എന്നാണ് ഇതിന്നുള്ള മറ്റൊരു നാമം.

എന്നാൽ ഒരു കാര്യം വ്യക്തമായും മനസ്സിലാക്കണം. ഈ യുക്തിശാസ്ത്രം ഭാവി കാലത്തെ പോലെതന്നെ ഭൂതകാലത്തിനും ബാധകമാണ്. എന്തുകൊണ്ട് ദൈവം യേശു (അ)വിനെ റസൂൽ തിരുമേനി (സ) ക്ക് മുമ്പേ അയച്ചു? യേശുവിനെ നിഷേധിച്ചു എന്ന കുറ്റത്തിന് വി ശുദ്ധ ഖുർആൻ യഹൂദികളെ അസന്നിഗ്ദമായ ഭാഷയിൽ അപലപിക്കുന്നില്ലേ? പുരാതനകാലത്തെ ജനങ്ങൾക്ക് സംഭവിച്ചതെന്താണ്? അവരിലേക്കയക്കപ്പെട്ട ദൈവിക പ്രവാചകന്മാരെ അവർ ധിക്കരിക്കാനും പരിഹസിക്കാനും, നിന്ദിക്കാനും തു നിഞ്ഞില്ലേ? തീർച്ചയായും ഇത് മനുഷ്യന്റെ അഹങ്കാരത്തിന്റെ ദുഃഖകരമായ പ്രതിഫലനം തന്നെ! അതുകൊണ്ട് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

***മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെയടുക്കൽ വരുന്നില്ല' (36:31)***

അത്ഭുതകരമായിട്ടുള്ള കാര്യം. എന്തുകൊണ്ട് ദൈവം മുൻകാലങ്ങളിൽ ഈ ശാപം നിർത്തലാക്കിയില്ല. യഹൂദികളുടെ ചരിത്രത്തിലു

ടനീളം പ്രവാചകന്മാരുമായുള്ള അഭിമുഖീകരണത്തിൻ അവർക്ക് എന്താണ് സംഭവിച്ചത്? ദാവീദ് (അ)ന്റെ നാവിനാൽ യഹൂദികൾ ശപ്തരായില്ലേ? മോസസി(അ)ന്റേയും യേശു(അ)വിന്റേയും കാലഘട്ടങ്ങൾ ക്കിടയിലുള്ള ഗ്രന്ഥാനുസാരികളായ ജനതകൾക്ക് എന്താ ണ് സംഭവിച്ചത്?

വിശ്വവ്യാപകമായി പ്രവാചകന്മാരോട് മനുഷ്യത്വരഹിതമായി പെരുമാറിയ ഈ മാനുഷികപ്രവണത പ്രവാചകത്വം അനുഗ്രഹത്തേക്കാൾ ഒരു ശാപമാണെന്ന് മനസ്സിലാക്കാൻ ദൈവത്തിന് മതിയായിരുന്നില്ലേ? നോഹ(അ)യെയും അബ്രഹാമി(അ)നേയും ലൂത്തി(അ)നേയും എന്തിന്നായിരുന്നു ദൈവം അയച്ചത്? അവരെ നിഷേധിച്ചത് ആ ജനതക്കുമേൽ അല്ലാഹുവിന്റെ ശാപം പതിക്കാൻ കാരണമായിട്ടില്ലേ? നിസ്സാരന്മാരായ ചിലരൊഴിച്ച് അവരെല്ലാം ഭൂമിയിൽ നിന്ന് തുടച്ചുമാറ്റപ്പെട്ടില്ലേ? എന്നിട്ടും മൗദൂദിക്ക് പിടികിട്ടിയ ആശയം ദൈവത്തിനു പിടികിട്ടിയില്ല! കാരണം മൗദൂദിയുടെ വികലമായ മനസ്സായിരുന്നു ഇത്തരത്തിലുള്ള ഒരു ദൈവികമിത്ത് കെട്ടിച്ചമച്ചുണ്ടാക്കിയത്.

ഇത്തരത്തിലുള്ള വികൃതമായ തീരുമാനം അദ്ദേഹത്തിന്റെ മസ്തിഷ്ക്കത്തിന് മാത്രമേ അനുയോജ്യമായിരിക്കുകയുള്ളൂ. ദൈവം പ്രവാചകന്മാരെ ഒന്നിനു പിറകെ മറ്റൊന്നായി അയച്ചുകൊണ്ടേയിരുന്നു. പക്ഷേ അഹങ്കാരിയായ മനുഷ്യൻ ഒന്നിനു പിറകെ മറ്റൊന്നായി അതെല്ലാം നിഷേധിച്ചുകൊണ്ടേയിരുന്നു. അവർ സമ്പാദിച്ച ശാപത്തിന്ന് കുറ്റവാളിയാക്കപ്പെട്ടത് പ്രവാചകത്വത്തിന്റെ സ്ഥാനത്തെയല്ല. അവർ സ്വയംതന്നെയാണ് അതിന്ന് കുറ്റവാളിയാക്കപ്പെട്ടത്.

മാത്രമല്ല ഈ വാദം ശരിയാണെന്ന് കാലത്തിന്റെ ഏതെങ്കിലുമൊരു ബിന്ദുവിൽ വെച്ച് അംഗീകരിക്കപ്പെട്ടെങ്കിൽ അത് ആദം നബി (അ) തൊട്ടുള്ള സമയം മുതൽ അംഗീകരിക്കേണ്ടി വരും. ആദ(അ)മിന്റെ ജനത അദ്ദേഹത്തെ നിഷേധിച്ചുകൊണ്ട് ദൈവകോപത്തിന് പാത്രമാകുമെന്ന ഭയത്താൽ, ആദ(അ)മിനേ തന്നെ ഒരിക്കലും അയക്കാതിരിക്കാനുള്ള മതിയായ ന്യായീകരണമായി അത് തീരുമായിരുന്നു. ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ അനുയായികൾ ചെറിയ പ്രവാചകന്മാരെ നിഷേധിക്കുമെന്ന ഭയമാണ് പ്രവാചകത്വത്തേ മുഴുവൻ നിർത്തിക്കളയാനുള്ള ന്യായമായ കാരണമെങ്കിൽ അതേ ഭീതി തന്നെ ഇസ്ലാം മതസ്ഥാപകരായ മുഹമ്മദ് നബി(സ)യുടെ ആഗമന വഴിയിലും വളരെ ശക്തമായ തടസ്സമായി നിൽക്കുന്നു. അദ്ദേഹമല്ലേ എല്ലാ പ്രവാചകന്മാരേക്കാളും ഏറ്റവും നല്ല പ്രവാചകൻ? തീർച്ചയായും അതെയെന്ന് മുഴുവൻ ഇസ്ലാമികലോകവും സാക്ഷ്യം വഹിക്കുന്നു. പ്രവാചകന്മാരിൽ വെച്ച് പരമോന്നത ശ്രേഷ്ഠൻ എന്ന നിലക്ക് അദ്ദേഹത്തെ നിഷേധിക്കപ്പെടുമ്പോൾ എക്കാലത്തേയും വലിയ ദൈവത്തിന്റെ ശാപമാണ് അവർ ഏറ്റുവാങ്ങുന്നത്. അതിശയകരമെന്ന് പറയട്ടെ. റസൂൽ തിരുമേനി(സ) ജീവിച്ചിരുന്ന കാലത്ത് ലോകത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം പേരും നിഷേധിച്ചുവെന്ന് മാത്രമല്ല. അവിടുത്തെ സത്യം ലോകജനതയുടെ നാലിൽ മൂന്ന് ഭാഗം പേരും ഇപ്പോഴും നിഷേധിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യസമൂഹത്തിലെ നാലിൽ ഒരു ഭാഗം മാത്രമേ റസൂൽ തിരുമേനി(സ)യിൽ വിശ്വസിച്ചവരുള്ളൂ എന്ന് പറയുന്നതായിരിക്കും നന്നാവുക. പക്ഷേ, റസൂൽ തിരുമേനി (സ)യിൽ വിശ്വസിച്ച അവരെ യഥാർത്ഥത്തിൽ മുസ്ലിംകളായി നിർവ്വചിക്കാൻ സാധിക്കുമോ? റസൂൽ തിരുമേനി (സ)യിൽ വിശ്വസിച്ചു എന്ന ഒറ്റക്കാരണത്താൽ അവരെ മുസ്ലിംകളായി ഗണിക്കാനും സാധിക്കുമോ? മൗദൂദി വിചാരിക്കുന്നത് മറ്റൊരു വിധത്തിലാണ്. നൂറുകോടി മുസ്ലിം ജനസംഖ്യയിൽ ഓരോ ആയിരം എണ്ണത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപതും അമുസ്ലിംകളായി തീർന്നിരിക്കുന്നുവെന്നാണ് മൗദൂദിയുടെ കുറ്റപ്പെടുത്തൽ.

*മുസ്ലിംകൾ എന്ന് വിളിക്കപ്പെടുന്നവരുടെ ഈ സമ്മിശ്രസമൂഹം ആയിരത്തിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒൻപതും ഇസ്ലാമിനെ പറ്റി യാതൊന്നും അറിയാത്തവരാണ്. തെറ്റിൽ നിന്നും ശരി ഏതാണെന്ന് തിരിച്ചറിയാൻ കെല്പില്ലാത്തവരാണവർ. അവരുടെ മാനസികവും ധാർമ്മികവുമായ സമീപനം. അല്പം പോലും ഇസ്ലാമികമല്ല. പിതാവിൽ നിന്ന് പുത്രനിലേക്ക് പിതാമഹനിൽ നിന്നും പൗത്രനിലേക്ക് പേരിൽ മാത്രം പരമ്പരാഗതമായി വന്ന മുസ്ലിംകളാണിവർ. അതിൽ കവിഞ്ഞൊന്നുമല്ല. (മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ് പേ. 130)*

മൗദൂദിയുടെ കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിലുള്ള ദൈവത്തിന്റെ പ്രവർത്തനപദ്ധതി പ്രകാരം ദൈവത്തിന്റെ സൃഷ്ടികളായ പാവം മനുഷ്യർ ഒരിക്കലും ശപ്തരാകാതിരിക്കാൻ വേണ്ടി അവന് നല്ലത് യാതൊരു ഗ്രന്ഥവും പ്രവാചകനും അയക്കാതിരിക്കലായിരുന്നു.

എങ്കിലും ആദമി(അ)ന്റെ കാലം മുതൽ അവരിൽപ്പെട്ട ഏറ്റവും നല്ല ആളുടെ കാലം വരെ പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ നീതിബോധത്തിൽ മൗദൂദി സാഹിബ് വിശ്വസിക്കുന്നു. പ്രവാചകന്മാരുടെ നിഷേധം അവരെ

**(ശേഷം 13 – ൽ)**

ലേഖനം

എൻ. അബ്ദുർറഹീം

# ഇഅ്ജാസുൽമസീഹ്

**വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദ് (അ) സുറ ഫാത്തിഹാക്ക് രചിച്ച വ്യാഖ്യാന മാണ് ഇഅ്ജാസുൽ മസീഹ് (മസ്ഹീന്റെ ദിവ്യ ദൃഷ്ടാന്തങ്ങൾ). ആശയസമ്പു ഷ്ടതയിലും സാഹിത്യമേന്മയിലും അനിഷേധ്യമായ ഒരു ദിവ്യാത്ഭുതമായി ആ കൃതി ഇന്നും നിലകൊള്ളുന്നു.**

സൂറാ ഫാത്തിഹായുടെ തഫ്സീർ മുഖേന തന്റെ വാദങ്ങളുടെ സത്യത സ്ഥാപിക്കുന്നതാണെന്നും, ആകാശത്തിൽ നിന്നു മസീഹ് ഇറങ്ങിവരുന്നതു സംബന്ധിച്ചും യോദ്ധ്യമഹ്ദിയുടെ ആവിർഭാവത്തെപറ്റിയുമുള്ള വിശ്വാസങ്ങളുടെ സത്യത അപ്രകാരംതന്നെ പീർസാഹിബും തെളിയിച്ചുകാണിക്കേണ്ടതാണെന്നും 1900 ഡിസമ്പർ 15-ാനു മുതൽ 70 ദിവസത്തിനകം ഈ ഫാത്തിഹാ തഫ്സീർ കൃതി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും ആയിരുന്നു ആഹ്വാനം. രണ്ടു പേരുടെയും ബന്ധവൃത്തങ്ങളിൽ പെടാത്ത മൂന്നു അറബിഭാഷാ പണ്ഡിതന്മാർ ഈ തഫ്സീർ കൃതികൾ പരിശോധിക്കുകയും സാഹിത്യപരമായി ഉന്നതനിലവാരം പുലർത്തുന്നതും ഖുർആനിലെ നിഗൂഢജ്ഞാനങ്ങളും തത്ത്വരഹസ്യങ്ങളും വെളിപ്പെടുത്തുന്നതുമായ വ്യാഖ്യാനകൃതി ആരുടെതാണെന്നു വിധിക്കുകയും വേണം. പീർസാഹിബിന്റെ കൃതിയാണ് മികച്ചതും ദൈവികസഹായം പ്രകടമാക്കുന്നതുമെന്നു തങ്ങൾക്കു ബോദ്ധ്യപ്പെട്ടതായി മാദ്ധ്യസ്ഥ്യവിധികർത്താക്കൾ സത്യപ്രതിജ്ഞ ചെയ്ത് പ്രഖ്യാപിക്കുന്ന പക്ഷം തന്റെ പരാജയത്തിന്റെ അംഗീകാരമെന്നോണം അപ്പോൾതന്നെ 500 രൂപ പീർസാഹിബിനു ഇനാം നൽകുന്നതാണ്. ഈ തഫസീർ മത്സരത്തിനായി പീർസാഹിബ് ലാഹൗറിൽ വന്നു ബുദ്ധിമുട്ടണമെന്നില്ല. ഗോൾഡയിൽ ഇരുന്നുകൊണ്ടുതന്നെ തഫ്സീർ കൃതി രചിച്ചുകൊള്ളാവുന്നതാണ്. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലവി അബ്ദുൽ ജബ്ബാർ ഗസ്നവി, മൗലവി മുഹമ്മദ് ഹസൻ ദീനി തുടങ്ങിയ പ്രശസ്തരായ ഉലമാക്കളുടെ നേരിട്ടുള്ള സഹായം ഇക്കാര്യത്തിൽ സ്വീകരിച്ചുകൊള്ളുന്നതിനും തനിയ്ക്കു വിരോധമില്ല. അറബിസാഹിത്യകുശലന്മാരായ നാലഞ്ചുപേരെ പ്രതിഫലം നൽകി കൂട്ടിനു വിളിക്കുന്നതും കൊള്ളാം. "എഴുപതു ദിവസത്തിനകം സൂറാ ഫാത്തിഹാ വ്യാഖ്യാനം നാലു അദ്ധ്യായങ്ങളിലായി അറബിഭാഷയിൽ എഴുതി പൂർത്തിയാക്കാൻ കഴിയാതെ വരുന്നതു ആരായാലും അതു ഏതു കാരണങ്ങളാലായാലും അയാൾ കപടനാണെന്നു വിധിക്കപ്പെടുന്നതാണ്. ആയാളുടെ കള്ളത്തരത്തിനു മറ്റൊരു തെളിവ് ആവശ്യമായിരിക്കുന്നതല്ല'' (വിജ്ഞാപനം 1900 ഡിസമ്പർ 15).

ഈ വിജ്ഞാപനപ്രകാരം 1901 ഫിബ്രവരി 20-ാം തിയ്യതി തന്നെ ഹദ്റത്ത് അഹ്മദ് (അ) സൂറാ ഫാത്തിഹായുടെ വ്യാഖ്യാനം അറബി ഭാഷയിൽ എഴുതി പ്രസിദ്ധപ്പെടുത്തി. 'ഇഅ്ജാസുൽ മസീഹ്' (46), (മസീഹിന്റെ ദിവ്യ ദൃഷ്ടാന്തം) എന്നാണ് 200 പേജുകൾ വരുന്ന ഈ ഗ്രന്ഥത്തിനു പേർ വെക്കപ്പെട്ടിരുന്നത്. ഈ വ്യാഖ്യാനകൃതി സാഹിത്യപരമായ ഒരു മഹാൽഭുതംതന്നെയാണെന്നു നിഷ്പക്ഷരായ അനേകം പണ്ഡിതന്മാർ അഭിപ്രായപ്പെടുകയുണ്ടായി. ശത്രുക്കൾക്ക് പോലും അതിന്റെ സാഹിത്യപരമായ മേന്മയേയും ആശയഗഹനതയെയും അംഗീകരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ഏതു പരിതസ്ഥിതിയിലാണ് നിശ്ചിത കാലയളവിനുള്ളിൽ വാഗ്ദത്ത മസീഹ് (അ) ഈ യജ്ഞം പൂർത്തിയാക്കിയതെന്നറിയുമ്പോഴാണ് അതിന്റെ മഹത്വത്തിന് മാറ്റു കൂടുന്നത്. എഴുപതു ദിവസത്തിനകം ഇത്തരം ഒരു വ്യാഖ്യാന കൃതി

അറബിഭാഷയിൽ എഴുതി പൂർത്തിയാക്കുക സുസാദ്ധ്യമായ ഒരു കാര്യമായിരുന്നില്ല. എന്നാൽ 30 ദിവസം വരെ വാഗ്ദത്ത മസീഹ് (അ) ഇക്കാര്യത്തിൽ യാതൊരു ശ്രദ്ധയും ചെലുത്തുകയുണ്ടായിട്ടില്ലെന്നും ഒരു വരി പോലും എഴുതുകയുണ്ടായില്ലെന്നും ആണ് ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി പ്രസ്താവിച്ചിട്ടുള്ളത്. നാൽപതു ദിവസം മാത്രം ബാക്കിയുള്ളപ്പോഴാണ് അവിടുന്ന് തഫ്സീർ കൃതി രചിക്കാനുള്ള ശ്രമം തന്നെ ആരംഭിച്ചത്. എന്നാൽ, അപ്പോഴേയ്ക്കും കഠിനമായ രോഗം അദ്ദേഹത്തെ പിടികൂടി. സാധാരണ ഉണ്ടാകാറുള്ള ഉഗ്രമായ തലവേദനയും ക്ഷീണവും! ഒരു പത്തുകൊല്ലക്കാലത്തിനിടയിൽ അത്രയും കഠിനമായ നിലയിൽ ഈ രോഗം അദ്ദേഹത്തെ പിടികൂടിയിരുന്നില്ലെന്ന് ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് (റ) പറയുന്നു. രോഗമൂർച്ഛ കാരണം മരണം ഉറപ്പാക്കിയ ഘട്ടങ്ങളുമുണ്ടായിട്ടുണ്ട്. മൂന്നും നാലും പുതപ്പിട്ടു ശരീരം മൂടിപ്പുതക്കേണ്ടി വന്നിരുന്നു. കൈകാലുകൾ തണുത്തുവിറങ്ങലിക്കുകയും ചെയ്കപതിവായിരുന്നു.

ഹദ്റത്ത് അഹ്മദ് (അ) സാങ്കേതികമായി പറഞ്ഞാൽ ഒരു അറബി ഭാഷാപണ്ഡിതനായിരുന്നില്ലെന്ന് മൗലാനാ അബ്ദുൽകരീം സാഹിബ് (റ) ചൂണ്ടിക്കാട്ടുന്നു. എന്തെന്നാൽ, അദ്ദേഹം ഒരു മദ്റസയിൽ ചേർന്നു പഠിക്കുകയോ അറബിഭാഷാവിദ്വാനെന്ന പ്രമാണപത്രം നേടുകയോ ചെയ്തിരുന്നില്ല. ആ നിലക്ക്, അറബിഭാഷാലോകത്തിലെ പണ്ഡിതാഗ്രേസരന്മാരെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് മികച്ചൊരു സാഹിത്യകൃതി രചിക്കുകയെന്നത് അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഒരൽഭുത കൃത്യം തന്നെയായിരുന്നു. അറബി ഭാഷയിൽ വിവരമില്ലാത്ത ഒരു ഉർദു മുൻഷി എന്നത്രെ ഹദ്റത്ത് അഹ്മദിനെപറ്റി മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി പുച്ഛിച്ചു പറയാറുണ്ടായിരുന്നത്. എന്നാൽ ഇന്ത്യയിലൊട്ടുക്കുമുള്ള അറബിഭാഷാ വിദ്വാന്മാർ ഇവിടെയിതാ ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ മുമ്പിൽ അടിയറവ് പറഞ്ഞിരിക്കുന്നു! അത്യുന്നതമായ അറബിസാഹിത്യനിലവാരം പുലർത്തുന്ന അത്ഭുതകരമായ ഫാത്തിഹാ തഫ്സീർ ഗ്രന്ഥം നിശ്ചിതാവധിക്കുള്ളിൽ അദ്ദേഹം എഴുതി പ്രസിദ്ധം ചെയ്തു. എതിരാളികൾക്കാർക്കുംതന്നെ അതിനോടു കിടനിൽക്കുന്ന ഒന്നു രചിക്കാനൊത്തില്ല.

അറബിഭാഷയിലുള്ള അറിവും പാണ്ഡിത്യവും വാഗ്ദത്ത മസീഹിനെ സംബന്ധിച്ചേടത്തോളം ഒരു ദിവ്യദാനമായിരുന്നു. വാക്കുകളും ശൈലികളും ദിവ്യപ്രചോദനമനുസരിച്ച് അദ്ദേഹം പ്രയോഗിച്ചുകൊണ്ടിരുന്നു. പല വാക്കുകളുടെയും അർത്ഥം പോലും പിന്നീട് നിഘണ്ടുക്കൾ നോക്കിയാണ് അദ്ദേഹം തന്നെയും ഗ്രഹിച്ചിരുന്നത്! അറബി ഭാഷാപടുക്കളും മഹാജ്ഞാനികളുമായിരുന്ന ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി, ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി തുടങ്ങിയ ശിഷ്യന്മാർ ഈ ഭാഷാപടുത്വം കണ്ടു അമ്പരക്കുകയും ഈ സിദ്ധി നിശ്ചയമായും ദൈവദത്തം തന്നെയെന്ന് ഏറ്റുപറയുകയും ചെയ്തിരുന്നു. ഒരിക്കൽ ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി പ്രൂഫ് നോക്കികൊണ്ടിരിക്കെ ഒരു പദത്തിന്റെ പ്രയോഗത്തെക്കുറിച്ചു സംശയം പ്രകടിപ്പിക്കുകയുണ്ടായി. ഗുരുവിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ താൻ എഴുതിയത് എഴുതിയാൽ മതി എന്നും ശബ്ദകോശംനോക്കി ശരിപ്പെടുത്തിക്കൊള്ളണമെന്നും മറുപടി നൽകപ്പെട്ടു. മൗലാനാ സാഹിബ് അവർകൾ ശബ്ദകോശങ്ങൾ പലതും പരിശോധിച്ചപ്പോൾ വാഗ്ദത്ത മസീഹ് (അ) പ്രയോഗിച്ച പദം തികച്ചും ശരിതന്നെയെന്നും അതാണ് അവിടെ ഏറ്റവും യോജിച്ച പദമെന്നും ബോദ്ധ്യപ്പെടുകയുണ്ടായി.

'ആയിനയെകമാലാത്തെ ഇസ്ലാം' എന്ന ഗ്രന്ഥത്തോടനുബന്ധിച്ചെഴുതിയ 'അത്തബ്ലീഗ്' ആണ് ഹദ്റത്ത് അഹ്മദ് (അ) രചിച്ച ആദ്യത്തെ അറബി കൃതി. ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി(റ) ആഗ്രഹം പ്രകടിപ്പിച്ചതിനെ തുടർന്നാണ് അറബ് ദേശക്കാർക്കുള്ള തന്റെ സന്ദേശം അറബിഭാഷയിൽ തയ്യാറാക്കാൻ ഇമാം മഹ്ദി (അ) പ്രചോദിതനായിത്തീർന്നതുതന്നെ. ഹദ്റത്ത് മൗലാന അബ്ദുൽകരീം സാഹിബ് (റ) ഇപ്രകാരം ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ താൻ ഉർദുവിൽ ആദ്യം ലേഖനം എഴുതി തയ്യാറാക്കാമെന്നും പിന്നീട് ഇരുവരും ചേർന്നു അതു അറബിയിലാക്കാമെന്നുമാണ് വിനയബുദ്ധിയായ അവിടുന്ന് പ്രസ്താവിച്ചതത്രെ. എന്നാൽ, സന്ദേശം അറബിഭാഷയിൽതന്നെ രചിക്കാൻ അന്നുരാത്രി വാഗ്ദത്തമസീഹിനു ദിവ്യാജ്ഞ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വന്തത്തിൽതന്നെ 'അത്തബ്ലീഗ്' അദ്ദേഹം രചിക്കുകയാണുണ്ടായത്. അതാകട്ടെ, അതിമഹത്തായ അറബിശൈലിയിലും! അതിന്റെ രചനാഭംഗിയും ശൈലീവിശേഷങ്ങളും അറബ്ദേശത്തെ സമുന്നത സാഹിത്യകാരന്മാരെപ്പോലും ആകർഷിക്കാതിരുന്നില്ല. ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് (റ) പിന്നീട് അതിന്റെ ഫാർസി തർജ്ജമ തയ്യാറാക്കി.

'ഇഅ്ജാസുൽ മസീഹ്' യഥാർത്ഥത്തിൽ വാഗ്ദത്ത മസീഹിന്റെ ഒരു ദിവ്യദൃഷ്ടാന്തമായിരുന്നു. പ്രസ്തുത കൃതിയുടെ പുറംചട്ടയിൽ അറബിഭാഷയിൽ ഇപ്രകാരം ഒരു പ്രവചനം രേഖപ്പെടു

ത്തിയിരുന്നു.

'ഫഇന്നഹുകിതാബുൻ ലൈസ ലഹു ജവാബുൻ ഫമൻ ഖാമ ലിൽ ജവാബി വതനമ്മറ ഫസൗഫ യറാ അന്നഹു തനദ്ദമവതദമ്മറ'

(മറുപടി എഴുതുവാൻ ആർക്കും സാധിക്കാത്ത ഒരു ഗ്രന്ഥമത്രെ ഇത്. മറുപടിക്കായി തുനിയുന്നതാരായാലും നിശ്ചയമായും അയാൾ ലജ്ജിതനും അപമാനിതനുമായി നശിക്കും.)

വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പ്രസ്താവിക്കുന്നു: "ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ പ്രാർത്ഥന നടത്തി. ഈ ഗ്രന്ഥത്തെ ഉലമാക്കൾക്കുള്ള ഒരത്ഭുതദൃഷ്ടാന്തമാക്കി മാറ്റണമെന്നും ഒരു സാഹിത്യകാരനു ഇതിനു തുല്യമായ ഒരു കൃതി രചിക്കാൻ സാദ്ധ്യമാകരുതെന്നും ഇതിനായി ഇച്ഛിക്കുന്നതിനു പോലും അവസരം ലഭിക്കാതാകണമെന്നും ഞാൻ പ്രാർത്ഥിച്ചു. അന്നു രാത്രി തന്നെ എന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകൃതമായിത്തീർന്നു. ഞാൻ സുവിശേഷപരമായ ഒരു സ്വപ്നം ദർശിച്ചു. അതോടൊപ്പം ഇൽഹാം ഉണ്ടായി: 'മനഅഹു മാനിഉൻ മിനസ്സമായി' (ആകാശത്തുനിന്ന് തടയുന്നവൻ അതിനെ തടഞ്ഞു). അപ്പോൾ എനിയ്ക്ക് ഉറപ്പായി, ശത്രുക്കൾ ആരും തന്നെ ഇതിനോട് കിടപിടിക്കുന്ന ഒരു കൃതി രചിക്കാൻ ശക്തരാവുകയില്ലെന്ന്" (ഇഅ്ജാസുൽ മസീഹ്, ഭാ. 26, 27).

'ഇഅ്ജാസുൽ മസീഹ്' പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ പീർ മെഹർ അലീശാ അതിൽ നിന്ന് ഏതാനും വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു അത് 'മഖാമാത്തെ ഹരീരി' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ നിന്നു കവർന്നെടുത്തതാണെന്ന ആരോപണമുന്നയിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ വെല്ലുവിളി സ്വീകരിച്ചു അറബിഭാഷയിൽ 'ഫാത്തിഹാ തഫ്സീർ' രചിക്കാൻ സാധിക്കാതെവന്നപ്പോൾ 'ഇഅ്ജാസുൽ മസീ'ഹിൽ കുറ്റവും കുറവും കണ്ടെത്താനുള്ള ശ്രമത്തിലാണ് പീർ സാഹിബും മുരീദന്മാരും ഏർപ്പെട്ടത്. പീർസാഹിബിന്റെ ശിഷ്യനും ഝലംജില്ലക്കാരനുമായ മൗലവി മുഹമ്മദ് ഹസൻ ദീനി ഇഅ്ജാസുൽ മസീഹിന്ന് മറുപടി എഴുതാനാരംഭിച്ചു. എന്നാൽ, ഇഅ്ജാസുൽ മസീഹിന്റെ പുറംചട്ടയിൽ കാണിച്ച പ്രവചനമനുസരിച്ചു, ഏതാനും പേജുകൾ എഴുതിതുടങ്ങിപ്പോഴേക്കും അയാൾക്ക് ഈ ലോകത്തോട് എന്നന്നേക്കുമായി യാത്ര പറയേണ്ടി വരികയാണുണ്ടായത്!

ഇഅ്ജാസുൽമസീഹിനു മറുപടി എഴുതാനായി പ്രസ്തുത ഗ്രന്ഥത്തിന്റേയും ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹിയുടെ 'ശംസെബാസിഗ' എന്ന ഗ്രന്ഥത്തിന്റെയും തന്റെ പക്കലുള്ള പ്രതികളുടെ മാർജിനുകളിൽ മൗലവി മുഹമ്മദ് ഹസൻ ദീനി നോട്ടുകൾ കുറിച്ചിട്ടിരുന്നു. ഹദ്റത്ത് അഹ്മദ് (അ) തന്റെ വാദങ്ങൾ ഉന്നയിച്ചിട്ടുള്ള സ്ഥലങ്ങളിൽ 'ലഅനത്തുല്ലാഹി അലൽകാദിബീൻ' (കള്ളം പറയുന്നവരിൽ ദൈവശാപമുണ്ടാകട്ടെ!) എന്നും അയാൾ എഴുതി വെക്കുകയുണ്ടായി. ഇപ്രകാരം ശാപവർഷം ചെയ്തു ഒരാഴ്ച പൂർത്തിയാകുന്നതിനുമുമ്പുതന്നെ അയാൾ സ്വയം ശാപമരണത്തിനിരയായി!

മൗലവി മുഹമ്മദ് ഹസൻ ദീനി 'ഇഅ്ജാസുൽ മസീഹി'ന്നു മറുപടിയെഴുതാനെന്നോണം ഇപ്രകാരം പുസ്തകങ്ങളുടെ മാർജിനുകളിൽ എഴുതി കുറിച്ചിട്ട നോട്ടുകളെപറ്റി അറിയാമായിരുന്ന പീർ മെഹർ അലിശാ തന്റെ ഒരു ശിഷ്യൻ മുഖേന ആ രണ്ടു പുസ്തകങ്ങളും മൗലവി ഹസന്റെ ബന്ധുക്കളിൽ നിന്നു വിലയ്ക്ക് വാങ്ങി. മാർജിനുകളിലെ കുറിപ്പുകൾ അപ്പടി പകർത്തുകൊണ്ടു 'സൈഫെചിശ്തിയായി' എന്ന തലക്കെട്ടിൽ തന്റെ പേരിൽ പ്രസിദ്ധപ്പെടുത്തി. മൗലവി മുഹമ്മദ് ഹസന്റെ നോട്ടുകൾ അപ്പടി പകർത്തുകൊണ്ടാണ് തന്റെ ഗ്രന്ഥം അദ്ദേഹം രചിച്ചതെങ്കിലും ആ വസ്തുത വെളിപ്പെടുത്തുകയോ അയാളുടെ പേർ പോലും എടുത്തു പറയുകയോ ചെയ്തിരുന്നില്ല. പീർ സാഹിബ് സ്വന്തം പേരിലിറക്കിയ ഈ പുസ്തകത്തിന്റെ ഒരു പ്രതി വാഗ്ദത്ത മസീഹിനും അയച്ചുകൊടുത്തു. ഇതു സംബന്ധിച്ചു ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതി:

"ഈ പുസ്തകം (സൈഫെ ചിശ്തിയായി) എനിക്കു 1902 ജൂലായ് 1-നു തപാലിൽ അയച്ചുകിട്ടി. 'ഇഅ്ജാസുൽ മസീ'ഹിനും 'ശംസെ ബാസിഗ'ക്കും താൻ മറുപടി എഴുതിയിരിക്കുകയാണെന്നു എന്നെ അറിയിക്കാനെന്നോണമാണ് പീർ മെഹർ അലിശാ ഗോൾഡവി പുസ്തകം എന്റെ പേർക്കയച്ചത്. ഈ പുസ്തകം താൻ കൈപ്പറ്റുന്നതിനുമുമ്പുതന്നെ, അദ്ദേഹം ഇഅ്ജാസുൽ മസീഹിന്നു മറുപടി എഴുതുന്നു എന്ന വിവരം എനിക്കു ലഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കഷ്ടമെന്നേ പറയേണ്ടൂ, എന്റെ ധാരണ ശരിയായി പുലർന്നില്ല. 'സൈഫെ ചിശ്തിയായി' കയ്യിൽ കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ അറബി തഫ്സീർ എങ്ങനെയിരിക്കുന്നുവെന്നു കാണാമല്ലോ എന്നും അദ്ദേഹത്തിന്റെയും എന്റെയും തഫ്സീറുകളുടെ യഥാർത്ഥ നിലയും നിലവാരവും വെളിപ്പെടുമാറാകുമല്ലോ എന്നും കരുതി കൗതുകപൂർവ്വം ഞാൻ പുസ്തകം തുറന്നുനോക്കിയപ്പോൾ അതു ഉർദുഭാഷയിൽ രചിച്ചതായിട്ടാണ് കണ്ടത്. അതിലാകട്ടെ, ഫാതിഹാ വ്യാഖ്യാനത്തിന്റെ കണികപോലും ഉണ്ടായിരുന്നുമില്ല. അപ്പോൾ, പീർസാഹിബിന്റെ നിലയോർ ത്ത് എനിയ്ക്കു കരച്ചിൽവന്നു" (നുസൂലുൽമസീഹ്).

'സൈഫെ ചിശ്തിയായി'ൽ

പീർസാഹിബ് ഉന്നയിച്ച ആരോപണങ്ങൾക്ക് ഹദ്റത്ത് അഹ്മദ് (അ) 'നുസൂലുൽമസീഹ്' (47) എന്ന കൃതിയിൽ സുവിശദമായ മറുപടി നൽകി. ഇരുനൂറു പുറങ്ങളുള്ള ഒരു അറബി ഗ്രന്ഥം ഉന്നത സാഹിത്യനിലവാരത്തിൽ ചമൽകാരപൂർവ്വം രചിക്കാൻ സാധിച്ച ഒരാൾക്ക് മറ്റൊരാളുടെ പുസ്തകത്തിൽ നിന്നു ഏതാനും വാചകങ്ങൾ കവർന്നെടുക്കേണ്ട ആവശ്യമില്ലെന്നു വാഗ്ദത്ത മസീഹ് വ്യക്തമാക്കി.

വാഗ്ദത്ത മസീഹ് (അ) 'മഖാമാത്തെ ഹരീരി'യിൽ നിന്ന് ഏതാനും വാചകങ്ങൾ കവർന്നെടുത്തു തന്റെ ഗ്രന്ഥത്തിൽ ചേർത്തതായി പീർ മെഹർ അലിശാ ആരോപണ മുന്നയിച്ചപ്പോൾ അദ്ദേഹത്തിനു ദൈവികമായ കടുത്തൊരു തിരിച്ചടിയാണ് ഏൽക്കേണ്ടി വന്നിരുന്നത്. എന്തെന്നാൽ, പീർസാഹിബ് എഴുതിയ 'സൈഫെ ചിഷ്തിയായി' എന്ന ഗ്രന്ഥം അപ്പടി മറ്റൊരാളുടെ കൃതിയുടെ തനി പകർപ്പാണെന്നും അതു തന്റെ പേരിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ട് അദ്ദേഹം കടുത്ത

***

*(6 - ൽ നിന്ന് തുടർച്ച)*

പോലെയാണ് മനുഷ്യഹൃദയത്തിന്റെ അവസ്ഥയും ഉള്ളത്. മനുഷ്യൻ ദൈവസ്നേഹത്തിന്റെ വെള്ളം ഊറ്റിയെടുത്തുകൊണ്ട് പാപങ്ങളുടെ വിഷാംശങ്ങളെ തന്നിൽ നിന്നും പുറംതള്ളുവാൻ ശക്തനായിതീരുന്നു. ഇതുമുഖേന എളുപ്പത്തിൽ പാപബാധയിൽ നിന്ന് അവൻ രക്ഷപ്പെടുന്നു. അല്ലാഹുവിൽ ആയിക്കൊണ്ട് പരിശുദ്ധമായ വളർച്ച പ്രാപിക്കുകയും, വളരുകയും, ആനന്ദകരമായ പച്ചപ്പ് കാണിക്കുകയും ചെയ്യുന്നു. നല്ല ഫലങ്ങൾ നൽകുകയും ചെയ്യുന്നു. എന്നാൽ അല്ലാഹുവുമായി ബന്ധമില്ലാത്തവൻ ഇങ്ങനെ വളരുവാനുള്ള വെള്ളം വലിച്ചെടുക്കാൻ പ്രാപ്തനായിരിക്കുകയില്ല. അങ്ങനെ ദിനം തോറും ശോഷിച്ചുകൊണ്ടേ പോവുകയും, അവസാനം ഇലകളെല്ലാം കൊഴിഞ്ഞു ശുഷ്കിച്ചു വികൃതമായ ശാഖകൾ മാത്രം അവശേഷിക്കുന്നു.

***(എസ്സൻസ് ഓഫ് ഇസ്ലാം പേ. 277-279)***

ചുരുക്കത്തിൽ യഥാർത്ഥത്തിലുള്ള മോക്ഷം അല്ലാഹുമായിട്ടുള്ള വ്യക്തിപരമായ സ്നേഹത്തിലാണ് നിലകൊള്ളുന്നത്. അത് വിനയം, നിരന്തരമായ പാപപ്പൊറുതിയും മുഖേന ദൈവത്തിന്റെ സ്നേഹം തന്നിലേക്ക് വലിച്ചടിപ്പിക്കുന്നു. മനുഷ്യൻ പൂർണ്ണമായ നിലയിൽ തന്റെ സ്നേഹത്തിലെത്തിച്ചേരുകയും, ദൈവിക സ്നേഹത്താൽ തന്നിലുള്ള വികാരങ്ങളെ കരിയിച്ചുകളയുകയും ചെയ്യുമ്പോൾ അല്ലാഹു സ്നേഹിക്കുന്ന ആ വ്യക്തിയുടെ ഹൃദയത്തിൽ ദൈവികസ്നേഹം ഒരു തീക്കനൽ രൂപത്തിൽ വീഴുകയും ചെയ്യുന്നു. അപ്പോൾ ഭൗതികജീവിതത്തിലെ അഴുക്കുകളിൽ നിന്ന് പുറത്തുകൊണ്ടുവരുന്നു. ഹയ്യും, ഖയ്യൂം ആയ അല്ലാഹുവിന്റെ പരിശുദ്ധിയുടെ നിറം അവന്റെ ആത്മാവിൽ നിറയ്ക്കുന്നു. കൂടാതെ സകല ദൈവികഗുണങ്ങളും പ്രതിഛായാരൂപത്തിൽ അവനെ പ്രതിഫലിക്കപ്പെടുന്നു. അപ്പോൾ ദൈവികപ്രതാപത്തിന്റെ പ്രകടനമായി തീരുകയും, ദൈവികപരിരക്ഷണത്തിൽ അത് വരെ ഗോപ്യമായിരുന്ന അതീവരഹസ്യങ്ങൾ ലോകത്ത് വെളിപ്പെടാൻ തുടങ്ങുകയും ചെയ്യുന്നു.

***(എസ്സൻസ് ഓഫ് ഇസ്ലാം പേ. 262)***

**വിവ: നജീബ്ഖാൻ, വാഴക്കല**

●



വഞ്ചനയും കള്ളത്തരവും പ്രയോഗിച്ചിരിക്കയാണെന്നുമുള്ള ഭയങ്കരമായ ഒരപവാദത്തിനു അദ്ദേഹം വിധേയനായി. വാഗ്ദത്ത മസീഹിനെ അപമാനിക്കാൻ തുനിഞ്ഞ പീർ സാഹിബിനു വന്നുപെട്ട ഈ അപമാനഭാരം ഒരൽഭുത ദൃഷ്ടാന്തത്തിൽ കുറഞ്ഞതായിരുന്നില്ല. ദീർഘകാലം നിലനിന്ന ഒരു അപകീർത്തി ക്കേസ്സിന്റെ ആരംഭമായിരുന്നു ഇത്!

***('ഹ:അഹ്മദ്' എന്ന ഗ്രന്ഥത്തിൽ നിന്ന്)***

●

***

*(9-ൽ നിന്ന് തുടർച്ച)*

നിഷേധിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കോപം പതിക്കാൻ കാരണമാവുന്നുവെങ്കിൽ നിഷേധിക്കപ്പെടുന്ന പ്രവാചകന്മാരുടെ ലിസ്റ്റിൽ ഒരാൾ കൂടി കൂടുന്നത്കൊണ്ട് എന്ന് പ്രത്യേക കുഴപ്പമാണ് ഉണ്ടാകുന്നത്? പക്ഷേ മൗദൂദിയിലുള്ള ഒരു വൈരുദ്ധ്യം കണ്ണിലെ കരടായിത്തീരുന്നു. അതായത് ദൈവത്തിന്റെ ഒരു പ്രവാചകൻ എന്ന നിലക്ക് യേശുവിന്റെ പുനരാഗമന വിശ്വാസം അദ്ദേഹം കണ്ടുപിടിക്കുമ്പോഴാണ് ഈ നേത്രപീഢ സംഭവിക്കുന്നത്.

പഴയ യേശു(അ)വിന് പകരം ന്യായപ്രമാണമില്ലാത്ത ഒരു പുതിയ പ്രവാചകനെ മുസ്ലിംകൾക്കിടയിൽ നിന്ന് എഴുന്നേൽപിച്ചാൽ ഈ ശപ്തമാക്കലിന്റെ മഹത്തായ ശാശ്വതനിയമം അദ്ദേഹത്തിന് എങ്ങിനെ മാറ്റിത്തിരുത്താനൊക്കും? ആദമിനു ശേഷം വന്ന എല്ലാ പ്രവാചകന്മാരുടെ കാലത്തും ദൈവത്തിന്റെ ഈ ശാശ്വത ശപ്തനിയമം പ്രവർത്തിച്ചിരിക്കെ മുഹമ്മദ് നബി(സ)ക്ക് ശേഷം മുസ്ലിം സമുദായത്തിൽ നിന്നു തന്നെ വരുന്ന ന്യായപ്രമാണമില്ലാത്ത ഒരു പ്രവാചകന്റെ വരവിനെ മാത്രം എന്തിന് എതിർക്കണം?

●

ലേഖനം

മഹ്മൂദ്, കൽക്കുളം

# ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ജീവൽപ്രവാചകൻ

**റസൂൽ തിരുമേനി(സ)യാണ് ജീവൽ പ്രവാചകൻ. മനുഷ്യന് ആത്മീയമോക്ഷം ലഭിക്കാൻ ഏറ്റവും അനുയോജ്യനും അനുകരണീയനുമായ ശാശ്വതമാതൃകയാണ് റസൂൽ തിരുമേനി(സ)**

ജീവിതവും സന്ദേശവും സമുചിതം സമന്വയിപ്പിച്ച മഹാപ്രവാചകനാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ). താൻ ലോകസമക്ഷം സമർപ്പിച്ച ജീവിതദർശനങ്ങൾ, മനോഹരമായി സ്വജീവിതത്തിൽ അവിടുന്ന് പ്രയോഗവൽക്കരിച്ചു. വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളിൽ, വൈജാത്യമാർന്ന സ്വഭാവമഹിമകളും വെളിപ്പെടുത്തുകയാണ് നബി (സ) തിരുമേനി ചെയ്തത്. അവിടുത്തെ ജീവിതമാതൃക സമ്പൂർണ്ണവും ഉദാത്തവുമാണ്. സമസ്ത മനുഷ്യർക്കും അതിൽ നിന്ന് മാർഗദർശനം ലഭിക്കുന്നു. മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യമായ ദൈവോപലബ്ധിക്കു നബി(സ) തിരുമേനിയുടെ മാതൃകയെ അനുകരിക്കേണ്ടത് അനിവാര്യനിബന്ധനയാകുന്നു. ഇതു സംബന്ധമായി വിശുദ്ധ ഖുർആൻ പറയുകയാണ്: *"നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഉത്തമമാതൃകയുണ്ട്; അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നതാരോ അവർക്ക്." (33:22)*

*"പറയുക നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു"* (3:32) നബി(സ) തിരുമേനിയെ അനുപദം അനുകരിക്കുന്നവരെ ദൈവം തന്റെ പ്രേമഭാജനമാക്കുന്നതാണെന്നും ദൈവത്തെ സ്നേഹിക്കുന്നു എന്ന വാദം അന്വർത്ഥമാകുന്നത് നബി(സ) തിരുമേനിയെ പിന്തുടർന്നു ജീവിക്കുമ്പോഴാണെന്നും മേൽ ഖുർആനികസൂക്തം വിളംബരം ചെയ്യുന്നു. നബി(സ) തിരുമേനിയുടെ ജീവിതത്തിലെ അനക്കവും അടക്കവുമെല്ലാം ദൈവതൃപ്തിലഭിക്കാനുള്ള വഴികളാണ്. തന്മൂലം ദൈവതൃപ്തി കൈവരിക്കുവാൻ നബി(സ) കാണിച്ചുതന്ന പാതയിലൂടെ ചരിക്കേണ്ടത് അനുപേക്ഷണീയമാകുന്നു.

### ഇൻസാനെ കാമിൽ - പരിപൂർണ്ണ മനുഷ്യൻ

സർവ്വഗുണസമ്പൂർണ്ണനും സൃഷ്ടികുലോത്തമനും സർവ്വനന്മകളുടെയും വിളനിലവുമാണ് നബി(സ) തിരുമേനി. മനുഷ്യന് എത്തിപ്പിടിക്കാവുന്ന ആത്മീയതയുടെ പരമോന്നതപദത്തിൽ വിരാജിക്കുന്ന അദ്ദേഹം, തനിക്ക് പ്രദാനം ചെയ്യപ്പെട്ട കഴിവുകളോരോന്നും അതിന്റെ പരിപൂർണ്ണതയിലെത്തിക്കുകയും ചെയ്തു. ജൈവികവും മാനുഷികവുമായ സവിശേഷതകളെല്ലാമുൾക്കൊണ്ട വ്യക്തിക്ക് മാത്രമെ തന്നെപ്പോലുള്ള ഇതര മനുഷ്യർക്ക് മാതൃകയാകാൻ സാധിക്കുകയുള്ളൂ. മാനുഷികമായ സത്തയിലും ഘടനയിലും സൃഷ്ടിക്കപ്പെട്ടവർക്കു, അമാനുഷനായ ഒരസ്തിത്വത്തെ അനുകരിക്കുന്നതിന് ഒരിക്കലും സാധിക്കുകയില്ല. ദൈവത്തിന്റെ പൂർണ്ണമോ ഭാഗികമോ ആയ അവതാരങ്ങളായിട്ടാണ് മറ്റു മതസ്ഥർ തങ്ങളുടെ മതഗുരുക്കന്മാരെ ചിത്രീകരിക്കുന്നത്. എന്നാൽ മനുഷ്യാതീതരായവരെ പിൻപറ്റി ജീവിക്കാനാവുമെന്ന വാദം കേവലം യുക്തിശൂന്യവും അപ്രായോഗികവുമാണ്. ദൈവദൂതന്മാർ സന്മാർഗവുമായി ജനങ്ങളുടെയടുക്കൽ ചെന്നപ്പോൾ നിഷേധികളുടെ പ്രതികരണം വിശുദ്ധ ഖുർആൻ ഒരിടത്ത് ഇപ്രകാരം അനാവരണം ചെയ്യുന്നുണ്ട്. *'ഞങ്ങളെപ്പോലെ ഭക്ഷണം കഴിക്കുകയും അങ്ങാടിയിൽ നടക്കുകയും ചെയ്യുന്ന ഒരാളെ പ്രവാചകനാക്കുകയോ? എന്തുകൊണ്ട് ഒരു മലക്കിനെ താക്കീതുകാരനായി ഇറക്കപ്പെടുന്നില്ല!'* നിഷേധികളുടെ ഈ ആക്ഷേപത്തിന്, ഭൂമിയിൽ മലക്കുകളാണ് നിവസിക്കുന്നതെങ്കിൽ പ്രവാചകനായി മലക്കുകളെ നിയോഗിക്കുമായിരുന്നു എന്ന അർത്ഥത്തിൽ നൽകപ്പെട്ടിരിക്കുന്ന മറുപടി ചിന്താർഹമാണ്. ദൈവം മനുഷ്യന് പ്രദാനം ചെയ്തിരിക്കുന്ന പ്രാപ്തി

കളുടെയെല്ലാം പരിപോഷണത്തിലൂടെ ഉന്നതിയിലെത്തിയ ഒരു പൂർണ്ണ മനുഷ്യന് മാത്രമാണ് മനുഷ്യകുലത്തിന് മാർഗദർശിയാകാൻ സാധിക്കുന്നത്. ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) ലോകത്തോട് പ്രഖ്യാപിച്ചത് ഞാൻ നിങ്ങളെപ്പോലുള്ള മനുഷ്യൻ മാത്രമാണ്, എന്നെ പിന്തുടർന്നു ജീവിതം നയിക്കുവീൻ, നിങ്ങൾക്ക് ദൈവപ്രീതി കരസ്ഥമാക്കാം എന്നതാണ്.

## യുക്തി നിർഭരമായ പ്രഖ്യാപനം

ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ഇപ്രകാരം വിളംബരം ചെയ്തു: *"പറയുക, തീർച്ചയായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് സന്ദേശം നല്കപ്പെടുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ അയാൾ സൽകർമ്മങ്ങൾ ചെയ്തുകൊള്ളട്ടെ. അവൻ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ."* (18:11)

ദൈവത്തിന്റെ ഏകതാവിലാസം ഉയർത്തികാട്ടുന്നതോടൊപ്പം മനുഷ്യനെ അത്യുദാരമായ സ്ഥാനത്തേക്കുയർത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട് വിശുദ്ധ ഖുർആൻ. നബി(സ) തിരുമേനി മുഖേന ലോകത്തിന്റെ മുന്നിൽവെച്ച് ഈ പ്രഖ്യാപനത്തിൽ താഴെ പറയുന്ന കാര്യങ്ങളുൾകൊണ്ടിരിക്കുന്നു.

ഒന്ന് : 'ഞാനും നിങ്ങളെപ്പോലുള്ള മനുഷ്യനാണ്' എന്ന വിളംബരത്തിലടങ്ങിയിരിക്കുന്നത്, മാനുഷികമായ പരിധികളും പരിമിതികളുമുള്ള വ്യക്തിതന്നെയാണ് ഞാനും; എനിക്ക് അമാനുഷികശക്തിയുള്ളതായി ഞാൻ അവകാശപ്പെടുന്നില്ല എന്നാണ്.

രണ്ട് : എന്റെ ശക്തി ദൈവം എന്നോട് സംസാരിക്കുന്നു, അവൻ എന്നെ സഹായിക്കുന്നു, അവന്റെ പ്രഭാവം എന്നിലൂടെ വെളിപ്പെട്ടിരിക്കുന്നു എന്നതാണ്.

മൂന്ന് : വല്ലവനും തന്റെ നാഥനുമായി ബന്ധം പുലർത്താനാഗ്രഹിക്കുന്നുവെങ്കിൽ, അവൻ എന്നെ മാതൃകയാക്കുകയും ഞാൻ ചെയ്തതുപോലെ സൽ കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. തന്റെ രക്ഷിതാവിനെ ആരാധിക്കുന്ന കാര്യത്തിൽ ഞാൻ കാണിച്ചുതന്നതുപ്രകാരം അവനോടൊപ്പം മറ്റൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. ദൈവൈക്യപ്രാപ്തിയിലൂടെ തന്റെ സൃഷ്ടിയുദ്ദേശ്യം അർത്ഥപൂർണ്ണമാക്കുവാൻ മനുഷ്യനോട് വിശുദ്ധ ഖുർആൻ നിരന്തരം ആഹ്വാനം ചെയ്യുന്നുണ്ട്. പ്രസ്തുത ലക്ഷ്യസാക്ഷാൽക്കാരത്തിന്, ഒരു മാതൃകയെന്നോണം ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയെ വിശുദ്ധ ഖുർആൻ മുന്നോട്ടുവെക്കുകയും ചെയ്യുന്നു.

## സ്തുതർഹ്യമായ പ്രവർത്തനം

വർഷപാതം ഭൂമിയെ ഹരിതാഭമാക്കി തീർക്കുന്നതുപോലെ ദിവ്യവെളിപാടുകളുടെ സ്വീകർത്താക്കളായ ദൈവദൂതന്മാരുടെ ആഗമനത്തോടെ ആത്മീയമായ നിശ്ചേതനാവസ്ഥയിൽ വ്യതിയാനം സംഭവിക്കുന്നു. ആകാശീയമായ പ്രകാശപ്പൊലിമയിലേക്ക് യോഗ്യത നേടിയ ഹൃദയങ്ങൾ ആകർഷിക്കപ്പെടുന്നു. ദൈവദൂതന്മാരുടെ ആഗമനകാലഘട്ടവും പിന്നീടവരുണ്ടാക്കിയ മാറ്റവും ഇതിനുള്ള ജീവൽദൃഷ്ടാന്തങ്ങളാണ്. തികച്ചും നിർജ്ജീവരായിതീർന്നിരുന്ന ജനതയിലേക്കാണ് നബി (സ) തിരുമേനി ആഗതനായത്. അജ്ഞതയിലും അന്ധകാരത്തിലും ആഭാസകരങ്ങളായ പാപകർമ്മങ്ങളിലുമകപ്പെട്ടിരുന്ന ഒരു ജനവിഭാഗത്തെ അവിടുന്ന് ആത്മീയവിഹായസ്സിൽ പറക്കുന്ന പറവകളാക്കി മാറ്റിയെടുക്കുകയുണ്ടായി. ഇതു സംബന്ധിച്ച് വാഗ്ദത്ത മഹ്ദീ മസീഹ് (അ) ഇപ്രകാരം വിവരിക്കുന്നു:

*"നബി(സ) തിരുമേനിയുടെ ഒന്നാമത്തെ ഉദ്ദേശ്യം അറേബ്യയുടെ സംസ്കരണമായിരുന്നു. അക്കാലത്ത് അറേബ്യയുടെ സ്ഥിതി ശോചനീയവും ഭയാനകവുമായിരുന്നു. എല്ലാതരം തിന്മകളും അവരിലുണ്ടായിരുന്നു. കള്ളവും കൊള്ളയും കൊലയും അവരുടെ ദൈനംദിന ജീവിതചര്യകളായിരുന്നു. ഒരു എറുമ്പിനെ കാൽ കൊണ്ടു ചതച്ചരക്കുന്ന ലാഘവത്തോടെയായിരുന്നു അവർ കൊലകൾ നടത്തിയിരുന്നത്. അനാഥശിശുക്കളെക്കൊണ്ട് അവരുടെ സ്വത്ത് അപഹരിച്ചിരുന്നു. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. വ്യഭിചാരം ചെയ്തു അതിൽ അഭിമാനം കൊണ്ടിരുന്നു. തങ്ങളുടെ കവിതകളിൽ അഭിമാനപുരസ്സരം ഇത്തരം നീചകർമ്മങ്ങളെക്കുറിച്ച് അവർ പ്രതിപാദിക്കാറുണ്ടായിരുന്നു. മദ്യപാനം നടക്കാത്ത ഒരു ഭവനം ഉണ്ടായിരുന്നില്ല. ചൂതുകളിയിൽ അവർ വളരെ മുൻപന്തിയിലായിരുന്നു. കാട്ടുമൃഗങ്ങളും കൊടിയസർപ്പങ്ങളും ചെന്നായ്ക്കളും ഇവരുടെ കാര്യത്തിൽ ലജ്ജിതരായിരുന്നു. ഇത്തരത്തിലുള്ളവരുടെ സ്വഭാവ സംസ്കരണത്തിന്നായിരുന്നു നമ്മുടെ നബി(സ) നിയുക്തനായിരുന്നത്. തന്റെ ആന്തരികശ്രദ്ധ മൂലം അദ്ദേഹം അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കാൻ തുടങ്ങി. കുറഞ്ഞ ഒരു കാലഘട്ടത്തിൽ അവരിൽ അതിമഹത്തായൊരു പരിവർത്തനം സംജാതമായി. പിന്നീടവർ സംസ്ക്കാരസമ്പന്നരായ മനുഷ്യരായി. അതിന് ശേഷം അവർ ദൈവിക*

**(ശേഷം 25-ൽ)**

ലേഖനം

മൗലവി മുഹമ്മദ് ഫാറൂക്ക് എച്ച്.എ.

# മഹ്ദി, മസീഹിന്റെ ആഗമനകാലം ഖുർആനിലും ഹദീസുകളിലും

**ഇസ്‌ലാമികപ്രമാണങ്ങളായ ഖുർആനിലും ഹദീസിലും പറയപ്പെട്ട മഹ്ദി മസീഹിന്റെ ആഗമനത്തെക്കുറിച്ചുള്ള നിരവധി പ്രവചനങ്ങൾ ലേഖകൻ വിശദീകരിക്കുന്നു.**

ഖുർആൻ പറയുന്നു: *അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ - അറബികളിൽ - അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചയച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് ഓതികൊടുക്കുകയും, അവരെ പരിശുദ്ധരാക്കുകയും, അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിനു മുമ്പ് അവർ പ്രത്യക്ഷമായ വഴികേടിലായിരുന്നുവെങ്കിലും. അവരോടൊപ്പം ഇതുവരെ വന്നു ചേർന്നിട്ടില്ലാത്ത, അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ നിയോഗിച്ചയക്കുന്നതാണ്) അവൻ പ്രതാപവാനും അഗാധജ്ഞനുമാണ്. അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. താൻ ഉദ്ദേശിക്കുന്നവർക്ക് അവനതു നൽകുന്നു." (സൂറ ജുമുഅ)*

ജനങ്ങൾ വഴിപിഴച്ചുപോകുമ്പോൾ അവരെ സത്യമാർഗത്തിലേക്ക് നയിക്കുന്നതിന്നുവേണ്ടി നബിമാരെ നിയോഗിച്ചയക്കുന്നത് അല്ലാഹുവിന്റെ മഹത്തായൊരു അനുഗ്രഹമാണെന്ന് പ്രസ്തുത ഖുർആൻ വചനങ്ങളുടെ അവസാനത്തിൽ സൂചിപ്പിക്കുന്നു. അറബികൾ വഴികേടിലായിരുന്നപ്പോൾ, അവരിലേക്ക് നബിതിരുമേനി (സ)യെ നിയോഗിച്ചതുപോലെ, അവരോടൊപ്പം ഇതുവരെ വന്നു ചേർന്നിട്ടില്ലാത്ത മറ്റൊരു ജനതയിലേക്കും, അവർ വഴികേടിലാകുമ്പോൾ, നബിതിരുമേനി(സ)യെ അല്ലാഹു നിയോഗിച്ചയക്കുന്നതാണെന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. എന്നാൽ നബിതിരുമേനി (സ) വഫാത്തായശേഷം, അദ്ദേഹത്തെ തന്നെ, വീണ്ടും ജീവിപ്പിച്ചയക്കുമെന്നല്ല ഇതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. പ്രവചനങ്ങളിലധികവും ആലങ്കാരികവും, ആന്തരാർത്ഥങ്ങൾ ഉൾകൊള്ളുന്നവയുമായിരിക്കും. അത് മനസ്സിലാക്കാൻ ശ്രമിക്കാതെ പ്രവചനങ്ങൾ ബാഹ്യാർത്ഥത്തിൽ തന്നെ പൂർത്തിയാകണമെന്ന് ശഠിക്കുന്നവർക്ക് ഒരിക്കലും സത്യം സ്വീകരിക്കുവാനുള്ള സൗഭാഗ്യം ലഭിക്കാറില്ല. യഹൂദികൾക്കും, ക്രിസ്ത്യാനികൾക്കും പറ്റിയ അബദ്ധം അതായിരുന്നു. യഹൂദികൾ ഇന്നും ഏലിയാപ്രവാചകനേയും മസീഹിനേയും ആ പ്രവാചകനെന്നറിയപ്പെടുന്ന ഹദ്‌റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയേയും കാത്തുകൊണ്ടിരിക്കുന്നു. ഏലിയാപ്രവാചകന്റെ പ്രതിരൂപത്തിൽ വന്ന യഹ്‌യാ, നബിയെ, യഹൂദികൾ സ്വീകരിച്ചില്ല. ഏലിയാ പ്രവാചകൻ ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നും അദ്ദേഹം തന്നെ ഇറങ്ങിവരുമെന്നും അവർ വിശ്വസിക്കുന്നു. ഏലിയാവ് വന്നശേഷമേ മസീഹും ആ പ്രവാചകനും വരികയുള്ളൂ എന്നാണ് ഇന്നും അവർ പറയുന്നത്. ഇതേ അർത്ഥത്തിൽ നബിതിരുമേനി തന്നെ വരുമെന്നല്ല ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. പ്രസ്തുത ഖുർആൻ വചനങ്ങൾ അവതരിച്ചപ്പോൾ, മറ്റൊരു ജനതയിലും നബിതിരുമേനി(സ)യുടെ നിയോഗമുണ്ടാകുമെന്ന് പറഞ്ഞത് പരിശുദ്ധ സഹാബത്തിന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അപ്പോൾ അവർ നബിതിരുമേനി(സ)യോടു ഇപ്രകാരം ചോദിച്ചു 'മൻ ഹാ ഉലായി യാ റസൂലുല്ലാഹ്' അല്ലാഹുവിന്റെ തിരുദൂതരെ! ഇവർ ആരാണ്? നബി ഉടനെ അതിന്നൊരു മറുപടി പറഞ്ഞില്ല. ചോദ്യം ആവർത്തിക്കപ്പെട്ടു. മൂന്നാമതും ചോദിച്ചപ്പോൾ, അതേ സദസ്സിലുണ്ടായിരുന്ന ഒരു സഹാബി ഹദ്‌റത്ത് സൽമാനുൽ ഫാരിസി (റ)യുടെ ചുമലിൽ കൈ വെച്ചുകൊണ്ട് നബി(സ) തിരുമേനി ഇപ്രകാരം അരുൾ ചെയ്തു." *ലൗകാനൽഈമാനു ഇൻദസ്സുരയ്യാലനാലഹു രിജാലുൻ ഔ റജുലുൻ മ്മിൻഹാ ഉലാഇ" സത്യവിശ്വാസം സുരയ്യാ (കാർത്തിക) നക്ഷത്രം വരെ ഉയർന്നുപോയാൽ പോലും,*

*അതിനെ ഇവരുടെ വംശത്തിൽ നിന്നുള്ള ചിലർ, അല്ലെങ്കിൽ ഒരാൾ (ഒരാളാണോ ഒന്നിലധികമാണോ പറഞ്ഞതെന്ന കാര്യത്തിൽ സഹാബിക്ക് സംശയമുണ്ട്.) അതിനെ വീണ്ടും ഭൂമിയിൽ കൊണ്ടുവന്ന് സ്ഥാപിക്കുന്നതാണ്. (ബുഖാരി, തഫ്സീർ സൂറഃജുമുഅ).*

മുസ്ലിംകൾ കാലക്രമത്തിൽ ഇസ്ലാമികാദ്ധ്യാപനങ്ങളിൽ നിന്ന് അകന്നുജീവിച്ചുതുടങ്ങുകയും, അവരും യഹൂദി, നസ്വാറാക്കളെപ്പോലെ കക്ഷികളും പ്രതികക്ഷികളുമായി പിരിയുന്നതാണെന്നും, ഇസ്ലാമിൽ അതിന്റെ നാമവും ഖുർആനിൽ അതിന്റെ ലിപികളും ശേഷിക്കുന്ന കാലം വരുമെന്നും മറ്റും ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ ഖുർആനും അതിനെ ശരിവെച്ചുകൊണ്ടു പറയുന്നു. *“അവൻ (അല്ലാഹ്) ആകാശത്തിൽ നിന്ന്, ഭൂമിയിലേക്ക് തന്റെ കല്പനകൾ നിയന്ത്രിച്ചയക്കുന്നു. പിന്നീടത് ഒരു നിശ്ചിതകാലയളവിൽ അവന്റെയടുക്കലേക്ക് കയറിപ്പോകുന്നു. നിങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്നതനുസരിച്ച് അതിന്റെ കാലദൈർഘ്യം ആയിരം കൊല്ലമാണ്.’* (അസ്സമുദ) മറ്റൊരുസ്ഥലത്ത് ഇസ്ലാമിന്റെ അധഃപതനകാലഘട്ടത്തെ രാത്രിയോടാണ് ഖുർആനെ ഉപമിച്ചിരിക്കുന്നത്. ഖുർആൻ പറയുന്നു: *സൂര്യാസ്തമയശോഭയെക്കൊണ്ടും പൗർണ്ണമിയാകുമ്പോഴും ചന്ദ്രനെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു. തീർച്ചയായും നിങ്ങൾ ഒരു സ്ഥിതിയിൽ നിന്ന് മറ്റൊരു സ്ഥിതിയിലേക്ക് പടിപടിയായി കയറിപ്പോയിക്കൊണ്ടിരിക്കും. അപ്പോൾ ഇവർക്ക് എന്ത് പറ്റി ഇവർ വിശ്വസിക്കുന്നില്ലല്ലൊ”* (ഖുർആൻ 84:17-19)

സൂര്യാസ്തമയശോഭയെക്കൊണ്ടും തുടർന്നുവരുന്ന ഒരു രാത്രിയെക്കൊണ്ടും പിന്നെ പൂർണ്ണചന്ദ്രനെക്കൊണ്ടും ഇവിടെ അല്ലാഹു സത്യം ചെയ്തിരിക്കുന്നതിൽ നിന്നും ഇതിൽ ഗഹനമായൊരു സന്ദേശം അടങ്ങിയിട്ടുണ്ടെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ആത്മീയ, നഭോമണ്ഡലത്തിലെ സൂര്യനും പ്രകാശിക്കുന്ന വിളക്കുമാണെന്ന് വിശുദ്ധ ഖുർആൻ ഉപമിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ നിയോഗാനന്തരവും ആത്മീയലോകത്ത് അഥവാ ഇസ്ലാമിൽ അല്പകാലം അസ്തമയശോഭപോലെ ശോഭനകാലം നിലനിൽക്കും. അതു മുന്നൂറ് കൊ ല്ലംവരെ ആയിരിക്കുമെന്ന് ഹദീസിൽ നിന്നു മനസ്സിലാകുന്നു. നബി (സ) തിരുമേനി അരുൾ ചെയ്യുന്നു. *‘നിങ്ങളിൽ ഏറ്റവും ഉത്തമമായ നൂറ്റാണ്ട് ഞാനുള്ള എന്റെ നൂറ്റാണ്ടാകുന്നു. പിന്നെ അതിന്നടുത്ത നൂറ്റാണ്ട്. പിന്നീട് അതിനോട് ചേർന്നുവരുന്ന നൂറ്റാണ്ടും, പിന്നെ കളവിന്റെയും വഞ്ചനയുടേയും കാലഘട്ടമായിരിക്കും വരിക.’* അസ്തമയശോഭയെക്കൊണ്ട് അല്ലാഹു സത്യം ഈ കാലഘട്ടത്തെ സൂചിപ്പിക്കാനാണ്. തുടർന്നു പറയുന്നു: രാത്രിയെക്കൊണ്ടും അതുൾ ക്കൊള്ളുന്നവയെക്കൊണ്ടും സത്യം. ഇത് ഇസ്ലാമിന്റെ അധഃപതനകാലത്തെ സൂചിപ്പിക്കുന്നു. രാത്രി ഉൾക്കൊള്ളുന്നത് എന്നാൽ അധികവും കുറ്റകൃത്യങ്ങൾ നടത്തുന്നത് രാത്രിയുടെ മറപിടിച്ചാണ്. ഈ രാത്രിയുടെ കാലദൈർഘ്യം ആയിരം കൊല്ലമാണെന്ന് സൂറ സജദ 6-ാം വചനത്തിൽ സൂചിപ്പിച്ചു. തുടർന്ന് ഖുർആൻ പറയുന്നു. “വൽഖമരീഇതിത്തസഖ” പൂർണ്ണചന്ദ്രനെക്കൊണ്ടു സത്യം, ചന്ദ്രൻ പതിമൂന്നാം രാവിലും പതിനാലാം നൂറ്റാണ്ടിലുമെത്തി പൗർണ്ണമിയായിത്തീരുന്ന അവസ്ഥയിലാണ് അറബിയിൽ ***‘വൽ കമരി ഇദിത്തസഖ്”*** എന്ന് പറയുന്നത്. ഭൗതീകലോകത്ത് ഇപ്രകാരം സംഭവിക്കുന്നില്ല. രാത്രി അവസാനിച്ച ഉടനെ പൗർണ്ണമി ഉദയം ചെയ്യുന്നില്ല. ഇതു പറയുന്നത് മഹ്ദി മസീഹിന്റെ ആഗമനം, അദ്ദേഹം പതിമൂന്നാം നൂറ്റാണ്ടിൽ ജനിക്കുന്നതും പതിനാലാം നൂറ്റാണ്ടിൽ മഹ്ദിയും മസീഹുമാണെന്നുള്ള വാദം പുറപ്പെടുവിക്കുമെന്നുമുള്ള സൂചനയാണ് മുകളിൽ ഉദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. നബി(സ) തിരുമേനി അരുൾ ചെയ്ത ഉത്തമ നൂറ്റാണ്ടുകളും ഇസ്ലാമിന്റെ അധഃപതനകാലമായ ആയിരം കൊല്ലവും ചേർന്നാൽ പതിമൂന്ന് നൂറ്റാണ്ടാകും, ഈ കണക്കെല്ലാം വെച്ചുകൊണ്ടാണ് മുൻകഴിഞ്ഞ മഹാത്മാക്കൾ 13-ാം നൂറ്റാണ്ടിന്റെ അവസാനം അല്ലെങ്കിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മഹ്ദി ഇമാം വെളിപ്പെടുമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതല്ലാത്തൊരു വ്യാഖ്യാനം പ്രസ്തുത ഖുർആൻ വചനങ്ങൾക്ക് നൽകുന്നത് ബുദ്ധിക്കും, യുക്തിക്കും നിരക്കാത്ത കാര്യങ്ങളാണ്. ചുരുക്കത്തിൽ മുകളിൽ പ്രതിപാദിച്ച ഖുർആൻ വചനങ്ങളും നബിവചനവും കൂട്ടിവായിച്ചാൽ വ്യക്തമാകുന്നത് റസൂൽ (സ) തിരുമേനിയുടെ വഫാത്തിന്നു ശേഷവും അല്പകാലം ഇസ്ലാമിന്റെ ശോഭ, നിലനിൽക്കും തുടർന്ന് വരുന്ന ആയിരം കൊല്ലം ഇസ്ലാമിന്റെ അധഃപതനകാലമായിരിക്കും, സത്യവിശ്വാസം കാർത്തിക നക്ഷത്രത്തിലേക്കുയർന്നുപോവുകയും ചെയ്യും. ആ സമയത്ത്, അതായതു പതിനാലാം നൂറ്റാണ്ടിൽ നബി(സ) തിരുമേനിയിൽ നിന്ന് ആത്മീയ പ്രകാശം സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പൂർണ്ണ പ്രതിബിംബമായിക്കൊണ്ട് മഹ്ദി മസീഹ് അവതരിക്കും. ഇപ്രകാരം റസൂൽ തിരുമേനി (സ)യുടെ രണ്ടാം നിയോഗം ആന്തരാർത്ഥത്തിൽ പൂർത്തീകരിക്കപ്പെടുന്നതായിരിക്കും. മഹ്ദി മസീഹിന്റെ ആഗമനത്തെക്കുറിച്ചുള്ള എത്രയും വ്യക്തമായ പ്രവചനമാണിത്. എന്നിട്ടും ഇവർ വിശ്വസിക്കുന്നില്ലല്ലോ, എന്ന് ഖുർആൻ പറയുന്നതും എത്രയും ശരിയാണ്.

ഇനി മഹ്ദി മസീഹി(അ)ന്റെ ആവിർഭാവകാലത്തിന്റെ അടയാളങ്ങളായിപ്പറഞ്ഞ മറ്റ് ചില കാര്യങ്ങൾ വിവരിക്കാം. ഹദീസിൽപ്പറയുന്നു.' *'ഖിയാമത്തിനെക്കുറിച്ച് നേരിൽ കാണുന്ന, കാഴ്ചപോലെ അറിയുവാൻ ആഗ്രഹിക്കുന്നവൻ, സൂറ ഇദശശംസുകുവ്വിറത്ത്, വഇദസ്സമാഉൻഫത്വാറത്ത്, വഇദസ്സമാഉൻശഖഖത്ത് എന്നീ അദ്ധ്യായങ്ങൾ പാരായണം ചെയ്തുകൊള്ളട്ടെ"* (തിർമിദി തഫ്സീർ ഇദശശംസുകുവ്വിറത്ത്)

ഇവിടെ ഖിയാമത്ത് എന്ന് പറഞ്ഞിരിക്കുന്നത് ആലങ്കാരികാർത്ഥത്തിൽ പറഞ്ഞതാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. കാരണം പ്രസ്തുത അദ്ധ്യായങ്ങളിൽ പറയപ്പെട്ട മിക്ക കാര്യങ്ങളും ഇന്ന് പുലർന്നു കഴിഞ്ഞിരിക്കുന്നു എന്നത് തന്നെ. അതിലേക്കുള്ള ഒരു ഉദാഹരണം പറയാം. ഇദ ശശംസു കുവ്വറത്ത് എന്ന അദ്ധ്യായം വചനം അഞ്ചിൽപ്പറയുന്നു. "വഇദൽ ഇശാറുഉത്തിലത്ത്" പത്തുമാസം ഗർഭിണിയായ (പൂർണ്ണഗർഭിണി) ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുമ്പോൾ, എന്നാൽ ഇതേ കാര്യം ഹദീസിലും പറയുന്നു. വലയുത്ത്റക്കന്നൽഖിലാസുഫലായുസ് ആ അഹലഹാ" ഒട്ടകങ്ങൾഉപേക്ഷിക്കപ്പെടും അവയിന്മേൽ സവാരി ചെയ്യപ്പെടുന്നതല്ല. (സഹീഹ് മുസ്ലിം, അദ്ധ്യായം മസീഹ്ബ്നുമർയമിന്റെ അവതരണം) ഇവിടെ മസിഹീബ്നു മർയമിന്റെ അവതരണകാലത്തിന്റെ അടയാളമായിട്ടാണ് ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുമെന്ന് പറഞ്ഞിരിക്കുന്നത്. ഒരുകാലത്ത് മരുക്കപ്പൽ എന്നറിയപ്പെട്ടിരുന്ന ഒട്ടകങ്ങൾക്ക് പകരമായി ഇന്ന് അതിവേഗതയുള്ള അത്യാധുനികവാഹനങ്ങളും ശബ്ദവേഗതയുള്ള സൂപ്പർസോണിക്ക് വിമാനങ്ങളുമാണ് യാത്രക്കായി ഉപയോഗിച്ചുവരുന്നത്. ഈ പച്ചപരമാർത്ഥം നിഷേധിക്കാൻ കഴിയു മോ? ഇതുകൂടാതെ ഒരു കാര്യം കൂ ടി മനസ്സിലാക്കുക. ഗർഭധാരണവും പ്രസവവുമെല്ലാം ഈ ഭൗതികലോകവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഈ ഭൗതികപ്രപഞ്ചമാസകലം പൂർണ്ണമായും നശിച്ച് ഇല്ലാതെയാകുന്ന പരലോകത്ത് ഒട്ടകങ്ങൾ മാത്രമാണോ ഉപേക്ഷിക്കപ്പെടുക? ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: *മനുഷ്യൻ തന്റെ സഹോദരനേയും, സ്വമാതാവിനേയും സ്വപിതാവിനേയും തന്റെ സഹധർമ്മിണിയേയും, സ്വസന്താനങ്ങളേയും വിട്ട് അവരിൽ നിന്നെല്ലാം ഓടിപ്പോകുന്ന ദിവസം"* (ഖുർആൻ 80: 35-37)

ഖിയാമത്ത് എന്ന വാക്കിന് പല അർത്ഥങ്ങളുമുണ്ട് ''അസ്സാ അത്ത:'' ആ നിശ്ചിത സമയമെന്നും അതിന്നർത്ഥമുണ്ട്. അസ്സാഅത്ത്, 'ഖിയാമത്ത്' എന്ന അർത്ഥത്തിൽ ഖുർആനിലും ഹദീസുകളിലും ധാരാളം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഹദീസിൽ പറയുന്നു. "മൻമാത്തഫഖദ്ഖാമത്ത് ഖിയാമത്തുഹ്" ഒരുവൻ മരിച്ച് കഴിഞ്ഞാൽ അവന്റെ ഖിയാമത്തായി" ഒരു വ്യക്തിയുടെ മരണത്തിന് ഖിയാമത്ത് എന്ന് പറയാവുന്നതാണെങ്കിൽ ഒരു ജനതയുടെ മരണത്തിന്നും ഖിയാമത്ത് എന്ന് പറയാവുന്നതാണ്. ഖിയാമത്ത് എന്നാൽ ഒരു യുഗത്തിന്റെ അവസാനമെന്നും മറ്റൊരു യുഗത്തിന്റെ ആരംഭമെന്നും അർത്ഥമുണ്ട്. തഫ്സീർ മജ്മഅ, ബിഹാറുൽ അൻവാറിൽ ഖിയാമത്ത് മൂന്ന് തരത്തിലുണ്ടെന്ന് പറഞ്ഞിരിക്കുന്നു. അതേപ്രകാരം ''അസ്സാഅത്തും'' മൂന്ന്തരമുണ്ടെന്ന് ഹദ്റത്ത് ഇമാം റാഗിബും അദ്ദേഹത്തിന്റെ മുഫ്ദാത്തിൽ പറഞ്ഞിരിക്കുന്നു. രണ്ടിന്റെയും ചുരുക്കം ഇപ്രകാരമാണ്. ഒരു വ്യക്തിയുടെ മരണം ഒരു ഖിയാമത്താണ്. ഇതിന്നു ചെറിയ ഖിയാമത്ത് എന്നു പറയുന്നു. ഒരു ജനതയുടെ അല്ലെങ്കിൽ യുഗത്തിന്റെ അവസാനത്തിനും ഖിയാമത്ത് എന്നാണ് പറയുന്നത്. ഇതിന്ന് "ഖിയാമത്ത് വുസ്ത" മധ്യേയുള്ള ഖിയാമത്ത് എന്നും പ്രപഞ്ചത്തിന്റെ പൂർണ്ണനാശത്തിന്നും പരലോകത്തിന്റെ തുടക്കത്തിനും ഖിയാമത്ത് എന്ന് തന്നെയാണ് പറയുന്നത്. എന്നാൽ അവസാനം പറഞ്ഞതാണ് സാക്ഷാൽ ഖിയാമത്ത് എന്ന് പറയുന്നു. ഖുർആനിൽ പയുന്നു: "ഇഖ്തറബത്തിസ്സാഅത്തു വൻ ശഖ്ഖൽഖമർ'' ഖിയാമത്ത് ആസന്നമാവുകയും ചന്ദ്രൻ പിളരുകയും ചെയ്തു. ചന്ദ്രൻ അറബികളുടെ രാഷ്ട്രചിഹ്നമായിരുന്നു. ചന്ദ്രൻ പിളർന്നത് മക്കാമുശ്രിക്കിംകൾ കണ്ടു. എന്നാൽ ഇതൊരു ജാലവിദ്യയാണെന്നു പറഞ്ഞ് അവർ പരിഹസിച്ചുതള്ളുകയാണുണ്ടായത്. ഇ വിടെ 'അസ്സാഅത്ത' എന്ന് ഖുർആൻ പറഞ്ഞത് മക്കക്കാരും ഖു റൈശികളുമായിരുന്ന നബിതിരുമേനി(സ)യുടെ ശത്രുക്കളുടെ ഖിയാമത്ത് അഥവാ നാശവും, ഇസ്ലാമി ന്റെ വിജയവും ആസന്നമായിക്കഴിഞ്ഞു എന്ന മുന്നറിയിപ്പായിരുന്നു. പ്രസ്തുത വചനത്തിൽ പറഞ്ഞത് അതേപ്രകാരം മക്കവിജയദിവസം മക്കാ മുശ്രിക്കിംകൾക്ക് അതൊരു ഖിയാമത്തായിരുന്നു. അവരുടെ ഭരണം തകർന്നുപോയി. തൽസ്ഥാനത്ത് ഇസ്ലാമിക ഭരണം നിലവിൽ വന്നു. ശത്രുക്കൾ നശിച്ചു. നബിതിരുമേനി(സ)യും സഹാബത്തും വിജയിക്കുകയും ചെയ്തു. മിക്ക പ്രവാചകന്മാരുടെ കാലത്തും ഇതുപോലുള്ള ഖിയാമത്ത് സംഭവിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ഖിയാമത്തിന്നാണ് ''ഖിയാമത്ത് വുസ്ത" മധ്യേയുള്ള ഖിയാമത്ത് എന്നു പറയുന്നത്. അതിനാൽ ഇവിടെ "ഖിയാമത്തിനെ നേരിൽ കാണുന്നതുപോലെ" എന്ന് പറഞ്ഞ ഖിയാമത്ത് സാക്ഷാൽ ഖിയാമത്തിന്റെ അടയാളങ്ങൾ എന്ന അർത്ഥത്തിൽ പറഞ്ഞതാണ്. അതിന്നുള്ള തെളിവ് പ്രസ്തുത അദ്ധ്യായങ്ങളിൽ പറയുന്ന മിക്ക കാര്യങ്ങളും സംഭവിച്ചുകഴിഞ്ഞിരിക്കുന്നു എന്നതുതന്നെ.

ലേഖനം

പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്

# പ്രവാചകരുടെ വഴി

**(20-3-2008 വ്യാഴാഴ്ച കണ്ണൂർ ആകാശവാണിയിലൂടെ നടത്തിയ പ്രഭാഷണം).**

വിശുദ്ധ ഖുർആനിൽ കരുണാമയനായ അല്ലാഹു, മനുഷ്യൻ തെരഞ്ഞെടുക്കേണ്ടുന്ന പാതയെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. വിശുദ്ധ ഗ്രന്ഥത്തിന്റെ രത്നച്ചുരുക്കം എന്ന് വിശേഷിപ്പിക്കാവുന്ന സൂറ: ഫാതിഹയിൽ അല്ലാഹു പറയുന്നു: ***നീ ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ, കോപത്തിന് പാത്രമായവരുടെയോ വഴിപിഴച്ചവരുടെയോ മാർഗ്ഗത്തിലല്ല.***

ഇതാണ് പ്രവാചകരുടെ വഴി. സത്യസുന്ദരവും നിത്യനൂതനവും സുതാര്യസുരഭിലവുമായ ഈ വഴിയാണ് നബിതിരുമേനിയുടെ വഴി. ശുദ്ധമായ ജീവിതമാണ് പ്രവാചകരുടെ സ്നാനഗംഗ. എല്ലാ മതപ്രവാചകരും മലിനമാവാത്ത മനുഷ്യമനസ്സിന്റെ ഉടമകളാണ്. തെളിനീരു മാത്രം ഒഴുകുന്ന സ്ഫടികസമാനമായ വിശ്വാസികളുടെ മനസ്സിലേക്ക് ആദ്ധ്യാത്മികതയുടെ സൂര്യതേജസ്സ് എന്നതാണ് പ്രവാചകസന്ദേശം. നബിതിരുമേനിയുടെ പാത ഹൃദയനൈർമ്മല്യത്തിന്റെ റോസാദളം വിരിഞ്ഞതാണ് എന്നതിന്ന് ഒരു ഉദാഹരണം ഉദ്ധരിക്കാം. ദൈവത്തിൽ നിന്നുള്ള ദിവ്യവെളിപാടു ലഭിച്ച ശേഷം കഅ്ബാ ദേവാലയത്തിന്നഭിമുഖമായ സഫാപർവതത്തിന്മേൽ കയറി നിന്നുകൊണ്ട് അവിടെ കൂടിനിന്ന ജനങ്ങളോടായി നബിതിരുമേനി ചോദിച്ചു: ***'ഈ പർവതത്തിന്റെ പിൻഭാഗത്ത് കൂടി ഒരു ശത്രുസൈന്യം നീങ്ങിക്കൊണ്ടിരിക്കുന്നുവെന്ന് ഞാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങളത് വിശ്വസിക്കുമോ? അവർ മറുപടി പറഞ്ഞു: 'നിശ്ചയമായും, കാരണം താങ്കൾ കളവു പറഞ്ഞതായി ഞങ്ങൾ കേട്ടിട്ടില്ല'.*** എത്ര സുവ്യക്തവും ദൃഢവുമായാണ് മക്കയിലെ ജനങ്ങൾ പ്രവാചകന്റെ സത്യപാത രേഖപ്പെടുത്തിയത്. ആ വഴി ലാളിത്യത്തിന്റേതും വിനയത്തിന്റേതും കൂടിയായിരുന്നു. അറേബ്യയിലെ ഭരണാധികാരം മുഴുവനും തന്റെ കൈകളിൽ വന്നു ചേർന്നപ്പോൾ പോലും, അധികാരത്തിന്റെ മാസ്മരദണ്ഡ് വിലോഭനീയമായ നക്ഷത്ര ദീപ്തി ചൊരിയാവുന്ന അവസ്ഥയിൽ പോലും, ആർഭാടത്തിന്റെ ലാഞ്ചന പോലും ആ സാധാരണ ജീവിതത്തെ സ്പർശിച്ചതേയില്ല. അദ്ദേഹത്തിന്റെ മരണവേളയിൽ ഒരു ജൂതനിൽ നിന്ന് കടം വാങ്ങിയ അല്പം ബാർലി മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ എന്ന് നബി ചരിത്രകാരന്മാർ വ്യക്തമാക്കുന്നുണ്ട്. രാജകൊട്ടാരത്തിന്റെ സുഖശീതളിമ മാടിവിളിക്കാവുന്ന ഭരണകാലത്ത് അറേബ്യയുടെ ഈ ചക്രവർത്തിയുടെ പനയോല കൊണ്ട് മേഞ്ഞ മൺകട്ടകൊണ്ട് നിർമ്മിച്ച വീടിന്റെ അകത്തേക്ക് കയറിച്ചെന്ന ഹ: ഉമർ (റ) നബി തിരുമേനിയുടെ ദേഹത്തെ ചോരപ്പാടുകൾ കണ്ടു നടുങ്ങി. വെറും നിലത്ത് പനയോലയിൽ കിടന്നതിന്റെ അടയാളമായിരുന്നു അത്. പട്ടുമെത്തയിൽ കിടന്നുറങ്ങാവുന്ന പ്രവാചകൻ (സ) എന്തുകൊണ്ടിങ്ങനെ? എന്നായിരുന്നു, ഇസ്‌ലാമിക ഭരണത്തിന്റെ നറും നന്മയുടെ മണിമുത്തായ ഉമർ(റ)ന്റെ സംശയം *'ഉണക്ക മാംസം വിറ്റ് ജീവിച്ച പാവപ്പെട്ട ഒരു ഖുറൈഷി സ്ത്രീയുടെ മകനാണ് ഞാൻ'. നബി പ്രതിവചിച്ചു. ആ മഹാത്മാവ് തുടർന്നു : അല്പനേരം പാതയോരത്ത് ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിച്ചുപോവുന്ന വഴിപോക്കൻ മാത്രമാണ് ഞാൻ'.* 'പാന്ഥർ തൻവഴിയിലെ ഈ വൃക്ഷച്ചുവട്' മലയാളിക്ക് എഴുത്തച്ഛന്റെ മഹാഭാരത ഭാഷയുടെ അമൃതമാധുരിയാണല്ലോ. നബിതിരുമേനി (സ)യുടെ വിനയത്തിന്റേയും ലാളിത്യത്തിന്റേയും ഈ മൃദുസ്പർശം ചരിത്രത്തിൽ സമാനതയില്ലാത്ത എളിയ ജീവിതത്തിന്റെ സ്വപ്ന സാക്ഷാൽക്കാരമാണ്.

മർദ്ദിതരുടേയും പീഡിതരുടേയും അടിമകളുടേ യും മോചനത്തിന്റെ പാതയാണ് മാനവികതയുടെ ഗിരിമാർഗമെന്ന് നബിനായകർ വിശ്വസിച്ചു. അടിമച്ചങ്ങലകൾ പൊട്ടിച്ചെറിയാനും വിശക്കുന്നവന്റെ തീ വിശപ്പ് കെടുത്താനും ആ മനുഷ്യസ്നേഹി നേതൃത്വം നൽകി. *'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറ് നിറച്ചുണ്ണുന്നവൻ എന്റെ സമുദായത്തിൽ പെട്ടവനല്ല' എന്ന നബിവാക്യം ഇവിടെ സ്മരണീയമാണ്. 'മർദ്ദിതന്റെ കണ്ണുനീ*

*രാണ് ഏറ്റവും വലിയ പ്രാർത്ഥനാ* എന്ന നബിവാക്യം താൻ കേട്ടതിൽ വെച്ചേറ്റവും മഹത്തരമായ സാന്ത്വനവചനമാണെന്ന് മലയാളത്തിന്റെ പ്രിയ കഥാകാരനായ ഒ.വി. വിജയൻ പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് ഖദീജ (റ)യെ വിവാഹം കഴിച്ച നാളുകളിൽ അവരിൽ നിന്നും ലഭിച്ച മുഴുവൻ അടിമകളേയും സ്വമേധയാ മോചിപ്പിച്ചുകൊണ്ട് നൂറ്റാണ്ടുകളെ ആവേശം കൊള്ളിച്ച ഒരു സാമൂഹ്യപരിവർത്തനത്തിന്റെ അണയാത്ത തിരികൾ അദ്ദേഹം ജ്വലിപ്പിക്കുകയുണ്ടായി. മക്കാവിജയത്തിന്റെ അവസരത്തിൽ പ്രവാചകശത്രുക്കളായ തടവുകാരെ മുഴുവൻ നബിതിരുമേനി വിട്ടയച്ചു. അങ്ങനെ യുദ്ധത്തടവുകാരെ തൽക്ഷണം വിട്ടയച്ചതിന്റെ മഹാമനസ്കത കൊണ്ട് ജാജ്വല്യമാനമാണ് ഇസ്‌ലാമിന്റെ വീരഗാഥ.

പ്രവാചകരുടെ വഴി സ്നേഹത്തിന്റെ വഴിയാണ്. അവശനും വിവശനും പരവശനുമായി ഭാണ്ഡവും പേറി നടന്നുപോവുന്ന തൊഴിലാളിയുടെ വിയർപ്പിൽ കുളിച്ച് മലിനമായ ശരീരം കെട്ടിപ്പിടിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ച മഹാമനസ്കനാണ് പ്രവാചകൻ. കല്ലും പതിരും നിറഞ്ഞ അവിൽപ്പൊതി വാങ്ങി കുചേലനെ ആശ്ലേഷിച്ച ശ്രീകൃഷ്ണന്റെ അപാരമായ ഹൃദയവിശാലതയുടെ ആകാശപ്പരപ്പാണ് സമാനമായ മറ്റൊരുദാഹരണം. മതദ്വേഷത്തിന്റെ കവചമണിഞ്ഞ ദുഷ്ടതയുടെ കാലൊച്ച കേൾക്കുന്ന കാലമാണ് നമ്മുടേത്. രാഷ്ട്രീയ വൈരാഗ്യം കൊലക്കത്തിയായി ചോര വീഴ്ത്തുന്ന കാപാലികതയുടെ കാലം. എല്ലാം നഷ്ടപ്പെട്ടവരുടെ കണ്ണീരിൽ ജീവിത ദുരന്തത്തിന്റെ ആകുലതകൾ കുറിച്ചിടുന്ന വല്ലായ്മയുടെ കാലം. ആധുനിക മനുഷ്യമനസ്സിന്റെ ചുടലപ്പറമ്പിലേക്ക് മാധുര്യം കിനിയുന്ന തേന്മാവുപോലെ ശാഖകൾ നീട്ടി തണലൊരുക്കിയ നബിതിരുമേനിയുടെ സമാധാനത്തിന്റേയും ശാന്തിയുടേയും വഴി ഏറ്റവും പ്രധാനമാണെന്ന് നാം ഓർക്കണം. 'ലക്കും ദീനുക്കും വലിയ ദീൻ', 'ലാ ഇക്റാഹഫിദ്ദീൻ', എനിക്ക് എന്റെ മതം, നിനക്ക് നിന്റെ മതം, മതത്തിൽ നിർബ്ബന്ധമില്ല തുടങ്ങിയ ഖുർആനിക വചനങ്ങളിലൂടെ വിശ്വാസ സ്വാതന്ത്ര്യത്തിന്റെ ജീവവായു അലയടിച്ചു നിത്യചൈതന്യ പ്രണവമന്ത്രത്തെ ഉൾക്കൊള്ളാൻ നമുക്കാവണം. ഭീകരമർദ്ദനങ്ങളുടെ ഇടിമുഴക്കത്തിന്നിടയിൽ മക്കയിൽ നിന്നും തായ്ഫിലെത്തിയ നബിതിരുമേനിയുടെ ശരീരത്തിലേക്ക് ശത്രുക്കൾ തുരുതുരാകല്ലുകൾ വലിച്ചെറിഞ്ഞു. തന്റെ കവിളിലൂടെ ചോരച്ചാലുകൾ കിനിഞ്ഞിറങ്ങുമ്പോഴും നബിതിരുമേനി ദൈവത്തോട് പ്രാർത്ഥിച്ചതു *'തന്നെ ദ്രോഹിച്ചവർക്ക് മാപ്പു നൽകേണമേ'* എന്നായിരുന്നു. പ്രവാചകൻ നടന്നുപോവുമ്പോൾ, തന്റെ വീട്ടിൽ നിന്ന് അടിച്ചുകൂട്ടിയ മാലിന്യങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തിലേക്ക് വലിച്ചെറിഞ്ഞ് മുഖത്ത് സംതൃപ്തി വരുത്തിയ ഒരു ജൂത സ്ത്രീയുണ്ടായിരുന്നു. ഒരു ദിവസം ആ സ്ത്രീ അങ്ങനെ ചെയ്തില്ല. തിരുനബി അന്വേഷിച്ചു. അവർ രോഗിയായി ക്കിടക്കുകയാണെന്ന് ആ ശാന്തസ്വരൂപന് മനസ്സിലായി. അദ്ദേഹം ആ സ്ത്രീയുടെ അടുത്തു ചെല്ലുകയും അവരുടെ രോഗശമനത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഏത് ഇരുളിനേയും തുളച്ച് കീറി വെളിച്ചത്തിന്റെ പ്രഭാകാന്തിയെ മനസ്സിന്റെ ചക്രവാളസീമന്ദത്തിൽ വർണ്ണമയൂരമാക്കി പരിവർത്തനം ചെയ്യിക്കുന്ന തിരുമേനി(സ)യുടെ സമാധാന ദൗത്യം തീർച്ചയായും നമുക്കാവശ്യമുണ്ട്. തന്നോട് വാദപ്രതിവാദത്തിനുവേണ്ടി എത്തിച്ചേർന്ന നജ്റാനിലെ ക്രിസ്ത്യാനിസംഘത്തിന് അവരുടെ പ്രാർത്ഥനാസന്ദർഭത്തിൽ നബിതിരുമേനി മുസ്‌ലിം പള്ളിയിൽ വെച്ച് തന്നെ പ്രാർത്ഥിക്കാൻ സന്ദർഭമൊരുക്കിയത് മതസൗഹാർദ്ദത്തിന്റെ ചരിത്രത്തിലെ മറക്കാനാവാത്ത ഒരു അധ്യായമാണ്. മതതീവ്രവാദത്തിന്റെ മനോരോഗവുമായി കഴിയുന്ന ചില തീ വ്രവാദികൾ ഉൾപ്പെടെയുള്ള കലാപപ്രിയർ പ്രവാചകരുടെ ഉദാത്ത മാതൃക തിരിച്ചറിഞ്ഞു തങ്ങളുടെ മാംസപേശിയുടെ ഉറഞ്ഞാട്ടത്തിലെ 'രാക്ഷസീയത'യിൽ നിന്നു പിന്തിരിയേണ്ടതാണ്. പ്രവാചകൻ അതീവ ആർദ്രമായ കാരുണ്യത്തിലൂടെ നടന്നു തീർത്ത വഴിയിലെ തണൽ വിരിക്കുന്ന മരത്തിൽ ചാരിനിൽ ക്കുക എന്നത് ഇന്ന് നമ്മുടെ സമൂ ഹം ആഗ്രഹിക്കുന്ന സ്വൈര്യ ജീവിതത്തിന് അനിവാര്യമാണ്. *'ദൈവം സ്നേഹമാണ്. സമാധാനമാണ്. സ്നേഹം ഒരിക്കലും വിദ്വേഷം ജനിപ്പിക്കില്ല. സമാധാനം ഒരിക്കലും യുദ്ധത്തിലേക്ക് നയിക്കുകയില്ല'* എന്ന അഹ്മദിയ്യാ പ്രസ്ഥാനത്തി ന്റെ നാലാം ഖലീഫയും പ്രശസ്ത ഇസ്‌ലാം മതപണ്ഡിതനുമായ ഹദ് റത്ത് മിർസാ താഹിർ അഹ്മദ് സാ ഹിബിന്റെ വാക്കുകൾ കൃത്യമായും 'പ്രവാചകരുടെ വഴി' അടയാളപ്പെടുത്തുന്നു. നമ്മുടെ സാഹിത്യനഭസ്സിന് അക്ഷരനക്ഷത്രങ്ങൾ കൊ ണ്ടു ജീവരാഗം മിന്നിച്ച എൻ.പി. മുഹമ്മദിന്റെ വാക്കുകൾ ഇവിടെ ഏറെ പ്രസക്തമാണ്. 'നരവർഗ്ഗത്തിൽ ഒരുത്തൻ കത്തി മുനയേറ്റ് പതിക്കുമ്പോൾ എന്റെ ഒരു രക്തകോശം ചത്തുവീഴുന്നു. നിങ്ങളുടെ രക്തകോശം ചത്തുവീഴുന്നു. മനുഷ്യൻ പ്രപഞ്ചത്തിന്റെ മാരിവില്ലാണ്. മാരിവില്ലിന് തീ കൊളുത്തരുത്. ആലംബമറ്റ സഹജീവികളുടെ തപ്തബാഷ്പങ്ങളാൽ നോവുന്ന മനസ്സിലേക്ക് സാന്ത്വനത്തിന്റെ മൃതസഞ്ജീവിനിയുമായി എത്തിച്ചേരുന്ന സ്നേഹസൗന്ദര്യത്തിന്റെ കർമ്മപാതയാണ് പ്രവാചകരുടെ വഴി.

●

ലേഖനം

എച്ച്. ശംസുദ്ദീൻ കാവശ്ശേരി
(മുബല്ലിഗ് & സർക്കിൾ ഇൻചാർജ് ആൻഡമാൻ & നിക്കോബാർ)

# ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ അഹ്മദിയ്യത്ത്

**ബംഗാൾ ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന ഇന്ത്യൻ ദ്വീപാണ് ആൻഡമാൻ നിക്കോബാർ. ദ്വീപിനെ സംബന്ധിച്ചും, അവിടെ അഹ്മദിയ്യാ ജമാഅത്തിന്റെ ഉദ്ഭവ ചരിത്രത്തെക്കുറിച്ചും ലേഖകൻ എഴുതുന്നു.**

ചരിത്രമുറങ്ങുന്ന ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ, ഇന്ത്യയുടെ തെക്ക് - കിഴക്ക്, ബംഗാൾ ഉൾക്കടലിൽ ഇന്തോനേഷ്യക്ക് വളരെ അടുത്ത് സ്ഥിതിചെയ്യുന്നു. 574 ദ്വീപുകൾ അടങ്ങിയതാണ് ആൻഡമാൻ & നിക്കോബാർ. ഇതിൽ 34 എണ്ണത്തിൽ മാത്രമേ ജനവാസമുള്ളൂ.

ഏകദേശം 6–7 ലക്ഷം ജനസംഖ്യയാണ് അനൗദ്യോഗിക കണക്ക്. ഏറ്റവും വലിയ ദ്വീപ് ആൻഡമാനാണ്. ഇവിടെ തെക്കുഭാഗത്തുള്ള പോർട്ട് ബ്ലയർ നഗരമാണ് തലസ്ഥാനം. കപ്പൽ വഴിയും വിമാനം വഴിയും പോർട്ട്ബ്ലയറിലെത്താം. കൊൽക്കത്ത, ചെന്നൈ, വിശാഖപട്ടണം എന്നിവിടങ്ങളിൽ നിന്ന് കപ്പലും, കൊൽക്കത്ത, ചെന്നൈ, ഡൽഹി എന്നിവിടങ്ങളിൽ നിന്ന് വിമാന സർവീസുമുണ്ട്. ചെന്നൈ–പോർട്ട് ബ്ലയർ വിമാനയാത്ര 2 മണിക്കൂർ നേരമാണ്.

പോർട്ട്ബ്ലയറിലാണ് വീരസവർക്കർ അന്താരാഷ്ട്രവിമാനത്താവളം സ്ഥിതിചെയ്യുന്നത്. ഏകദേശം 10–12 മണിക്കൂർ തുടർച്ചയായി യാത്രയുള്ള ആൻഡമാൻ പക്ഷേ വീതിയിൽ വളരെ കുറവാണ്.

**ജനങ്ങൾ**

ജനസംഖ്യയുടെ പകുതിയിലേറെയും ആൻഡമാനിലാണ്. അല്പവസ്ത്രധാരികളായ, ചിലപ്പോൾ അതും ഇല്ലാത്ത ആദിവാസികൾ ആൻഡമാനിന്റെ പ്രത്യേകതയാണ്. നാഗരിക മനുഷ്യരുമായി സംഘർഷത്തിൽ കഴിഞ്ഞിരുന്ന ഇവർ അടുത്തകാലത്താണ് ഇടപഴകാൻ തുടങ്ങിയത്. നരഭോജികളായിരുന്ന ഇവർ 4 വർഗങ്ങളാണ്. ഗ്രേറ്റ് ആൻഡമാനീസ്, ജുർവാസ്, ഔംഗസ്, സെൻറിലനെസ്. നീഗ്രോ രൂപഭാവങ്ങൾ ഉള്ള ഇക്കൂട്ടർ വംശനാശഭീഷണി നേരിടുന്നു. ഗ്രേറ്റ് ആന്റമാനീസ് വെറും 42 പേർ മാത്രമേ ഉള്ളൂ. ഏകദേശം 300 ജർവകളും അവശേഷിച്ചിട്ടുണ്ട്. 150 ഓംഗകളും 100 സെന്റിലനെസും ഉണ്ട്. ഇതിൽ ജർവകൾ ഏറെക്കുറെ പൂർണനഗ്നരായി തന്നെ കഴിയുന്നു.

മംഗോളിയൻ രൂപവിശേഷമുള്ള നിക്കോബാറികൾ, പ്രധാനമായും, നിക്കോബാർ ദീപുകളിലാണ് വസിക്കുന്നത്. മറ്റൊരു വിഭാഗം ജപരോജാഗ്രം വസിക്കുന്ന ഷോംപന്മാരാണ്. ഇവരുടെ ജനസംഖ്യ 150 ആണ്.

ഇതിൽ നീഗ്രോ രൂപവിശേഷമുള്ളവരാണ് ആദിമ ആൻഡമാൻ നിക്കോബാർ വാസികൾ എന്ന് കരുതപ്പെടുന്നു. ഈ വർഗങ്ങൾക്ക് പുറമേ, ഇന്ത്യയുടെ എല്ലാ സംസ്ഥാനത്തു നിന്നുമുള്ള ജനങ്ങളേയും ഇവിടെ കാണാം. കൂടുതലും ബംഗാളികളാണ്. തദ്ദേശീയരായ ജനങ്ങൾ കഴിഞ്ഞാൽ ഏറ്റവും വലിയ വിഭാഗം ബംഗാളികൾ തന്നെ. ഇവരിൽ ബംഗ്ലാദേശീ അഭയാർത്ഥികളും ഉൾപ്പെടുന്നു. മലയാളികളും തമിഴരും, തെലുങ്കരും ഇവിടെയുണ്ട്.

1921ലെ ഖിലാഫത്ത് ലഹളക്കാലത്ത് നാടുകടത്തപ്പെട്ട ഏറനാടൻ മലയാളികളുടെ തലമുറയാണ് മലയാളികൾ ഏറെയും. പക്ഷേ പുതുതലമുറക്ക് കഥയും കാര്യവും അറിയില്ലെന്നതാണ് ഏറെ രസാവഹം. പണ്ടെന്നോ ഇവിടേക്ക് നാടുകടത്തപ്പെട്ടവരാണെന്ന് മാത്രമറിയാം.

മഞ്ചേരി, കാലിക്കറ്റ്, തിരൂർ, വണ്ടൂർ, മണ്ണാർക്കാട്, മലപ്പുറം,

തുടങ്ങി അനേകം ഏറനാടൻ, പ്രദേശങ്ങൾ ആൻഡമാനിലുണ്ട്.

നിക്കോബാർ മേഖലയിൽ പ്രവേശനം നിയന്ത്രണവിധേയമാണ്. പ്രശ്നബാധിതപ്രദേശമായ ഇവിടത്തേക്ക് ബർമ, ഇന്തോനേഷ്യൻ, ആളുകൾ അതിക്രമിച്ച് കടക്കാറുണ്ട്.

### ഭാഷ

പ്രധാനഭാഷ ഹിന്ദിയാണ്. പക്ഷേ 1948ന് മുൻപ് വരേയും ഉർദുവായിരുന്നു മാധ്യമം. എല്ലാവർക്കും ഹിന്ദി സംസാരിക്കാനും മനസ്സിലാക്കാനും കഴിയും. പക്ഷേ എഴുതാനും വായിക്കാനും അറിയുന്നവർ കുറവാണ്. കൂടാതെ ബംഗാളി, തമിഴ്, മലയാളം, തെലുങ്ക്, നിക്കോബാറി ഭാഷകളും സംസാരിക്കുന്നു. നിക്കോബാറി ഭാഷക്ക് പ്രത്യേകം ലിപിയില്ല. ഇംഗ്ലീഷ് അക്ഷരങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നത്.

### പ്രകൃതി / കൃഷി

ശക്തമായ കാറ്റും മഴയും ആൻഡമാനെ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ന്യൂനമർദ്ദത്തിന്റെ കെടുതികൾ ഏറ്റവും കൂടുതൽ ബാധിക്കുന്നും ആൻഡമാനെ തന്നെയാണ്. മെയ് മാസം തുടങ്ങുന്ന ശക്തമായ മഴക്കാലം നവമ്പർ വരേയും തുടരും.

കുന്നുകളും, കാടുകളും, മലകളും, നിറഞ്ഞ ഭൂപ്രകൃതി ആൻഡമാനെ മനോഹരമാക്കുന്നു. തേങ്ങ, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് കൃഷി. അധികം ആളുകൾക്കും കൃഷിയുണ്ട്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരും കുറവല്ല.

ഭൂകമ്പങ്ങളുടെ കളിത്തൊട്ടിലായ ഇന്തോനേഷ്യയുമായുള്ള സഹവാസം ആൻഡമാൻ നിക്കോബാറിന്റെ തെക്കൻ പ്രദേശങ്ങളെ പലപ്പോഴും വെള്ളം കുടിപ്പിച്ചിട്ടുണ്ട്. 2004ൽ ഉണ്ടായ സുനാമി എല്ലാ ദ്വീപുകളേയും ബാധിച്ചിരുന്നു. ഇന്നും വെള്ളം ഇറങ്ങാത്ത നിരവധി പ്രദേശങ്ങൾ ഇവിടെയുണ്ട്. താരതമ്യേന ഉയർന്ന പ്രദേശമായ പോർട്ട്ബ്ലയറിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായില്ല. ഭൂകമ്പവും സുനാമിയുമൊന്നും ഇവിടുത്തുകാർക്ക് പുതുമയല്ല.

### ഭരണം

കേന്ദ്രഭരണപ്രദേശമായ ആൻഡമാൻ & നിക്കോബാറിന്റെ ഭരണചുമതല ലഫ്റ്റന്റ് ഗവർണർക്കാണ്. പൊതുവേ സൈനിക സേവനത്തിൽ ഉയർന്ന സ്ഥാന ത്തു നിന്ന് വിരമിക്കുന്നവരെയാണ് ഈ സ്ഥാനത്തേക്ക് പരിഗണിക്കാറുള്ളത്. വക്കം പുരുഷോത്തമൻ മാത്രമേ, ഇതിനൊരു അപവാദമുള്ളൂ. ഇപ്പോൾ ഭൂപേന്ദർസിംഗാണ് ലഫ്റ്റനന്റ് ഗവർണർ. ഇദ്ദേഹത്തിന് കീഴിൽ വിവിധ വകുപ്പ് സെക്രട്ടറിമാർ ഭരണയന്ത്രം ചലിപ്പിക്കുന്നു.

മൂന്ന് ജില്ലകൾ ഉണ്ട്. ജില്ലാ പരിഷത്കളും കൂടാതെ ഗ്രാമപഞ്ചായത്തുകളും ഉണ്ട്. ഒരു ലോക്സഭാ സീറ്റാണ് ആൻഡമാൻ നിക്കോബാറിൽ ഉള്ളത്.

എല്ലാ ദ്വീപുകളിലേക്കും ബോട്ട്, കപ്പൽ സർവീസുണ്ട്. കൂടാതെ ഹെലികോപ്റ്ററും സർവീസ് നടത്തുന്നുണ്ട്. ഏറ്റവും തെക്കേ അറ്റത്തുള്ള ദ്വീപിലെത്താൻ വിമാനമാർഗ്ഗം 2 മണിക്കൂറിലേറെ യാത്രയുണ്ട്.

ബസ്സുകളിലെ ബോർഡൊക്കെ ഇംഗ്ലീഷിലാണ്. മറ്റേതു ഭാഷയിലാണെങ്കിലും സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടാണ്.

സുപ്രസിദ്ധ സെല്ലുലാർ ജയിൽ ആൻഡമാനിലാണ്. ഒന്നാമത്തെ ഇന്ത്യൻ പ്രധാനമന്ത്രി പണ്ഢിറ്റ് ജവഹർലാൽ നെഹറു ഇതിനെ ദേശീയ സ്മാരകമാക്കിയിരിക്കുന്നു. മിക്കവാറും ദിവസങ്ങളിൽ ഇവിടെ ആൻഡമാനെക്കുറിച്ചുള്ള ചരിത്രം വിവരിക്കുന്ന പ്രോഗ്രാം ഉണ്ടാകാറുണ്ട്.

വണ്ടൂരിൽ മുത്തുച്ചിപ്പികൾ, പവിഴപ്പുറ്റുകൾ ഒക്കെ കാണാൻ സൗകര്യമുണ്ട്. കൂടാതെ മണ്ണ് പുറം തള്ളുന്ന ബാരാടാംഗ് ദ്വീപ്, കരിങ്കൽ ഗുഹകൾ, ചിട്ടിയാടാപ്പ് എന്ന സ്ഥലത്തെ സൂര്യസ്താമയം, മൺസൂൺ പാരഡൈസ് ഹാർറിയറ്റ് മൗണ്ട്, റോസ് ഐലന്റ്, വൈപ്പർ ഐലന്റ് തുടങ്ങിയവ ഏറെ ഹൃദ്യമാണ്. കൂടാതെ നിക്കോബാറികളുടെ വേഷവിധാനവും ജീവിതരീതിയും ഒക്കെ പ്രത്യേകതകൾ ഉള്ളവയാണ്.

### അഹ്മദിയ്യാ സന്ദേശം

1915-ൽ ക്യാപ്റ്റൻ ഡഗ്ലസ് ആയിരുന്നു ആൻഡമാൻ നിക്കോബാറിലെ ചീഫ് കമ്മീഷണർ. (ഈ ക്യാപ്റ്റൻ ഡഗ്ലസ് ആണ് വധോദ്യമക്കേസിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് അനുകൂലമായി വിധി പ്രസ്താവിച്ചത്) പോർട്ട് ബ്ലയറിലെ ഗവ. ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്യാൻ കഴിവും പ്രാപ്തിയുമുള്ള ഒരു യുവാവിനെ അയക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)ന് സന്ദേശം അയച്ചു. ഹുസൂർ (റ), ഹദ്റത്ത് മാസ്റ്റർ അബ്ദുർ റഹ്മാൻ സാഹിബ് (റ)നെയാണ് ഈ ഉദ്യോഗത്തിനായി അയച്ചത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ സ്വഹാബിവര്യൻ, സിക്ക് സമുദായത്തിൽ നിന്ന് ഇസ്ലാം സ്വീകരിച്ച മഹാത്മാവാണ്. ഹുസൂർ (അ) തന്റെ 313 വരിഷ്ടസ്വഹാബാക്കളിൽ ഇദ്ദേഹത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. (അഞ്ചാമെ ആഥിം) ഇദ്ദേഹത്തിന്റെ പഴയ പേര് മെഹർ സിംഗ് എന്നായിരുന്നു.

അന്ന് മാസ്റ്റർ സാഹിബിനെ യാത്രയയക്കാൻ ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബും, ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാ

ഹിബും (റളിയല്ലാഹു അൻഹുമാ) അനേകം ഖാദിയാൻ വാസികളും ബട്ടാലവരെ പോയിരുന്നു.

ഹദ്റത്ത് മാസ്റ്റർ സാഹിബ് പോർട്ട്ബ്ലയറിലെത്തി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി ചാർജെടുത്തു. ക്യാപ്റ്റൻ ഡഗ്ലസുമായുള്ള കൂടിക്കാഴ്ചയിൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിചാരണ ചെയ്തത് സംബന്ധിച്ചും സംസാരമുണ്ടായി. മാസ്റ്റർ സാഹിബ് പറഞ്ഞു. ഞാനും അന്ന് കോടതിയിൽ ഉണ്ടായിരുന്നു.

### തബ്‌ലീഗ്

മാസ്റ്റർ സാഹിബ് തന്റെ തബ്‌ലീഗ് അനുഭവങ്ങൾ 'മേം മുസൽമാൻ ഹോഗയാ' (ഞാൻ മുസ്‌ലിമായിരിക്കുന്നു) എന്ന തന്റെ ആത്മകഥയിൽ രസകരമായി വിവരിക്കുന്നുണ്ട്.

ഒരിക്കൽ ഇംഗ്ലീഷ്കാരായ 4 യുവാക്കളുമായി ചർച്ച ഉണ്ടായി. യേശു, ദൈവപുത്രനാകാൻ ഒരിക്കലും സാധ്യമല്ലെന്നും, സാധാരണ ഗതിയിൽ പിതാക്കൾ, മക്കൾക്ക് തങ്ങളുടെ കഴിവുകൾ പകർന്നു നൽകാറുണ്ടെന്നും, പക്ഷേ ദൈവം, യേശുവിന് തന്റെ പുത്രനാണെന്ന് തെളിയിക്കാനുള്ള യാതൊരു തെളിവും നൽകിയില്ലെന്നും സമർത്ഥിച്ചു.

അതിന് അവർ നൽകിയ മറുപടി, വിശ്വാസമാണ് വലുതെന്നും ബുദ്ധിക്ക് അവിടെ എത്താൻ സാധ്യമല്ലെന്നുമായിരുന്നു.

മാസ്റ്റർ സാഹിബ് പറഞ്ഞു; കല്ലുകളേയും വിഗ്രഹങ്ങളേയും പൂജിക്കുന്നവരുടെ വാദഗതിയും, നിങ്ങൾ പറയുംപോലെ വിശ്വാസത്തിലധിഷ്ഠിതമാണ്. പക്ഷേ വിശ്വാസത്തിന്റെ പേരിൽ അത് യാഥാർത്ഥ്യമാണെന്ന് പറയുന്നത് എത്ര മാത്രം യുക്തിഭദ്രമാണ്? തുടർന്ന് യേശുവിന്റെ കശ്മീർ ആഗമനത്തെപ്പറ്റിയും ഖബ്റിനെപ്പറ്റിയും വിശദീകരിച്ചുകൊടുത്തു.

മാസ്റ്റർ സാഹിബിന്റെ ഖണ്ഡനത്തിന് മുന്നിൽ പകച്ച ക്രിസ്ത്യാനികൾ, തങ്ങൾക്ക് മതപരമായ അറിവ് കുറവാണെന്നും കൃത്യമായി മതവിദ്യാഭ്യാസം ആർജിച്ചിട്ടില്ലെന്നും പറഞ്ഞു.

മാസ്റ്റർ സാഹിബ് പറഞ്ഞു; ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ക്രിസ്തുമത വിശ്വാസത്തിന് ബൈബിൾ പഠനം തന്നെ ധാരാളമാണ്. ബൈബിൾ പലതവണ വായിച്ചു മനസ്സിലാക്കുകയും, പഠിപ്പിക്കപ്പെടുകയും ചെയ്യുന്ന നിങ്ങൾക്ക്, ക്രിസ്തുമതത്തെകുറിച്ച് വിജ്ഞാനമില്ലെന്ന് പറയുന്നത് ശരിയല്ല.

തുടർന്ന്, അദ്ദേഹം, അല്ലാഹു ജീവിച്ചിരിക്കുന്നവനും ജീവൻ നിലനിർത്തുന്നവനും (ഖയ്യുൽ ഖയ്യൂം) ആണെന്ന് സമർത്ഥിച്ചുകൊണ്ട് ഒരു പ്രസംഗം തന്നെ ചെയ്തു. ആത്മാവിനും ശരീരത്തിനും ഗുണപ്രദമാണെന്ന് അനുഭവത്തിലൂടെ ബോധ്യമായ മരുന്നാണ് എല്ലാവർക്കും അഭികാമ്യം. അതുപോലെ ദൈവമായി സംവദിക്കാൻ പ്രാപ്തമാക്കുന്ന മതമാണ് യഥാർത്ഥ മതം. അല്ലാതെ വെറും വാദഗതികൾ നിഷ്ഫലമാണ്. അപ്പോൾ ഇംഗ്ലീഷ്കാർ ചോദിച്ചു, ദൈവം നിങ്ങളോട് സംസാരിച്ചിട്ടുണ്ടോ? മാസ്റ്റർ സാഹിബ് പറഞ്ഞു, ഉവ്വ്, തീർച്ചയായും. ദൈവം സംസാരിക്കാതിരിക്കാൻ മാത്രം ഇന്നത്തെ മനുഷ്യന്റെ അവസ്ഥ 2000 വർഷം മുൻപ് ഉണ്ടായിരുന്നതിനേക്കാളും മോശമാണോ? സംസ്കാരശൂന്യമാണോ? തുടർന്ന് അദ്ദേഹം തന്റെ ചില അനുഭവങ്ങൾ കേൾപ്പിച്ചു. ഉദാഹരണമായി ബി.എ. കണക്ക് പരീക്ഷയിലെ ആദ്യ ചോദ്യം താൻ നേരത്തെ തന്നെ ദർശനത്തിൽ കണ്ടു. അതേക്കുറിച്ച് അപ്പോൾ തന്നെ കൂട്ടുകാരെ അറിയിക്കുകയും ചെയ്തു. ഈ സംഭവം ക്രിസ്ത്യൻ യുവാക്കളെ അത്ഭുതസ്തംബ്ധരായി.

### ഒരു പാതിരിയുമായുള്ള ചർച്ച

മാസ്റ്റർ സാഹിബ്, 'മേം മുസൽമാൻ ഹോഗയാ' (ഞാൻ മുസ്‌ലിമായിരിക്കുന്നു) എന്ന തന്റെ ജീവചരിത്രത്തിൽ (ഒന്നാം ഭാഗം) നിക്കോബാറിലെ ഒരു പാതിരിയുമായുള്ള കൂടിക്കാഴ്ച വിവരിക്കുന്നുണ്ട്.

പാതിരി : ദൈവം തന്റെ ഏക പുത്രനെ ബലിയർപ്പിച്ച് നമുക്ക് മേൽ വലിയൊരു ഔദാര്യമാണ് ചെയ്തത്.

ഞാൻ : താങ്കൾ ആദ്യം യേശു ദൈവപുത്രനാണെന്ന് തെളിയിക്കുകയാണ് വേണ്ടത്.

പാതിരി : ബൈബിളിലുണ്ട്.

ഞാൻ : വേഗം നശിക്കുന്ന ജീവജാലങ്ങളുടെ സന്തതിപരമ്പര തുടർന്നുകൊണ്ടിരിക്കുന്നു. ദൈവവും വേഗം നശിക്കുന്ന ഗണത്തിൽപ്പെടുമോ? മാത്രമല്ല ദൈവത്തിന് മകന്റെ ആവശ്യമെന്താണ്?

പാതിരി : ദൈവം നശിക്കാത്തവൻ തന്നെ. പക്ഷേ കുരിശുമരണത്തിലൂടെ നീതി നടപ്പിലായി. പാപങ്ങൾ പൊറുക്കപ്പെട്ടു.

ഞാൻ : നിരപരാധിയെ കൊന്നു. പാപികളെ വെറുതെ വിടുകയും ചെയ്തു. നീതിയും ഇല്ല, കാരുണ്യവും ഇല്ല. ഇത് അധർമവും അക്രമവുമാണ്.

പാതിരി : ബൈബിൾ പറയുന്നത്, കന്യക പ്രസവിക്കും, അത് ദൈവപുത്രനായിരിക്കും എന്നാണ്.

ഞാൻ : കഴുതക്ക് കൊമ്പുണ്ടെന്ന് ബൈബിൾ പറഞ്ഞാൽ താങ്കൾ സമ്മതിക്കുമോ? മർയം ദൈവത്തിന്റെ ഭാര്യയായിരുന്നോ. കല്യാണം കഴിച്ചിരുന്നോ? ഒരേ ജീവി വർഗത്തിൽപ്പെട്ടവയാണ് ഇണകളാവുന്നത്. ദൈവവും മർയവും ഒരേ ജീവിവർഗമാണോ?

പുത്രന് ദൈവത്തിന്റെ ഗുണങ്ങൾ കിട്ടാറുണ്ട്. ദൈവം അദൃശ്യ

കാര്യങ്ങൾ അറിയുന്നവനാണ്. പക്ഷേ, യേശു, പിന്നീട് തന്നെ തള്ളിപ്പറഞ്ഞ ജൂദാസിന് സ്വർഗത്തിന്റെ താക്കോലുകൾ നൽകുന്നു! അത്തിമരച്ചോട്ടിൽ അത്തിപ്പഴത്തിന് പോയി, കിട്ടാതെ വന്നപ്പോൾ മരത്തെ തന്നെ ശപിക്കുന്നു! ഇതെല്ലാം മനസ്സിലാക്കിത്തരുന്നത്, യേശുവിന് അദൃശ്യകാര്യങ്ങൾ അറിയില്ല എന്നാണ്. ചെറിയ സൂര്യചന്ദ്രന്മാരെയെങ്കിലും സൃഷ്ടിക്കാമായിരുന്നു! ദൈവത്തിനു പുത്രനുണ്ടെങ്കിൽ, മറ്റ് ബന്ധുക്കളും മിത്രകളത്രാദികളും ഉണ്ടാവുമല്ലോ? എനിക്ക് 12 മക്കളുണ്ട്. പക്ഷേ ദൈവത്തിന് കോടാനുകോടി വർഷമായിട്ടും ഏക പുത്രൻ മാത്രം! മകൻ മരിച്ചെങ്കിൽ ദൈവവും മരിക്കുമായിരിക്കുമല്ലോ?

പാതിരി : ഞാൻ ഈ കാര്യങ്ങൾ ആദ്യമായാണ് കേൾക്കുന്നത്.

കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു ഇംഗ്ലീഷ്കാരൻ പറഞ്ഞു: മുടി വെളുക്കുകയും എം.എ. എടുക്കുകയും ഒക്കെ ചെയ്തിട്ടുണ്ടെങ്കിലും ഈ പാതിരി താങ്കൾക്ക് മുന്നിൽ കേവലം ശിശുവാണ്!

## ദു:ആകൾ

ആൻഡമാനിലെ ആദ്യ അഹ്മദി, മാസ്റ്റർ മുഹമ്മദ് അബ്ദുസ്സുബ്ഹാൻ സാഹിബായിരുന്നു. സ്കൂളിലെ പ്രധാന അധ്യാപകതസ്തികയിലേക്ക് സർക്കാർ അദ്ദേഹത്തെ പരിഗണിച്ചിരുന്നില്ല. പ്രധാന അധ്യാപകന്റെ ഒഴിവ് ഉണ്ടാകുമ്പോഴൊക്കെ, ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നിന്ന് ആളെ വരുത്തുകയായിരുന്നു പതിവ്. ഇതിൽ അബ്ദുസ്സുബ്ഹാൻ സാഹിബ് ഖിന്നനായിരുന്നു. ഒരു ദിവസം തന്റെ ഈ ദുഃഖം, അദ്ദേഹം, ഹദ്റത്ത് മാസ്റ്റർ അബ്ദുർ റഹ്മാൻ സാഹിബിനോട് പറയുകയും ദുഃആക്കപേക്ഷിക്കുകയും ചെയ്തു.

മാസ്റ്റർ സാഹിബ് പറഞ്ഞു, ഞാൻ ദുഃആ ചെയ്യാം. നിങ്ങൾ എല്ലാ ദിവസവും തഹജ്ജുദിന് ശേഷം 100 പ്രാവശ്യം ഇസ്തിഗ്ഫാർ ചൊല്ലണം. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അബ്ദുസ്സുബ്ഹാൻ സാഹിബ് ഒരു മലക്കിനെ സ്വപ്നം കണ്ടു. മലക്ക് പറഞ്ഞു, 100 ഇസ്തിഗ്ഫാർ കൊണ്ട് കാര്യം നടക്കില്ല. അത് ഇരുനൂറാക്കണം. ഈ വിവരം കേട്ടപ്പോൾ ഹദ്റത്ത് അബ്ദുർ റഹ്മാൻ സാഹിബ് (റ) പറഞ്ഞു, അല്ലാഹു തന്നെ നിങ്ങൾക്ക് മാർഗം തുറന്നു തന്നിരിക്കുന്നു. അതിലൂടെ നീങ്ങുക. നിങ്ങളുടെ ആഗ്രഹം സഫലമാകും.

രണ്ട് മൂന്ന് ആഴ്ചകൾക്കകം തന്നെ, അടുത്ത പ്രധാന അധ്യാപകൻ ആകേണ്ടിയിരുന്ന നൂർ മുഹമ്മദ് സാഹിബ്, തന്റെ കുടുംബാവസ്ഥ മോശമാണെന്നും, പോർട്ട്ബ്ലയറിൽ വരാൻ സാധ്യമല്ലെന്നും തൽസ്ഥാനത്ത് മാസ്റ്റർ മുഹമ്മദ് അബ്ദുസ്സുബ്ഹാൻ സാഹിബിനെ നിയമിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് സർക്കാറിന് സന്ദേശമയച്ചു. തുടർന്ന് ക്യാപ്റ്റൻ ഡഗ്ലസിന്റെ അനുമതിയോടെ അദ്ദേഹം പ്രധാന അധ്യാപകനായി നിയമിക്കപ്പെട്ടു.

## ഒന്നാംസ്ഥാനക്കാരൻ രണ്ടാം സ്ഥാനത്തേക്ക്

പോർട്ട് ബ്ലയർ ഇംഗ്ലീഷ് സ്കൂളിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥിക്ക്, സർക്കാർ 900 രൂപ സ്റ്റൈപ്പന്റ് നൽകി ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ഉപരിപഠനത്തിന് ഏർപ്പാട് ചെയ്തിരുന്നു. സ്കൂളിൽ ബിശ്റാം, ദുർഗാപ്രസാദ് എന്നീ രണ്ട് കുട്ടികൾ സർക്കാർ സ്റ്റൈപ്പന്റിന് മത്സരാർത്ഥികളായിരുന്നു. പരീക്ഷ ബർമ യൂണിവേഴ്സിറ്റി മുഖേനയാണ് നടത്തിയിരുന്നത്. റിസൽട്ട് വന്നു. ഒന്നാം സ്ഥാനം ദുർഗാപ്രസാദിനും രണ്ടാം സ്ഥാനം ബിശ്റാമിനും. ഫലപ്രഖ്യാപനം കേട്ടപ്പോൾ എന്റെ ഒരു അധ്യാപക സുഹൃത്ത് പറഞ്ഞു. നിങ്ങളുടെ വിശ്വാസത്തോട് അനുഭാവം പ്രകടിപ്പിക്കുകയും പുസ്തകങ്ങൾ വായിക്കുകയും ചെയ്തിരുന്ന ബിശാറാം രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടിരിക്കുന്നു. തങ്ങൾ കൃഷ്ണാവതാരമായ മിർസാ സാഹിബിന്റെ അനുയായികളാണെന്നും, തങ്ങളുടെ പ്രാർഥന ദൈവം സ്വീകരിക്കുന്നുവെന്നുമാണല്ലോ നിങ്ങളുടെ വാദം. താങ്കൾ ഈ രണ്ടാം സ്ഥാനക്കാരെ ഒന്നാം സ്ഥാനക്കാരനാക്കാൻ ദുഃആ ചെയ്യണം!

അയാൾ ഈ ആവശ്യം സദസിൽ ആവർത്തിച്ചുകൊണ്ടേയിരുന്നു. ഞാൻ ദുഃആ ചെയ്യാമെന്നേറ്റു. അങ്ങനെ ഞാൻ ഒരു മലയുടെ താഴ്വാരത്ത് പോയി ദുഃആയിൽ മുഴുകി. 'അല്ലാഹുവേ, നീ എനിക്ക് വേണ്ടി ഈ മലയെ ത്വൂർ പർവതമാക്കിയാലും!

ആ രാത്രി ഞാനൊരു സ്വപ്നം കണ്ടു. ഒരു ബോർഡിൽ 'Bisram Provident' എന്നെഴുതിയിരിക്കുന്നു.

എന്റെ ദുഃആകൾ സ്വീകരിക്കപ്പെട്ടെന്ന് എനിക്ക് ബോധ്യമായി. ഞാൻ അധ്യാപകരോട് പറഞ്ഞു. ഒന്നാം സ്ഥാനക്കാരൻ രണ്ടാം സ്ഥാനത്തേക്കും രണ്ടാം സ്ഥാനക്കാരൻ ഒന്നാം സ്ഥാനത്തേക്കും മാറ്റപ്പെടുന്നതാണ്. ഏതായാലും എന്നെക്കൊണ്ട് ദുഃആ ചെയ്യിപ്പിച്ച് വലിയൊരു അക്രമമാണ് നിങ്ങൾ ചെയ്തത്.

അവർ പറഞ്ഞു: ഈ സ്കൂൾ ഉണ്ടായ കാലം മുതൽ ഇന്നേവരെ ഇത്തരമൊരു അനുഭവം ഉണ്ടായിട്ടില്ല.

ദുർഗാപ്രസാദ് സ്റ്റൈപ്പന്റുമായി കൽക്കത്ത ഹൈസ്കൂളിൽ ചേർന്നു. ജനങ്ങൾ ഒരുമാസം മുഴുവൻ എന്നെ പരിഹസിച്ചുകൊണ്ടിരുന്നു.

ഞാൻ പറഞ്ഞു, വാനലോകത്ത് വിധി പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഭൂമിയിൽ നടപ്പിലാ

കാനുള്ള താമസമേ ഉള്ളൂ. ഏതായാലും നിങ്ങളുടെ ശാഠ്യം ഒന്നാം സ്ഥാനക്കാരനോട് അനീതിയാണ് ചെയ്തത്.

അതേ പിന്നീട് അത്ഭുതമാണ് സംഭവിച്ചത്. ദുർഗാപ്രസാദ് രോഗാതുരനായി. തന്റെ എല്ലുകളെങ്കിലും മാതൃദേശമായ പോർട്ട്ബ്ലയറിൽ എത്തിക്കണമെന്നും, തുടർന്ന് പഠിക്കാൻ സാധ്യമല്ലെന്നും അവൻ അറിയിച്ചു.

അങ്ങനെ ബിശ്റാം പ്രസ്തുത സീറ്റിലേക്ക് പരിഗണിക്കപ്പെട്ടു. ഞാൻ ബിശ്റാമിനെ ബംഗാളിൽ അയച്ചില്ല. മറിച്ച് കൃഷ്ണാവതാരത്തിന്റെ പുണ്യദേശമായ പഞ്ചാബിലാണ് ഉപരിപഠനത്തിന്നയച്ചത്.

ദുർഗാപ്രസാദിന്റെ വയോവൃദ്ധനായ പിതാവ്, ഏതാനും സുഗന്ധവ്യഞ്ജനങ്ങളുമായി എന്നെ കാണാൻ വന്നു. അദ്ദേഹം പറഞ്ഞു, എന്റെ മകൻ മരണത്തിൽ നിന്ന് രക്ഷപ്പെടാൻ പ്രാർത്ഥിച്ചാലും! ഞാൻ ദുഃആ ചെയ്തു. അയാൾ മരണവക്ത്രത്തിൽ നിന്ന് കരേറി. പിന്നീട് നീണ്ടകാലം സർക്കാർ ജോലി ചെയ്തു.

## ക്യാപ്റ്റൻ ഡഗ്ലസ്

ലണ്ടൻ ഇമാമായിരുന്ന മൗലാനാഖാസി മുഹമ്മദ് അബ്ദുല്ലാസാഹിബ് ഭട്ടി പറയുന്നു. ക്യാപ്റ്റൻ ഡഗ്ലസിന് മാസ്റ്റർ സാഹിബിനെ കുറിച്ച് നല്ല മതിപ്പായിരുന്നു. ഒരിക്കൽ അദ്ദേഹം പറഞ്ഞു: പോർട്ട്ബ്ലയറിൽ, നിങ്ങളുടെ ജമാഅത്തിലെ ഉന്മാദം പൂണ്ട മാസ്റ്റർ അബ്ദുർ റഹ്മാൻ എന്റെ കൂടെ ഉണ്ടായിരുന്നു.

## ബയ്അത്ത്

ആദ്യം 24 പേരും തുടർന്ന് 36 പേരും ബയ്അത്ത് ചെയ്തു.

(അവലംബം: അസ്ഹാബെ അഹ്മദ്, ഭാഗം – 7)

## തുടർപ്രവർത്തനങ്ങൾ

കാലാനുസൃതമായ പ്രശ്നങ്ങൾ കാരണം ഒരു നീണ്ടകാലം കേന്ദ്രമായി നേരിട്ട് യാതൊരു ബന്ധവും ഇല്ലായിരുന്നു.

1960–കളിൽ കേന്ദ്രനിർദ്ദേശപ്രകാരം, മൗലാനാ മുഹമ്മദ് അബുൽ വഫാസാഹിബ് (റഹ്) ജമാഅത്തിനെ പുനരേകീകരിക്കാൻ പോർട്ട്ബ്ലയറിൽ പോയിരുന്നു.

തുടർന്ന് മുബല്ലിഗ്മാരായ മൗലവി അബ്ദുസ്സലാം സാഹിബ് (കരുനാഗപ്പള്ളി), മൗലവി ബുർഹാൻ അഹ്മദ് സാഹിബ് സഫർ (ഇപ്പോൾ നാസിർ നശ്റോ ഇശാഅത്ത്), മൗലവി ഗ്യാനി തൻവീർ അഹ്മദ് സാഹിബ് ഖാദിം (ഇപ്പോൾ നാഇബ്, നാസിർ ഇസ്ലാഹോ ഇർശാദ്), മൗലവി മുനീറുൽഹഖ് സാഹിബ് ബംഗാളി, മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ് എന്നിവരും മുഅല്ലിടംകളായ സൈനുദ്ദീൻ സാഹിബ്, അലംഗീർ സാഹിബ്, അനീസുർ റഹ്മാൻ സാഹിബ്, എന്നിവരും വിവിധ സന്ദർഭങ്ങളിലായി പോർട്ട്ബ്ലയറിൽ നിയോഗിക്കപ്പെട്ടവരാണ്.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുഹമ്മദ് നദീർ സാഹിബ്, സുൽത്വാൻ അഹ്മദ് സാഹിബ്, ടി.പി. ത്വാഹിർ സാഹിബ്, ഗുലാം അഹ്മദ് സാഹിബ് എന്നിവർ പ്രസിഡൻറുമാരായിരുന്നു. ഇപ്പോൾ മുനവ്വർ അഹ്മദ് സാഹിബാണ് പ്രസിഡൻറ്.

പോർട്ട്ബ്ലയറിൽ അന്താരാഷ്ട്ര വിമാനത്താവളത്തിന് തൊട്ട് മുന്നിലാണ് നമ്മുടെ മിഷൻ ഹൗസ് സ്ഥിതിചെയ്യുന്നത്. കൂടാതെ ലിറ്റിൽ ആൻഡമാൻ എന്ന ദ്വീപിൽ ചെറിയൊരു നമസ്കാര പള്ളിയും ഉണ്ട്.

## എം.ടി.എ. ആൻഡമാൻ കേബിൾനെറ്റ് വർക്കിൽ

2008 ഫെബ്രുവരി 26 മുതൽ എം.ടി.എ. ഇന്റർനാഷണൽ പോർട്ട്ബ്ലയർ കേന്ദ്രമായി പ്രവർത്തിക്കുന്ന ആൻഡമാൻ കേബിൾ നെറ്റ്വർക്കിലൂടെ ലഭ്യമാണ്.

ഒരു ലക്ഷം കണക്ഷനുണ്ട്. ഏകദേശം 3 ലക്ഷം ആളുകൾ ഇതിന്റെ ഗുണഭോക്താക്കളാണ്. ഇന്ത്യയിൽ ഇത്രയും ജനങ്ങൾക്ക് എം.ടി.എ. എത്തിക്കാനുള്ള പ്രഥമ സംരംഭമാണിത്. അല്ലാഹു സുമനസുകൾക്ക് സന്മാർഗം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

തബ്ലീഗ് – തർബിയ്യത്ത് പ്രവർത്തനങ്ങളും ഊർജിതമാണ്. എല്ലാ സദുദ്യമങ്ങളും അല്ലാഹു സ്വീകരിച്ചനുഗ്രഹിക്കുന്നതിനും, ആൻഡമാൻ നിക്കോബാറിൽ ശക്തമായ ജമാഅത്തുകൾ ഉണ്ടാകുന്നതിനും ദുഃആക്കപേക്ഷ. ●

---

***(15–ൽ നിന്ന് തുടർച്ച)***

*മനുഷ്യരായി ഉയരുകയും ചെയ്തു. അവസാനം ദൈവസ്നേഹത്തിൽ സ്വയം വിസ്മൃതരായി കൊണ്ടു എല്ലാ ദുഃഖങ്ങളെയും അവർ സസന്തോഷം സഹിക്കുന്നവരായി മാറി...."* (പൈഗാമെ സുൽഹ്)

*"അറേബ്യൻ മണലാരണ്യത്തിൽ ഒരത്ഭുതപ്രതിഭാസം സംഭവിച്ചു. ലക്ഷക്കണക്കിലുള്ള മൃതന്മാർ ഏതാനും ദിവസങ്ങൾ കൊണ്ട് ജീവനുള്ള വരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്തു. കുരുടന്മാർ കാണുവാൻ തുടങ്ങി. ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിച്ചു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ മഹാത്ഭുതമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾക്കറിയുമോ? ഇതെല്ലാം അന്ധകാരനിബിഢമായ രാത്രികളിൽ അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരാൾ ഉയർത്തിയ ഉള്ളുരുകിയ പ്രാർത്ഥനയുടെ ഫലമായിരു*

***(ശേഷം 27–ൽ)***

ലേഖനം

മൗലവി മുഹമ്മദ് അയ്യൂബ്

# മുസ്‌ലിഹ് മൗഊദ് (റ):

## സുവിശേഷ ദർശനങ്ങളുടെ ദിവ്യസാക്ഷാത്ക്കാരം (തുടർച്ച)

**സാത്വികരായ പല ദൈവഭക്തരുടെയും ദിവ്യസ്വപ്നങ്ങളുടെ സാക്ഷാത്ക്കാരമായിരുന്നു. മുസ്‌ലിഹ് മൗദോദ് ഹദ്റത്ത് അഹ്മദ് (അ) ന്റെ വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള ഏതെങ്കിലും വിധത്തിൽ പരാമർശിക്കുന്ന പ്രവചനങ്ങൾ**

ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിന്റെ മകൻ ഹദ്റത്ത് പീർ മൻസൂർ അഹ്മദ് സാഹിബ് ഷാ ക്രോഡീകരിക്കുകയും ആ വാഗ്ദത്ത പുത്രൻ മഹ്മൂദ് തന്നെയാണെന്ന് സ്ഥിരീകരിച്ചുകൊണ്ട് അത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ മുന്നിൽ സമർപ്പിക്കുകയുണ്ടായി. അപ്പോൾ ഹുസൂർ അവർകൾ നിങ്ങൾക്കിത് ഇപ്പോഴാണോ മനസ്സിലായത്. നാം പണ്ടുതന്നെ ഇത് മനസ്സിലാക്കിയിരുന്നല്ലോ എന്ന് പുഞ്ചിരിയോടുകൂടി പറയുകയുണ്ടായി. എന്നാൽ അത് താങ്കളുടെ അനുഗ്രഹീത കരങ്ങളാൽ ഇതിൽ എഴുതിത്തന്നാലും എന്ന് അദ്ദേഹം ഹുസൂറിനോടാവശ്യപ്പെട്ടപ്പോൾ, ഈ വാക്കുകൾ ഞാൻ സഹോദരൻ പീർ മൻസൂർ മുഹമ്മദ് സാഹിബിനോട് പറഞ്ഞതാണ് എന്നെഴുതി ഒപ്പ് വെക്കുകയുണ്ടായി.

ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് സനൗരി സാഹിബ് (റ)യുടെ വഫാത്തിന് ശേഷം 1944ൽ അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിന്റെ ഡയറിയിൽ കുറിച്ചിരുന്ന ഒരു ആത്മീയ ദർശനത്തെപ്പറ്റി വിവരിക്കുകയുണ്ടായി. അതായത് വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിൽ മൗലാനാ സാഹിബ് ഒരു സ്വപ്നം കണ്ടു. ഒരു സൂര്യൻ ഉദിച്ച് മൂർധന്യത്തിലെത്തിയ ശേഷം അത് അസ്തമിക്കാൻ തുടങ്ങുമ്പോൾ വേറൊരു സൂര്യൻ ഉദിച്ച് മദ്ധ്യാഹ്നം വരെ തുടരുകയുണ്ടായി. ഹദ്റത്ത് മൗലാനാസാഹിബ് പറയുന്നു, അദ്ദേഹം ആ സ്വപ്നം ഹദ്റത്ത് സാഹിബിനോട് പറഞ്ഞപ്പോൾ ഹുസൂർ പറഞ്ഞു: 'സൂര്യൻ എന്നത് അല്ലാഹുവിന്റെ അസാധാരണമായ ദാസൻമാരെയാണ് കുറിക്കുന്നത്. അങ്ങിനെയുള്ള ഒരു വ്യക്തി നിങ്ങൾക്കു മുന്നിലുണ്ട്, ആ അവ്യക്തിത്വം മുസ്‌ലിഹ് മൗഊദിൽ പ്രകടമായ വ്യക്തിത്വം തന്നെയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശിഷ്ഠ സഹാബിമാരിൽ 302-ാമത്തെ നാമം ഹദ്റത്ത് മുഹമ്മദ് റഹീമുദ്ദീൻ സാഹിബിന്റേതാണ്. അദ്ദേഹം തഹജ്ജുദ് വേളയാൽ ദൈവസ്മരണയിൽ നിമഗ്നനായിരിക്കുമ്പോൾ ദിവ്യദർശനാവസ്ഥ ഉണ്ടായി. അങ്ങകലെ ആകാശത്തിൽ ഒരു കാഴ്ച കണ്ടു. കുട്ടികൾ എഴുത്തു പലകയിൽ തടിച്ച എഴുത്തുകോലു കൊണ്ടു എഴുതുന്നതുപോലെ മിന്നൽ പ്രകടമായി. അതിൽ ചില പദങ്ങൾ എഴുതിക്കണ്ടു. മൂന്നു പദങ്ങൾ, അവ മഹ്മൂദ്, 'രാജാവ്' 'ഇസ്‌ലാം' എന്നിവയായിരുന്നു. അതിൽ നിന്ന് ഇസ്‌ലാമിന്റെ രാജാക്കന്മാരായി അല്ലാഹുവിന്റെ സന്നിധാനത്തിൽ എന്നെന്നേക്കുമായി നിർണയിക്കപ്പെട്ടവരിൽ മുസ്‌ലിഹ് മൗഊദിന്റെ നാമവും എന്നും പ്രകാശിതമായിരിക്കുമെന്ന് അദ്ദേഹം ഗ്രഹിക്കുകയുണ്ടായി.

മുസ്‌ലിഹ് മൗഊദ് ഖിലാഫത്ത് പദവിയിൽ ഉപവിഷ്ടനായപ്പോൾ ധാരാളം ഹൃദയങ്ങൾക്ക് അദ്ദേഹത്തെ അംഗീകരിക്കാനുള്ള സൗഭാഗ്യം ലഭ്യമായെങ്കിലും പലർക്കും അതിന് സാധിച്ചില്ല. ജനാബ് അക്ബർ യാർ ജംഗ് വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിത്വമായിരുന്നു. ഹൈദരാബാദ് ദഖൻ സ്റ്റേറ്റിന്റെ ഹോം സെക്രട്ടറിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) വഫാത്തിന് ചില ദിനങ്ങൾക്ക് മുൻപ് ലാഹോറിൽ അദ്ദേഹത്തിന് ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചി

രുന്നു. പിന്നീട് ഖാദിയാൻ പോകാനുള്ള ഭാഗ്യം കിട്ടിയിരുന്നില്ല. രണ്ടാം ഖിലാഫത്തിന്റെ രൂപികരണ വേളയിൽ പ്രകടമായ അഭിപ്രായവ്യത്യാസങ്ങളാൽ അദ്ദേഹം വൈഷമ്യത്തിലായിരുന്നു. എന്നാൽ സ്വന്തം പോയി കാണാതെ ഒരു തീരുമാനത്തിലും എത്തുന്നതല്ല എന്നദ്ദേഹം തീരുമാനിച്ചു. അദ്ദേഹം പോകാൻ താമസിച്ചു. സന്ദർഭം കിട്ടിയപ്പോൾ ആദ്യം ലാഹോറിലേയ്ക്ക് പോയി. അദ്ദേഹത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയ പലരും അദ്ദേഹത്തെ ഉപദേശിക്കാൻ തുടങ്ങി എന്തിനാണ് ഖാദിയാൻ വരെ പോകുന്നത്? യാത്ര ക്ലേശമെല്ലാം എന്തിന് അനുഭവിക്കണം? 25 വയസ്സ് പ്രായമുള്ള ആ കൊച്ചന്റെ (മുസ്‌ലിഹ് മൗഊദിന്റെ വിദ്യാഭ്യാസം എന്താണെന്നെല്ലാം താങ്കൾക്കറിയില്ലേ? അവന്റെ കഴിവുകളെന്തെല്ലാമാണ്? മസീഹ് മൗഊദിന്റെ ദൗത്യമോ? അതിന് ഈ നേതൃത്വം ഏതെങ്കിലും രീതിയിൽ യോഗ്യമാണെന്ന് താങ്കൾക്ക് തോന്നുന്നുണ്ടോ? എന്നെല്ലാം പലരും പറഞ്ഞു. ഇതെല്ലാം കേട്ടെങ്കിലും ആദ്യമേ തീരുമാനിച്ചതനുസരിച്ച് ഖാദിയാനിലേക്ക് പുറപ്പെട്ടു. അവിടെയും പലരുമായും സംസാരിച്ചു. ആശയവിനിമയം നടത്തി. ഹുസൂറിനേയും കണ്ടു. സംസാരിച്ചു. സംസാരം കൊണ്ടെന്നും തൃപ്തമായില്ല. ആത്മനിർവൃതി പ്രാപ്തമായില്ല.

'മടക്കയാത്രക്ക് മുൻപായി ഒരു നമസ്ക്കാരത്തിനായി പള്ളിയിൽ പോയി. രണ്ടാമത്തെ സഫ്ഫിൽ സ്ഥലം കിട്ടി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് നമസ്കാരം കഴിഞ്ഞ് ജനങ്ങൾക്കഭിമുഖമായി ഇരുന്നു. ഒന്നു രണ്ടു യുവാക്കൾ സൽഫലകാംക്ഷയോടെ കാലുകൾ അമർത്താൻ തുടങ്ങി. എന്നാൽ നവാബ് അക്ബർ യാർ ജങ്കിന്റെ ദൃഷ്ടി ഹദ്റത്ത് മുസ്ലീഹ് മൗഊദ്(റ)യുടെ നെറ്റിയിൽ പതിഞ്ഞിരുന്നു. അദ്ദേഹം ആത്മഗതം ചെയ്തു. അല്ലാഹുവേ! ഈ യുവാവ്! വാസ്തവത്തിൽ ഈ ക്വാളിഫിക്കേഷൻ! ഈ വിദ്യാഭ്യാസം! ഇത്ര വലിയ ദൗത്യം? ഇതെങ്ങനെ സാധ്യമാക്കും? എന്നാൽ അദ്ദേഹത്തിന്റെ ഹൃദയം ശുദ്ധമായിരുന്നു. അദ്ദേഹം ഉടൻ തന്നെ ദിവ്യദർശനാവസ്ഥയിലേക്കെത്തി മുസ്ലിഹ് മൗഊദിന് പിന്നിൽ വേറൊരു രൂപം പ്രകടമായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) പിന്നിൽ പ്രകടമായ രൂപം വാഗ്ദത്ത മസിഹിന്റെ രൂപമായി പരിണമിച്ചപ്പോൾ നവാബ് അക്ബർ യാർജംഗിന്റെ ദൃഷ്ടി മുസ്‌ലിമൗഊദിൽ (റ) നിന്ന് മസീഹ് മൗഊദിന്റെ നെറ്റിയിൽ തറച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു ചിന്ത വന്നു. ഇതാണ് ആ നേതാവ്! ഇവരാണ് നായകൻ. ഇദ്ദേഹം തന്നെയാണ് സമസ്ത ലോകത്തും ഇസ്‌ലാം വിജയിപ്പിക്കാൻ യോഗ്യൻ. ക്രമാനുസൃതമല്ലാത്ത ഈ ചിന്തകളും ആചാരങ്ങളും അദ്ദേഹത്തിന്റെ ഹൃദയത്തിനും ആത്മാവിലേക്കും അലയടിച്ചു കൊണ്ടിരിക്കവേ അതേ അവസ്ഥയിൽ ആ രൂപം ചുരുങ്ങുവാൻ തുടങ്ങി. ചുരുങ്ങിച്ചുരുങ്ങി അത് ഒരു ബിന്ദു വിൽ അപ്രത്യക്ഷമായി. ആ രൂപം എവിടെപ്പോയി! അതെ ആ രൂപം അവിടെ ഉപവിഷ്ടരായിരുന്ന വാഗ്ദത്ത മുസ്‌ലിഹ് മൗഊദിൽ അപ്രത്യക്ഷമാവുകയായിരുന്നു. ഒരു ആയുധം അതിന്റെ ഉറയിൽ മായുന്നതു പോലെ എന്നാണദ്ദേഹം താൻ കണ്ട കാഴ്ചയ്ക്ക് ഉദാഹരണം പറഞ്ഞത്. അദ്ദേഹം പറയുന്നു അപ്പോൾ യഥാർത്ഥത്തിൽ ജമാഅത്തിന്റെ നേതൃത്വം ഇപ്പോഴും ഹദ്റത്ത് മസീഹ് മൗഊദിന്റെ കരങ്ങളിൽ തന്നെയാണ്. ആ മഹാത്മാവിന്റെ ഖലീഫമാരായി വരുന്ന പ്രതിനിധികൾ ആ വൃക്ഷത്തിന്റെ ശാഖകളാണെന്ന ഗൂഢബോധം എന്നിൽ അലയടിക്കാൻ തുടങ്ങി.

മുസ്‌ലിഹ് മൗഊദിന്റെ സമർപ്പണ ജീവിതത്തിന് അവസാനമായി ഒരുദാഹരണം കൂടി വാഗ്ദത്ത മസീഹ് (അ)ന്റെ പുണ്യശരീരം ഖബറടക്കത്തിന്നായി ഖാദിയാനിൽ ബഹ്ഷതി മഖ്ബറയിൽ വെച്ചിരിക്കുന്നു. ജനാസനമസ്കാരത്തിന് മുൻപായി ഒരു യുവാവ് മുന്നോട്ട് വരുന്നു. ഒഴുകുന്ന കണ്ണീരോടെ തലഭാഗത്ത് നിൽക്കുന്നു. ദുഃഖം അടക്കിക്കൊണ്ട് നിന്ന ആ യുവാവിന്റെ നാവിൽ നിന്നും വന്ന ആ ശബ്ദം ആകാശത്തിലേക്കുയർന്നു. അതിങ്ങനെയായിരുന്നു. ദൈവത്തിന്റെ പ്രേമപാത്രമായ മസീഹേ! നീ ദൈവത്തിന്റെ പ്രിയപ്പെട്ട മസീഹയാണ്. മുഴുവൻ ലോകജനതയ്ക്കും നിന്നെ ഉപേക്ഷിച്ചാലും നിന്റെ ദൗത്യം ഭൂമിയുടെ കോണുകളോളം എത്തിക്കാതെ ഞാൻ നിന്നെ ഉപേക്ഷിക്കുന്നതല്ല. ഈ പ്രതിജ്ഞയെയാണ് മുസ്ലിഹ് മൗഊദിന്റെ ജീവിതകാലമെല്ലാം പ്രാവർത്തികമാക്കിയത്. ഇക്കാര്യത്തിൽ അദ്ദേഹത്തെക്കണ്ടു നിന്നവർ മാത്രമല്ല അദ്ദേഹം തന്നെയും ദൃഢവിശ്വാസത്തോടെ പറഞ്ഞു.

സമുദായത്തിന്റെ ഈ സേവകനിൽ

അല്ലാഹു തന്റെ കരുണ ചൊരിയട്ടെ.

എന്ന് എല്ലാ ജനതയും

പറയുന്ന ഒരു കാലം വരും ●

---

***(25-ൽ നിന്ന് തുടർച്ച)***

*ന്നു. ആ പ്രാർത്ഥനകൾ ലോകത്തെ ശബ്ദായമാനമാക്കി. അങ്ങിനെ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യാൽ തികച്ചും അസാദ്ധ്യവും അസംഭവ്യവുമായ മഹാത്ഭുതങ്ങൾ വെളിപ്പെടുമാറായി." (ബറക്കാത്തുദുആ)*

## ജീവൽപ്രവാചകൻ

ജീവൽപ്രവാചകനാണ് ഹദ്

***(ശേഷം 33-ൽ)***

ലേഖനം

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.

# നുബുവ്വത്ത് ശാപമല്ല

**ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനും പരമാചാര്യനുമായ അബുൽ അഅ്ലാ മൗദൂദി, അഹ്മദിയ്യത്തിനെതിരെ എഴുതിയ ഖതമുന്നുബൂവ്വത്ത് എന്ന കൃതിക്ക് കേരളത്തിലെ അഹ്മദിയ്യാ ചീഫ് മിഷനറിയായിരുന്ന മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. 1963ൽ എഴുതിയ മറുപടി**

'ഖത്തമുന്നുബുവ്വത്ത്' എന്ന പേരിൽ അല്ലാമാ മൗദൂദി സാഹിബ് രചിച്ച ഒരു കൊച്ചുപുസ്തകത്തിന്റെ മലയാള വിവർത്തനം അടുത്തു തന്നെ പ്രസിദ്ധമാകുന്നുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ഈ പുസ്തകത്തെകുറിച്ചുള്ള ഒരു പരസ്യം ഇക്കഴിഞ്ഞ ഫിബ്രവരി ലക്കം 'പ്രബോധന'ത്തിൽ പ്രസിദ്ധമായിട്ടുണ്ടെന്നും ആ പരസ്യത്തിൽ 'അഹ്മദിയ്യാ ജമാഅത്തി'നെപറ്റി മർമ്മഭേദകമായ നിലയിൽ അധിക്ഷേപിച്ചിട്ടുണ്ടെന്നും ഒരു മാന്യൻ എന്നോടു പറയുകയുണ്ടായി. 'പ്രബോധന'ത്തിന്റെ ആ ലക്കം കിട്ടിയാൽ കൊള്ളാമെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞതനുസരിച്ചു അദ്ദേഹം അതെനിക്ക് എത്തിച്ചു. അതിൽ ഇങ്ങനെയാണ് പ്രസ്താവിച്ചിരിക്കുന്നത്:

"ഇരുപതാം നൂറ്റാണ്ടിൽ പരിശുദ്ധ ഇസ്ലാമിന്നെതിരിൽ പൊട്ടിപ്പുറപ്പെട്ട ഫിത്നകളിൽ ഏറ്റവും അപകടകരമായിട്ടുള്ളത് ശപിക്കപ്പെട്ട നവീന നുബുവ്വത്ത് വാദമാണെന്നുള്ളതിൽ മുസ്ലിം ലോകത്തു രണ്ടു പക്ഷമില്ല തന്നെ. എന്നാൽ, പ്രസ്തുത പുത്തൻ ഫിത്നയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിൽ പൂർണ്ണവിജയം ഇനിയും നേടേണ്ടതായിട്ടാണിരിക്കുന്നത്. മുസ്ലിം സാമാന്യജനങ്ങളുടെ മാത്രമല്ല, അഭ്യസ്തവിദ്യരാണെന്നഭിമാനിക്കുന്ന പ്രത്യേകക്കാരുടെയും മതവിജ്ഞാനത്തിന്റെ അപര്യാപ്തതയും മതത്തോടുള്ള അലക്ഷ്യഭാവവുമാണ് ഇതിന്റെ പ്രധാന കാരണം."

ഈ പരസ്യത്തിൽ അതിന്റെ കർത്താവ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ നുബുവ്വത്ത് വാദത്തെകുറിച്ചു, ഇസ്ലാമിന്നെതിരായ അപകടകരവും ശപിക്കപ്പെട്ടതുമായ ഒരു ഫിത്നയായി വിശേഷിപ്പിച്ചിരിക്കുകയാണ്. ഈ പ്രസ്താവന മുഖേന ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയും അദ്ദേഹത്തിൽ വിശ്വസിക്കുന്നവരും ശപിക്കപ്പെട്ടവരാണെന്നാണ് 'പ്രബോധനം' വിധി നൽകിയിരിക്കുന്നത്. എന്നാൽ, പ്രവാചകന്മാരുടെ ചരിത്രം, പ്രത്യേകിച്ചു വിശുദ്ധ ഖുർആൻ വിവരിച്ചു തരുന്ന ചരിത്രം മനസ്സിലാക്കിത്തരുന്നത് ഓരോ നബിയുടെയും കാലത്തു അവരുടെ ശത്രുക്കൾ ഇതേ ആക്ഷേപം തന്നെയാണ് പുറപ്പെടുവിച്ചിരുന്നതെന്നാണ്. നബി തിരുമേനിയുടെ നുബുവ്വത്ത് വാദം അക്കാലത്തെ അറബികൾക്കിടയിൽ അനൈക്യവും ഫിത്നയും ഉണ്ടാക്കിയ ശപിക്കപ്പെട്ട ഒരു വാദമാണെന്നായിരുന്നുവല്ലോ അബൂജഹലും കൂട്ടുകാരും മാത്രമല്ല അന്നത്തെ യഹൂദികളും ക്രിസ്ത്യാനികളും മറ്റും ആക്ഷേപിച്ചിട്ടുണ്ടായിരുന്നത്. ആ ആക്ഷേപത്തിന്റെ അലയടി ഇനിയും അവസാനിച്ചിട്ടില്ല. ഇന്നും ഇസ്ലാമിന്റെ വൈരികളായ ക്രിസ്ത്യാനികളിലും ആര്യസമാജികളിലുംപെട്ടവർ ഇതേതരത്തിലുള്ള ആക്ഷേപങ്ങൾ തന്നെയാണ് തിരുനബിയുടെ നേരെ തൊടുത്തു വിട്ടു കൊണ്ടിരിക്കുന്നത്. ആ സ്ഥിതിക്ക്, അഹ്മദിയ്യത്തിന്റെ ബദ്ധവൈരികളും കൊടിയ ശത്രുക്കളുമായ മൗദൂദികൾ ഇങ്ങനെ ആക്ഷേപിക്കേണ്ടതുതന്നെയാണല്ലോ. അതിൽ തെല്ലും ആശ്ചര്യപ്പെടാനില്ല. ആക്ഷേപിക്കാതിരിക്കുകയാണെങ്കിലോ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) സത്യവാദിയല്ലെന്നു സംശയം ജനിച്ചേക്കാനിടയുണ്ടുതാനും.

ഈസാനബി(അ)യെ ശപിക്കപ്പെട്ടവനാണെന്നും വ്യഭിചാരസന്താനമാണെന്നും യഹൂദികൾ ആക്ഷേപിച്ചിരുന്നു. ഇന്നും ആക്ഷേപിക്കുന്നു. കുരിശിൽ കൊല്ലപ്പെട്ടവൻ ശപിക്കപ്പെട്ടവനാണെന്നു തൌറാ

പ്രസ്താവിക്കുന്നുണ്ട്. "അദ്ദേഹത്തിന്നുശേഷം അല്ലാഹു ആരെയും പ്രവാചകനായി നിയോഗിക്കുകയില്ല" എന്നു യൂസുഫ് നബിയെ പറ്റി അന്നുള്ളവർ പറഞ്ഞതായി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു (40:34). തിരുനബിയുടെ കാലത്തുള്ളവരും അല്ലാഹു ആരേയും നിയോഗിച്ചയക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ടായിരുന്നു (72:2). ഇനിയൊരാളും വരികയില്ല, വരേണ്ട ആവശ്യമില്ല എന്നുതന്നെയാണ് ഇതര മതാനുയായികളും ഇന്നും മറുത്തു പറയുന്നത്. ക്രിസ്ത്യാനികൾ ആരെയെങ്കിലും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അത് "ദൈവപുത്രനായ" യേശുവിനെ മാത്രമാണ്. മറ്റാരെയും അവർക്കു ആവശ്യമില്ല. ആര്യസമാജികളും പറയുന്നത് ആരും തന്നെ വരികയില്ലെന്നും വരേണ്ട ആവശ്യമില്ലെന്നും ആണ്. ബഹായികൾ സിദ്ധാന്തിക്കുന്നതു ഇനി ഒരു നബിയും വരികയില്ലെന്നും നുബുവ്വത്തിന്റെ കാലം തന്നെ അവസാനിച്ചുവെന്നും ഇനി ലോകത്തിന്നാവശ്യമായിരിക്കുന്നതു ദൈവാവതാരം ആണെന്നുമത്രെ. ചുരുക്കത്തിൽ, ഈ ആക്ഷേപം പുത്തനായ ഒന്നല്ല. എല്ലാ പ്രവാചകന്മാർക്കും അവരുടെ അനുയായികൾക്കും കേൾക്കേണ്ടി വന്ന ഒരാക്ഷേപം മാത്രമാണ്.

ഇസ്‌ലാം മതത്തിന്നെതിരായ ഒരു ഫിത്‌നയാണ് അഹ്മദിയ്യാ പ്രസ്ഥാനമെന്നുള്ള മൗദൂദികളുടെ ആക്ഷേപവും ആശ്ചര്യകരമല്ല. ഈസാനബിയുടെ വാദം തൌറാത്തിന്നും യഹൂദമതത്തിന്നും എതിരിൽ പൊട്ടിപ്പുറപ്പെട്ട ഫിത്നകളിൽ വെച്ച് ഏറ്റവും അപകടകരവും ശപിക്കപ്പെട്ടതും ആയിരുന്നുവെന്നുതന്നെയാണ് യഹൂദികളുടെ വാദം. ആ ദിവ്യാത്മാവ് ആഗതനായി രണ്ടായിരം കൊല്ലം ആയിട്ടും യഹൂദികൾ ഈ വാദത്തിൽ നിന്ന് പിന്മാറാൻ ഒരുക്കവുമില്ല. ഇന്നു ഇസ്‌ലാം നബിതിരുമേനിയെക്കുറിച്ചു 'ഇവനെയാണോ അല്ലാഹു ദൂതനായി നിയോഗിച്ചിരിക്കുന്നത്' എന്നു ആ ദിവ്യാത്മാവിനെ കാണുമ്പോഴെല്ലാം അവിശ്വാസികൾ പറയാറുണ്ടായിരുന്നുവെന്നു ഖുർആൻ പ്രസ്താവിക്കുന്നു. മാത്രമല്ല, നബിയുടെ വാദം കേട്ടിട്ടു "നമ്മുടെ പൂർവ്വികന്മാരിൽ നിന്നു നാം ഇത്തരം സംഗതികൾ കേട്ടിരുന്നില്ലല്ലോ" എന്നും ശത്രുക്കൾ പറഞ്ഞിട്ടുണ്ടായിരുന്നു. അത്രയുമല്ല, ഈ പ്രവാചകന്മാരോടും അവരുടെ അനുയായികളോടും "നിങ്ങൾ നിമിത്തം ഞങ്ങൾക്കു ദുശ്ശകുനം ബാധിച്ചിരിക്കുന്നു" (27:47) എന്നും "നിങ്ങൾ നിമിത്തം ഞങ്ങൾക്കു ദുശ്ശകുനമാണുണ്ടായിരിക്കുന്നതു; നിങ്ങൾ ഇതിൽ നിന്നു പിന്തിരിയാത്തപക്ഷം ഞങ്ങൾ നിങ്ങളെ എറിഞ്ഞുകൊല്ലുകയും നിങ്ങൾക്കു ഞങ്ങളിൽ നിന്നും കഠിനമായ ശിക്ഷയേല്ക്കേണ്ടി വരികയും ചെയ്യുന്നതാണ്" (36:18) എന്നും ശത്രുക്കൾ പറഞ്ഞതായും വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

ഓരോ നബിയുടെയും നുബുവ്വത്ത് വാദത്തെപറ്റി, ശത്രുജനം നവീന നുബുവ്വത്ത് വാദമെന്നു ആക്ഷേപിച്ചുപോന്നിട്ടുണ്ടായിരുന്നുവെന്നു ഖുർആൻ മനസ്സിലാക്കിത്തരുന്നുണ്ട്. "അവരുടെ അടുക്കൽ, അവരുടെ നാഥങ്കൽ നിന്നു നവീനമായ യാതൊരു ഉപദേശവും വരുന്നില്ല. അവർ അതിൽ നിന്നും മുഖം തിരിച്ചു കളയുന്ന നിലയിലല്ലാതെ" (26:5). ഇങ്ങനെ അല്ലാഹുവിങ്കൽ നിന്നു പ്രവാചകന്മാർ വരുമ്പോഴെല്ലാം അവരുടെ ശത്രുക്കൾ നവീന നുബുവ്വത്ത് വാദികളെന്നു പറഞ്ഞുകൊണ്ട് തള്ളിപ്പറയുകയും അവരെ പരിഹാസപാത്രമാക്കുകയുമാണ് ചെയ്തുവന്നിരുന്നത് എന്നു ഖുർആൻ മനസ്സിലാക്കിത്തരുന്നു. അത്രയുമല്ല, ഇനി ഒരു പ്രവാചകനും വരികയില്ല എന്നും മുമ്പുള്ളവർ പറഞ്ഞിരുന്നതായും ഖുർആൻ ത്തിൽ വ്യക്തമായ ഭാഷയിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ചു, യേശു കുരിശിൽ കൊല്ലപ്പെട്ടുവെന്നും അവൻ ശപിക്കപ്പെട്ടവനും കള്ളവാദിയുമാണെന്നു തെളിഞ്ഞുവെന്നും അത്രെ യഹൂദികൾ പ്രത്യേകിച്ചും അവരുടെ പണ്ഡിതന്മാരും പുരോഹിതന്മാരും വാദിച്ചിരുന്നത്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) താൻ ഈസാനബിയോടു സാദൃശ്യമുള്ള ആളാണെന്നാണല്ലോ വാദിച്ചത്. ആ സ്ഥിതിക്ക്, ഈസാനബിയെക്കുറിച്ച് യഹൂദികൾ ഉന്നയിച്ചതിന്നു തുല്യമായ ഒരാക്ഷേപം മൗദൂദികൾ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെക്കുറിച്ചും പുറപ്പെടുവിക്കുന്നത് മുഖേന ആ മഹാത്മാവ് ഈസാനബിയോടു സാദൃശ്യമുള്ള ആൾ തന്നെയാണെന്നു ഒരിക്കൽകൂടി തെളിയുകയാണ് ചെയ്യുന്നത്. ഇങ്ങനെ, ഓരോ പ്രവാചകനും നിയുക്തനായപ്പോൾ അവരുടെ എതിരാളികൾ അവരെ കള്ളവാദിയും ശപിക്കപ്പെട്ടവനും ഫിത്നയും വഴക്കും ഉണ്ടാക്കുന്നവനും ആണെന്നാണ് ആക്ഷേപിച്ചുപോന്നിട്ടുള്ളതെന്നു ഖുർആൻ പറഞ്ഞുതരുന്നുണ്ട്. ആ സ്ഥിതിക്ക് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ മൗദൂദികൾ ഇപ്രകാരം ആക്ഷേപിച്ചതിൽ ആശ്ചര്യപ്പെടാനില്ല. എന്നാൽ, ഈ ആക്ഷേപം എത്രയും മർമ്മഭേദകമായിപ്പോയെന്നു ചൂണ്ടിക്കാണിക്കാതിരിക്കാൻ നിർവ്വാഹമില്ല. അതിന്നു അതേ അളവിൽ മറുപടി നൽകാൻ ഞാൻ തൽക്കാലം ഒരുങ്ങുന്നില്ല.

അല്ലാഹു നിയോഗിച്ചയച്ച ഓരോ പ്രവാചകനേയും ഭൂരിപക്ഷീയരായ എതിരാളികൾ കള്ളവാദിയെന്നു വിധിക്കുകയും ദ്രോഹിക്കുകയും കൊല്ലാൻ ശ്രമിക്കുകയും അങ്ങേയറ്റം അപഹാസ്യരായി കരുതുകയുമാണ് ചെയ്തിട്ടുള്ളതെന്നു ഖുർആൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുതരുന്നു. ഈ യാഥാർത്ഥ്യം മൗദൂദികളിൽ നിന്നു ഗോപ്യമല്ല.

മതത്തെ പ്രബോധിക്കുകയും വിശുദ്ധ ഖുർആനെ പ്രചരിപ്പിക്കുകയും ചെയ്യുന്ന വിഷയത്തിൽ അഹ്മദിയ്യാ സംഘത്തെപ്പോലെ ത്യാഗബദ്ധരായി പ്രവർത്തിക്കുന്ന ഒരു സംഘം മുസ്‌ലിം ലോകത്ത് എവിടെയും കാണപ്പെടുന്നതല്ലെന്ന് മനസ്സാക്ഷിയും സത്യതല്പരതയും നീതിബോധവും നഷ്ടപ്പെട്ടിട്ടില്ലാത്ത തലയെടുപ്പുള്ള അനവധി മുസ്‌ലിംകൾ വ്യക്തമായ ഭാഷയിൽ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. എന്നിട്ടാണ് അഹ്മദിയ്യാ പ്രസ്ഥാനം ഇസ്‌ലാമിന്നെതിരിൽ പൊട്ടിപ്പുറപ്പെട്ട ഒരു ഫിത്നയാണെന്നു മൗദൂദികൾ പറയുന്നത്. മൗദൂദി സാഹിബിന്റെ പക്കൽ അഹ്മദികൾ ഇംഗ്ലണ്ടിലും അമേരിക്കയിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും നടത്തി വരുന്നത് ഇസ്‌ലാമിന്റെ തബ്ലീഗ് അല്ല, ആംഗ്ലോ അമേരിക്കൻ ശക്തികൾക്കു വേണ്ടിയുള്ള ചാരപ്രവർത്തനമാണ്. ഭയങ്കരമായ വിദ്വേഷത്തിന്റെ നഗ്നമായ പ്രകടനം എന്നല്ലാതെ ഇതിനെകുറിച്ച് മറ്റെന്തു പറയുവാനാണ്! പ്രവാചകന്മാരുടെ ശത്രുമൂപ്പന്മാരെകുറിച്ച് അല്ലാഹു ഇങ്ങനെ യാണ് പറഞ്ഞിരിക്കുന്നത്: "നാം ഇങ്ങനെ ഓരോ പ്രവാചകന്നും ഇൻസിൽ നിന്നും ജിന്നിൽനിന്നുമുള്ള ശൈത്താൻകളെ ശത്രുവാക്കിയിരിക്കുന്നു. അവർ അന്യോന്യം വഞ്ചനാപരമായി മോഹനവാക്കുകൾ മന്ത്രിച്ചുകൊണ്ടിരിക്കുന്നു" (6:12). ഈ ഖുർആൻ വാക്യം ഞങ്ങൾക്ക് നിശ്ചയമായും ആശ്വാസമേകുന്നുണ്ട്.

ഇസ്‌ലാമിന്നെതിരിൽ ഇരുപതാം നൂറ്റാണ്ടിൽ പൊട്ടിപ്പുറപ്പെട്ട ഏറ്റവും വലിയ ഫിത്ന മൗദൂദികളുടെ പക്കൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ നുബുവ്വത്ത് വാദമാണ്. ബഹാഉല്ലയുടെ ഉലൂഹിയത്ത് വാദം മൗദൂദികളുടെ പക്കൽ അത്ര സാരമുള്ളതല്ലായിരിക്കാം! ബഹാഉല്ല ഇരുപതാംനൂറ്റാണ്ട് ആരംഭിക്കുന്നതിനു 8 കൊല്ലം മുമ്പ് മരിച്ച ആളാണെങ്കിലും അദ്ദേഹത്തിന്റെ അനുയായികളും ആ പ്രസ്ഥാനവും ഇന്നുമുണ്ടല്ലോ. എന്നാൽ, എല്ലാകാലത്തും സത്യവാനായ നുബുവ്വത്ത് വാദിയെ മാത്രമാണ് ലോകം നിശിതമായി ആക്ഷേപിക്കുകയും നിഷ്ഠൂരമായി എതിർക്കുകയും ചെയ്തു പോന്നിരുന്നത്. ഉലൂഹിയ്യത്ത് വാദികളെയോ നിരീശ്വരവാദികളെയോ അല്ല. ആകയാൽ, മൗദൂദികൾ അഹ്മദിയ്യത്തിന്നെതിരിൽ കൊണ്ടുപിടിച്ച ശ്രമം നടത്തുകയും അതിനെ ഒരു ശാപമാക്കി ചിത്രീകരിക്കാൻ വെമ്പുകയും ചെയ്യുന്നത് അഹ്മദിയ്യത്തിന്റെ സത്യത്തിലേയ്ക്ക് ഒരു സാക്ഷ്യമായിരിക്കുന്നതേയുള്ളു.

ഇരുപതാം നൂറ്റാണ്ടിൽ കമ്യൂണിസം മുസ്‌ലിം ലോകത്തിന്ന് മറ്റെല്ലാറ്റിലും വലിയ ഫിത്നയായിരിക്കുന്നില്ലേ? ലക്ഷക്കണക്കായ മുസ്‌ലിംകൾ കമ്യൂണിസത്തെ ആശ്ലേഷിച്ചവരായുണ്ടല്ലോ. കമ്യൂണിസം നിരീശ്വരത്ത്വത്തിലും നിർമ്മതത്വത്തിലും ആണ് അധിഷ്ഠിതമായിരിക്കുന്നതെന്ന വസ്തുത സർവ്വവിദിതവുമാണ്. ദൈവമില്ലെന്നു പറയുന്നതിന്റെ അർത്ഥം, തിരുനബി(സ) മാത്രമല്ല ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാരും കള്ളവാദികളും വഞ്ചകന്മാരും ആയിരുന്നുവെന്നും വിശുദ്ധ ഖുർആൻ ഉൾപ്പെടെയുള്ള എല്ലാ ദിവ്യഗ്രന്ഥങ്ങളും കൃതിപ്പും കറ്റുകെട്ടും മാത്രമാണെന്നും ആണ്! എന്നിട്ടും, കമ്യൂണിസം മൗദൂദികളുടെ പക്കൽ ഇസ്‌ലാമിന്നെതിരിൽ പൊട്ടിപ്പുറപ്പെട്ട ഏറ്റവും അപകടകരവും ശപിക്കപ്പെട്ടതുമായ ഫിത്നയായിത്തീരുന്നില്ല. അല്ലാഹുവിലും എല്ലാ പ്രവാചകന്മാരിലും തിരുനബിയിൽ പ്രത്യേകിച്ചും പൂർണ്ണമായും ആത്മാർത്ഥതയോടുകൂടിയും ദൃഢമായും വിശ്വസിക്കുകയും ഇസ്‌ലാം മതപ്രചാരണം ഒഴിച്ചുകൂടാത്ത ഒരു ധർമ്മമാണെന്ന് വിശ്വസിച്ചുകൊണ്ട് അതിന്നുവേണ്ടി ത്യാഗസന്നദ്ധതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അഹ്മദികളും അവരുടെ പ്രസ്ഥാനവും ആണത്രെ ഏറ്റവും വലിയ ഒരു ഫിത്നയായി മൗദൂദികളുടെ കണ്ണിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ദൃഷ്ടിദോഷമെന്നല്ലാതെ മറ്റെന്തു പറയുവാനാണ്.

"നവീന നുബുവ്വത്ത് വാദം ഇസ്‌ലാമിന്നെതിരിലുള്ള ഏറ്റവും വലിയ ഫിത്നയാണെന്നുള്ളതിൽ മുസ്‌ലിം ലോകത്ത് രണ്ടുപക്ഷമില്ല" എന്നു മൗദൂദികൾ പറയുന്നു. ശരിയായിരിക്കാം. എന്നാൽ, ഏതു നബിയുടെ കാലത്തായിരുന്നു ആ നബിയെ നിഷേധിച്ചവരുടെ ഇടയിൽ അദ്ദേഹം കള്ളവാദിയാണെന്നതിൽ രണ്ടുപക്ഷം ഉണ്ടായിരുന്നത്? ന്യൂനപക്ഷം വിശ്വസിച്ചു: ഭൂരിപക്ഷക്കാർ നിഷേധിച്ചു. നിഷേധിച്ചവരെല്ലാം ആ വിഷയത്തിൽ ഏകാഭിപ്രായക്കാരുമായിരുന്നു. യഹൂദികളിൽ ഭിന്നകക്ഷികളുണ്ടായിരുന്നിട്ടും ഈസാനബി(അ) കള്ളവാദിയായിരുന്നു എന്ന കാര്യത്തിൽ രണ്ടഭിപ്രായക്കാരുണ്ടായില്ല. ഇന്നും അവരുടെ നില ഇതുതന്നെയാണ്.' യഹൂദികൾക്കും മുശ്‌രിക്കുകൾക്കുമിടയിൽ എത്ര തന്നെ അകൽച്ചയുണ്ടായിരുന്നിട്ടും ആ ഇരുസമുദായങ്ങളും അവരിൽ ഉണ്ടായിരുന്ന അവാന്തരവിഭാഗങ്ങളുമെല്ലാം നബിതിരുമേനി(സ) കള്ളവാദിയാണെന്നതിൽ ഏകാഭിപ്രായക്കാരായിരുന്നു. അക്കാര്യത്തിൽ അവരിൽ രണ്ടു പക്ഷമുണ്ടായിരുന്നില്ല. അതുകൊണ്ട് ആ സത്യാത്മാക്കൾ കള്ളവാദികളാണെന്ന് വരുന്നുവോ? ഇല്ലെങ്കിൽ മൗദൂദികളുടെ ഈ പ്രസ്താവന അഹ്മദിയ്യത്തിന്റെ സത്യത്തിന്ന് ക്ഷതമേല്പിക്കുന്നതല്ലതന്നെ. മറിച്ച്, അതിന്റെ സത്യത്തെയും ഹദ്റത്ത് അഹ്മദുൽഖാദിയാനിയ്ക്ക് മുൻകഴിഞ്ഞ പ്രവാചകന്മാരോടുള്ള സാദൃശ്യത്തെയും പ്രകാശിപ്പിക്കുകയാ

ണതു ചെയ്യുക. അത്രയുമല്ല. 73 മുസ്‌ലിം കക്ഷികളിൽ 72 കക്ഷികൾ ഒരു ഭാഗത്തും ഒരു കക്ഷി മറുഭാഗത്തും ആയിരിക്കുന്ന ഒരു കാലം വരുമെന്ന് തിരുനബി(സ) തന്നെ പ്രവചിച്ചിട്ടുമുണ്ട്. താനും തന്റെ ശിഷ്യഗണവും ഉളള നിലയിൽ സ്ഥിതിചെയ്യുന്നവരും ഒരു നേതാവിന്റെ കീഴിൽ ജമാഅത്തായി സംഘടിച്ചവരും ആയിരിക്കും ആ ഒരു കക്ഷി എന്നും ആ ദിവ്യാത്മാവ് അരുളുകയുണ്ടായിട്ടുണ്ട്. ദൈവനിയുക്തനായ ഒരു സത്യാത്മാവിന്റെ ആവിർഭാവകാലത്ത് നിറവേറ്റേണ്ടതാണ് ഈ പ്രവചനം എന്ന് അതിലെ വാചകങ്ങൾ തന്നെ വിളിച്ചോതുന്നു. ആ ലക്ഷണങ്ങൾ ഒത്തിണങ്ങിയ ഒരു കക്ഷി ഏതാണെന്നു നിർമ്മത്സരബുദ്ധ്യാ ചിന്തിക്കുന്നവർക്കു മനസ്സിലാക്കാൻ പ്രയാസമില്ല. അത്രയുമല്ല, അഹ്മദിയ്യാ പ്രസ്ഥാനം ദൈവികമായ ഒരു സത്യപ്രസ്ഥാനമാണെന്നു വിശ്വസിച്ചവരിൽ ബഹുഭൂരിഭാഗവും ഇതര മുസ്‌ലിംകളിൽ പെട്ടിരുന്നവർ തന്നെയാണ്. അഹ്മദിയ്യത്ത് സത്യമാണെന്നു വിശ്വാസമുള്ള അനേകം മുസ്‌ലിംകൾ ഭൗതികമായ പലതരം വിഷമതകളാലും അതിൽ പ്രവേശിക്കാത്തവരായുണ്ട്. അവരുടെ പക്കൽ അഹ്മദിയ്യത്ത് ഇസ്‌ലാമിന്റെ പുനരുദ്ധാരണാർത്ഥമുള്ള ഒരു അനുഗൃഹീത പ്രസ്ഥാനമാണ് താനും. നുബുവ്വത്ത് ഒരു അനുഗ്രഹമാണെന്നാണ് ഖുർആൻ വ്യക്തമായി പഠിപ്പിക്കുന്നത്. നബിതിരുമേനിയെ അനുസരിച്ചവർക്കു അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള നാലു ആത്മീയാനുഗ്രഹപദങ്ങളിൽ ഏറ്റവും ഉന്നതമായതു നുബുവ്വത്ത് വാദം ആണെന്നു ഖുർആൻ പറയുന്നു. എന്നാൽ, മൗദൂദികളുടെ പക്കൽ നുബുവ്വത്ത് അനുഗ്രഹമല്ല, ശാപമാണ്. അതെ, എല്ലാ കാലത്തും അല്ലാഹു നിയോഗിച്ചയച്ച പ്രവാചകരെ നിഷേധിച്ചവർക്കു ശാപമായിരുന്നതുപോലെ! പക്ഷെ, വിശ്വസിച്ചവരുടെ പക്കൽ നുബുവ്വത്ത് എല്ലാകാലത്തും വിലമതിക്കാനാകാത്ത ഒരനുഗ്രഹം തന്നെയായിരുന്നു.

ഒരു വീക്ഷണത്തിൽകൂടി നോക്കുമ്പോൾ, ഓരോ സത്യപ്രവാചകന്മാരുടെയും നുബുവ്വത്ത് വാദം 'നവീന നുബുവ്വത്ത് വാദം' തന്നെയാണ്. അപ്പോൾ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വാദത്തെ നവീന നുബുവ്വത്ത് വാദമെന്നു ആക്ഷേപിക്കുന്നതു അർത്ഥരഹിതമാണ്. ഞാൻ മുകളിൽ ഉദ്ധരിച്ച ഖുർആൻ വാക്യങ്ങൾ ഈ യാഥാർത്ഥ്യം മനസ്സിലാക്കിത്തരുന്നുണ്ട്. മറ്റൊരു വീക്ഷണത്തിൽകൂടി നോക്കിയാൽ, നുബുവ്വത്ത് വാദം തിരുനബിയുടെ ആവിർഭാവത്തോടെ ഉണ്ടായതല്ല, ഹദ്റത്ത് ആദമിന്റെ കാലം തൊട്ടു ആരംഭിച്ചതത്രെ. ആ നിലക്ക് ഹദ്റത്ത് അഹ്മദിന്റെ വാദത്തെപറ്റി നവീന നുബുവ്വത്ത് വാദം എന്നു പറയുന്നതു തികച്ചും തെറ്റായ ഒരാക്ഷേപമായിത്തീരുന്നുണ്ട്. എന്നാൽ, മൗദൂദികളുടെ മതവാദം തീർച്ചയായും നവീന മതവാദം തന്നെയാണ്. മൗലവി മൗദൂദി സാഹിബിനു ശരീരഅത്തോടുകൂടിയ ഒരു പ്രവാചകനാണ് താനെന്ന വാദമുണ്ടെങ്കിൽ, തീർച്ചയായും അദ്ദേഹത്തിന്നു പുതിയ മതപ്രസ്ഥാനം ആരംഭിക്കാം. അപ്പോൾ, അദ്ദേഹത്തിന്റെ വാദം സത്യമോ അസത്യമോ എന്നു ചിന്തിക്കേണ്ട ആവശ്യമേ നേരിടുകയുള്ളൂ. അദ്ദേഹത്തിന്നു അത്തരം വാദമൊന്നും ഇല്ലെന്നു മാത്രമല്ല, ദൈവത്തെകുറിച്ചു സാധാരണക്കാർക്കില്ലാത്ത യാതൊരനുഭവജ്ഞാനവും തനിക്കില്ലെന്നു അദ്ദേഹം തുറന്നു പ്രസ്താവിച്ചിട്ടുമുണ്ട്. അങ്ങിനെയുള്ള അദ്ദേഹം ഈ നവീനമായ മതവാദം ഉന്നയിച്ചതാണ് എത്രയും ആക്ഷേപാർഹമായിരിക്കുന്നത്. അഹ്മദികളെ നവീന നുബുവ്വത്ത് വാദികൾ എന്നു പറയുന്നിന്നുപകരം മൗദൂദികൾ തങ്ങളെത്തന്നെ നവീനമതവാദികളെന്നു പറയുകയാണ് വേണ്ടത്. ഈ യാഥാർത്ഥ്യം അവർ സ്വയം സമ്മതിക്കാൻ ഒരങ്ങിയില്ലെന്നുവന്നാലും മറ്റുള്ളവർക്കു അവരെകുറിച്ചു നവീനമതവാദികൾ എന്നു പറയാൻ ന്യായമായും അവകാശമുണ്ട്.

മൗദൂദി സാഹിബ് പഠാൺകോട്ടിൽ 'ദാറുൽ ഇസ്‌ലാം' സ്ഥാപിച്ചു. അപ്പോൾ മറ്റെല്ലാ രാഷ്ട്രങ്ങളും ദാറുൽ ഹർബായി പാക്കിസ്താനിൽ വന്നപ്പോൾ ദാറുൽ ഇസ്‌ലാം മാറി 'ഹുകുമത്തെ ഇലാഹി' ആയി,. കുറച്ചു കഴിഞ്ഞപ്പോൾ അതു 'ഇഖാമത്തുദ്ദീൻ' ആയി മാറി. പ്രവാചകന്മാർ ഓരോരുത്തരും അവതരിച്ചതു ഭരണം സ്ഥാപിക്കാൻ വേണ്ടിയാണെന്നത്രെ മൗദൂദി സാഹിബിന്റെ വാദം. ഹുക്കുമത്തെ ഇലാഹിയില്ലാതെ ആർക്കും പരിപൂർണ്ണ മുസ്‌ലിമാകാൻ സാദ്ധ്യമല്ല. 'ഹുകുമത്തെ ഇലാഹി'യല്ലാത്ത എല്ലാ ഭരണകൂടങ്ങളും 'താഗൂത്തി' അഥവാ പൈശാചിക ഭരണമാണ്. ഒരാൾക്ക് താഗൂത്തിഭരണത്തിൽ യഥാർത്ഥ മുസ്‌ലിമായി ജീവിക്കാൻ വയ്യ. അല്ലാഹുവിനും അവന്റെ നിയമത്തിനും മാത്രം വഴിപ്പെടേണ്ടവരെ സാധാരണ ഭരണങ്ങൾക്ക് തലകുനിച്ചു ജീവിച്ചുകൂടാ. അങ്ങനെ ചെയ്യുന്നവർ മുശ്‌രിക്കും മുനാഫിഖുമാണ്. സന്തമായൊരു ഭരണം സ്ഥാപിക്കുന്നതുവരെയും തിരുനബി(അ) താനും പരിപൂർണ്ണ മുസ്‌ലിം ആയിരുന്നില്ല എന്നു കേരളത്തിലെ മൗദൂദികളുടെ പ്രഥമ അമീർ തന്നെ ഏറ്റു പറഞ്ഞു. ഇന്ത്യയിലെ താഗൂത്തി ഗവൺ മെന്റിന്നു കീഴിൽ ഒരു മുസ്‌ലിം ജീവിക്കുന്നതു പന്നിമാംസം തിന്നുജീവിക്കുന്നതുപോലെയാണ്. ഇതൊക്കെയാണ് ഇവരുടെ വാദങ്ങൾ! കോടിക്കണക്കിലുള്ള മുസ്‌ലിംകൾ നൂറ്റാണ്ടുകളായി നിഷിദ്ധമായ ഈ പന്നിമാംസം ഭക്ഷിക്കാൻ നിർബ്ബന്ധിതരാ

യിട്ടും ഇസ്‌ലാം പരിപൂർണ്ണജീവിത പദ്ധതിയാണെന്നു ഇവർക്കു പറയാൻ മടിയില്ല. ഒരു പ്രദേശത്തു ഒരു മുസ്‌ലിമിന്നു യഥാർത്ഥ മുസ്‌ലിംമായി ജീവിക്കാൻ ഒരുവിധത്തിലും സാധ്യമല്ലന്നുവന്നാൽ അയാൾ അവിടെനിന്നു ഒഴിച്ചുപോകണമെന്നാണ് ഖുർആൻ ആജ്ഞാപിക്കുന്നത്. താഗൂത്തി ഭരണത്തിങ്കീഴിൽ യഥാർത്ഥ മുസ്‌ലിം ആയി ജീവിക്കാൻ കഴിയുകയില്ലെന്നു വാദിക്കുന്നവർ ആ പ്രദേശത്തു നിന്നു ഒഴിച്ചുപോകുകയാണ് വേണ്ടത്. എന്നാൽ, ഇന്നത്തെ സ്ഥിതിക്കതു സാദ്ധ്യമല്ല. എന്നിട്ടും ഇവർ തങ്ങൾ വിഭാവനം ചെയ്യുന്ന ഇസ്‌ലാം ഒരു ജീവിതപദ്ധതിയാണന്ന വാദത്തിന്നു മുറുക്കംകൂട്ടുന്നേയുള്ളൂ. ഒന്നുകിൽ ഇസ്‌ലാം പരിപൂർണ്ണ ജീവിത പദ്ധതിയാണെന്നു ഇവർ പറയുന്നതു അസത്യമാണ്. അല്ലെങ്കിൽ, താഗൂത്തി ഭരണത്തിങ്കീഴിൽ മുസ്‌ലിമായി ജീവിക്കാൻ സാധിക്കുകയില്ലന്നു പറയുന്നതു തികഞ്ഞ അബദ്ധമാണ്.

യഥാർത്ഥ മുസ്‌ലിമായി ജീവിക്കാൻ അസാദ്ധ്യമായ പൈശാചിക ഭരണമെന്നു മൗദൂദികൾ ഘോഷിച്ചുവന്ന ഇന്ത്യയിലെ താഗൂത്തി ഭരണം ഇന്നിതാ ഹുകുമത്തെ ഇലാഹി എന്നോണം മാറിയിരിക്കുന്നു! ഇപ്പോൾ മൗദൂദികൾ തങ്ങളുടെ 'പോളിസി' മാറ്റിയിരിക്കുന്നുവത്രെ. ഇന്ത്യാഗവൺമെന്റിനോടു കൂറും അനുസരണവും കാണിക്കേണ്ടതാണെന്നും ചൈനയുടെ ആക്രമണത്തെ പ്രതിരോധിക്കാൻ താഗൂത്തി സർക്കാറിന്നു ജീവനും മുതലും നൽകേണ്ടതാണെന്നും ഇരുവരും പറയാൻ നിർബ്ബന്ധിതരായിരിക്കുന്നു. ഈ നയവ്യതിയാനത്തെക്കുറിച്ചു 'സന്ദർഭോചിതമായ പോളിസി മാറ്റം' എന്നാണ് അവർ പറയുന്നത്! എന്നാൽ, ശിർക്ക് തൌഹീദായും നിഫാഖ് ആത്മാർത്ഥതയായും പന്നിമാംസം എന്നന്നേക്കും ഹലാലായും മാറുകയെന്നത് പോളിസി മാറ്റമാണെന്നു പറയാൻ അഥവാ, സാധാരണക്കാരെ അങ്ങനെ പഠിപ്പിക്കാൻ ഇവർ ധൈര്യപ്പെടുന്നതിൽ ആശ്ചര്യപ്പെടുകയേ നിർവ്വാഹമുള്ളൂ.

നമസ്കാരം, നോമ്പ്, ഹജ്ജ് മുതലായ ദൈവാരാധനകൾ ഹുകുമത്തെ ഇലാഹി സ്ഥാപിക്കുന്നതിന്നുവേണ്ടി ചെയ്യപ്പെടുന്ന അഭ്യാസ പ്രകടനങ്ങളാണെന്നാണ് മൗദൂദി സാഹിബ് പറഞ്ഞിരിക്കുന്നത്. 'ദീൻ' എന്നതിന്ന്, രാഷ്ട്രം (State) എന്നാണ് അർത്ഥമെന്നു അദ്ദേഹം പറഞ്ഞു. രാഷ്ട്രീയത്തിൽ എല്ലാതരം തന്ത്രങ്ങളും നയോപായങ്ങളും പ്രയോഗിക്കുക സാധാരണയാണല്ലോ. അതുകൊണ്ടായിരിക്കണം മൗദൂദികളുടെ ഇസ്‌ലാം ഇങ്ങനെ പലവിധ പോളിസിമാറ്റങ്ങൾക്കും വിധേയമായിത്തീർന്നിരിക്കുന്നത്. തീർച്ചയായും, നിഷ്പക്ഷനിലയിൽ ചിന്തിക്കുന്നവരുടെ പക്കൽ മൗദൂദികളുടെ ഈ സിദ്ധാന്തങ്ങൾ തികച്ചും നവീന മതവാദമായിത്തീരുന്നുണ്ട്. ആരും ഇതുവരെയും ഉന്നയിച്ചിട്ടില്ലാത്ത തികച്ചും നൂതനമായ സിദ്ധാന്തങ്ങൾ തന്നെയാണിവയെന്ന് കാണാൻ പ്രയാസമില്ല.

മുസ്‌ലിംകളുടെ മതവിജ്ഞാനത്തിന്റെ അപര്യാപ്തതയും മതത്തോടുള്ള അലക്ഷ്യഭാവവും ആണ് അഹ്മദിയ്യാ പ്രസ്ഥാനത്തെ പ്രതിരോധിക്കാൻ സാധിക്കാത്തതിന്ന് കാരണമെന്ന് മൗദൂദികൾ പറയുന്നു. എന്നാൽ, ഈ ആക്ഷേപം നൂറുശതമാനം തെറ്റാണ്. എന്തെന്നാൽ ഒരാൾ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതുകൊണ്ട് എല്ലാപ്രകാരത്തിലും ഭൗതികമായ നഷ്ടങ്ങളും ദുരിതങ്ങളും അയാൾക്ക് അനുഭവിക്കേണ്ടിവരികയാണ് ചെയ്യുന്നത്. ആകയാൽ, അവർ അഹ് മദിയ്യത്ത് സ്വീകരിക്കുന്നതിന്നുമുമ്പായി നല്ലപോലെ ചിന്തിക്കാൻ നിർബ്ബന്ധിതരാകുന്നു. മാത്രമല്ല, അവർക്ക് മുനാഫിഖായി ജീവിക്കാൻ സാദ്ധ്യവുമല്ല. എന്നാൽ, എത്രയും ആത്മാർത്ഥതയോടുകൂടി ഞാൻ പറയുന്നു. പ്രവാചകന്മാരുടെ നിയോഗോദ്ദേശം എന്താണെന്നതിനെകുറിച്ചും പ്രവാചകന്മാരുടെ പ്രവർത്തനങ്ങളെകുറിച്ചും വിശുദ്ധ ഖുർആൻ നൽകുന്ന പാഠം എന്താണെന്നു ശരിയാംവണ്ണം മനസ്സിലാക്കുകയും ഭരണാധികാരത്തോടുള്ള അത്യധികമായ മോഹം ഇല്ലാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ മൗദൂദി സാഹിബിന്റെ ഈ നവീനമതവാദം അടിസ്ഥാനപരമായിത്തന്നെ അബദ്ധമാണെന്ന് മനസ്സിലാക്കാൻ ഇവർക്ക് പ്രയാസം ഉണ്ടാകുമായിരുന്നില്ല.

അഹ്മദിയ്യാപ്രസ്ഥാനം ദൈവികമായ ഒരു പ്രസ്ഥാനമാണെങ്കിൽ - തീർച്ചയായും തീർച്ചയായും അതു അങ്ങിനെതന്നെയാണ് - അതിനെ പ്രതിരോധിക്കുന്നവിഷയത്തിൽ പൂർണ്ണവിജയമല്ല അപൂർണ്ണവിജയം പോലും അതിന്റെ എതിരാളികൾക്ക് ഒരിക്കലും ലഭിക്കുന്നതല്ല. ദൈവിക പ്രസ്ഥാനം സത്യമാണെന്നതിലേയ്ക്കുള്ള ഒരു പ്രധാന തെളിവ് അതിന്റെ നാനാതരക്കാരായ ശത്രുക്കൽ അതിനെ നിർമ്മൂലനം ചെയ്യാൻ അഹോരാത്രം ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരുന്നാലും അതു പുരോഗതി പ്രാപിച്ചുകൊണ്ടെപോകും എന്നതാണെന്ന് ഖുർആൻ ആവർത്തിച്ചാവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്. അഹ്മദിയ്യത്ത് കള്ള പ്രസ്ഥാനമാണെങ്കിൽ അതിനെ അല്ലാഹു തീർച്ചയായും നശിപ്പിച്ചു കളയുന്നതാണെന്നാണ് ഖുർആനിൽ നിന്ന് മനസ്സിലാകുന്നത്. ആകയാൽ, മതവിജ്ഞാനത്തിന്റെ അപര്യാപ്തതയോ മതത്തോടുള്ള അലക്ഷ്യഭാവമോ നീങ്ങുന്നതായാൽ അഹ്മദിയ്യാപ്രസ്ഥാനം പ്രതിരോധിക്കപ്പെടുകയില്ല. മറിച്ചു പതിന്മടങ്ങു ശക്തിയിൽ പ്രചരിക്കുകയും പ്രബലപ്പെടുകയുമാണ് ചെയ്യുക.

ഇനി മൗദൂദി സാഹിബിന്റെ

പുസ്തകത്തെപ്പറ്റി രണ്ടു വാക്കു പറയാം. അതിന്നു ന്യായമായ ഒരു മറുപടി എഴുതണമെന്നാണ് എന്റെ ആഗ്രഹം. അല്ലാഹു തൗഫീഖ് നൽകിയെങ്കിൽ ഞാൻ അതു താമസിയാതെ എഴുതി പ്രസിദ്ധപ്പെടുത്തുന്നതാണ്. 'ഖത്തമുന്നബുവ്വത്ത്' എന്ന പേരിൽ 30 കൊല്ലം മുമ്പു പരേതനായ പി. അബ്ദുൽഖാദിർ മൗലവി സാഹിബ് ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. മൗദൂദി സാഹിബ് എഴുതിയ പുസ്തകത്തേക്കാൾ എല്ലാംകൊണ്ടും മെച്ചപ്പെട്ടതായിരുന്നു അതെന്നു രണ്ടു പുസ്തകങ്ങളും താരതമ്യപ്പെടുത്തി വായിക്കുന്നവർക്കു മനസ്സിലാക്കാൻ പ്രയാസമില്ല. ആ പുസ്തകം വായിച്ച ചിലർ അതിന്റെ ഖണ്ഡനം കാണുന്നതിന്നുമുമ്പ് അതിന്നു ഖണ്ഡനമെഴുതാൻ കഴിയുകയില്ലെന്നു അഭിപ്രായപ്പെട്ടിരുന്നതായി എന്നോടുതന്നെ പറയുകയുണ്ടായിട്ടുണ്ട്. ഖണ്ഡനം വായിച്ചതിന്നുശേഷം അഹ്മദിയ്യത്തിന്റെ സത്യം മനസ്സിലാക്കാൻ അല്ലാഹു അവർക്ക് തൗഫീഖ് നൽകി. ഏതായാലും, മൗദൂദി സാഹിബിന്റെ ആ പുസ്തകത്തിലെ ഉള്ളടക്കത്തെകുറിച്ചു അതിന്റെ മറുപടി എഴുതുമ്പോൾ പ്രതിപാദിച്ചുകൊള്ളാം.

'പുത്തൻ പ്രവാചകത്വവാദ'ത്തെ, വിശുദ്ധഖുർആനെയും സുന്നത്തിനെയും സുവ്യക്തമായ പ്രമാണങ്ങളെയും ആധാരമാക്കി പണ്ഡിതോചിതമായി ഖണ്ഡിച്ചിട്ടുണ്ടെന്നു പരസ്യകർത്താവ് ആ പുസ്തകത്തെ പ്രശംസിച്ചുകൊണ്ടെഴുതുന്നു. എന്നാൽ, മൗലവി മൗദൂദി സാഹിബ് തന്റെ 'ഖത്ത്മുന്നുബുവ്വ'ത്തിൽ "ഖാത്തമുന്നുബിയ്യിൻ" എന്ന ഖുർആൻ വാക്യമല്ലാതെ ഇനി നബി വരികയില്ലെന്നതിലേയ്ക്ക് തെളിവായി വേറെ ഒരൊറ്റ വാക്യംപോലും ഉദ്ധരിച്ചിട്ടില്ല. 'ഖാത്തമുന്നബിയ്യീൻ' എന്ന പദത്തെ സംബന്ധിച്ചു പറകയാണെങ്കിൽ അതിന്റെ വിവക്ഷ എന്താണെന്നതാണല്ലോ ഈ കാര്യത്തിൽ പ്രധാനമായ വാദവിഷയം തന്നെ. അതിന്ന് മൗദൂദി സാഹിബ് നൽകുന്ന അർത്ഥത്തെ സത്യപ്പെടുത്തുകയും സ്ഥിരീകരിക്കുകയും ചെയ്യുന്ന മറ്റു ആയത്തുകൾ അദ്ദേഹത്തിന്നു ഉദ്ധരിച്ചുകാണിക്കാൻ സാധിച്ചിട്ടില്ല. ആകയാൽ, വിശുദ്ധ ഖുർആന്റെ പ്രമാണങ്ങളെ ആധാരമാക്കി പ്രവാചകവാദത്തെ പണ്ഡിതോചിതമായി ഖണ്ഡിച്ചിരിക്കുന്നു എന്നു പറയുന്നതു ഒരു യാഥാർത്ഥ്യമല്ല, മോഹചിന്ത മാത്രമാണ്. കൂട്ടത്തിൽ, മൗദൂദി സാഹിബ് ഒരു നവീനവാദവും കൂടി ഉന്നയിച്ചിട്ടുണ്ട്. ഈസാനബി (അ) പുനരാഗമനകാലത്തു നബിത്വം നഷ്ടപ്പെട്ട ആളായിട്ടാണ് വരികയെന്നതാണത്. ഈ വാദം ഖുർആനും തിരുനബിവചനങ്ങൾക്കും മൗദൂദി സാഹിബ് ഉദ്ധരിച്ചിട്ടുള്ള പണ്ഡിതവചനങ്ങൾക്കും ബുദ്ധിയ്ക്കും നിതീയ്ക്കും എല്ലാം വിരുദ്ധമായിട്ടുള്ളതാണ്. മൗദൂദി സാഹിബ് പറയുന്നത് അദ്ദേഹത്തിന്റെ പാർട്ടിക്ക് ആധാരമാണല്ലോ; പ്രത്യേകിച്ചും കേരളത്തിലെ മൗദൂദികൾക്ക്. ആകയാൽ, പരസ്യകർത്താവ്, ഈസാനബിയെകുറിച്ചു ഇങ്ങനെയാണ് പ്രസ്താവിച്ചിരിക്കുന്നത്.

"മറിയമിന്റെ പുത്രനായ ഈസാ(അ)യുടെ പുനരാഗമനത്തെ സംബന്ധിച്ച പ്രവചനങ്ങളുടെ യഥാർത്ഥ പൊരുൾ" മൗദൂദി സാഹിബ് വിവരിച്ചിട്ടുണ്ട്. ഈസാനബിയുടെ പുനരാഗമനത്തെകുറിച്ചല്ല, "മറിയമിന്റെ പുത്രനായ ഈസായുടെ പുനരാഗമനത്തെകുറിച്ച്" എന്നെഴുതിയതിൽ അന്തർലീനമായ രഹസ്യം എന്തായിരിക്കാം? ഈസാനബി (അ) വരുമ്പോൾ നബിയായിരിക്കുകയില്ല എന്ന മൗദൂദി സാഹിബിന്റെ അഭിപ്രായത്തെ ശരിവെക്കലാണല്ലോ അത്. ഈസാനബി(അ) തിരിച്ചുവരുമ്പോൾ നബി എന്ന സ്ഥാനം നഷ്ടപ്പെട്ട ആളായിരിക്കുമെന്നു പറയുന്നുണ്ടെങ്കിലും പരസ്യകർത്താവ് ആ മഹാത്മാവിനെകുറിച്ചു "(അ)" അതായതു, 'അലൈഹിസ്സലാം' എന്നും എഴുതിക്കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, "അലൈഹിസ്സലാം" എന്നു പറയേണ്ടുന്ന നിലയെങ്കിലും അദ്ദേഹത്തിന്ന് നഷ്ടപ്പെടാതെയുണ്ടാകുമെന്നാണല്ലോ അതു തെളിയിക്കുന്നത്. അത്രയും ഭാഗ്യം!

●

---

*(27-ൽ നിന്ന് തുടർച്ച)*

റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനി. ഇന്നും അവിടുത്തെ മാതൃകയെ അനുകരിക്കുന്നതിലൂടെ ആത്മീയ ജീവൻ കൈവരുന്നു. ജീവൻ പ്രദാനം ചെയ്യുന്ന അദ്ധ്യാപനങ്ങൾ ആ മഹാത്മാവ് ലോകസമക്ഷം സമർപ്പിച്ചു. ഇതര മതാദ്ധ്യാപനങ്ങളൊന്നും, അതനുസരിച്ചു നടക്കുന്നവർക്ക് ദൈവികാനുഗ്രഹങ്ങൾ ലഭിക്കുന്നതാണെന്നു അവകാശപ്പെടുന്നില്ല. എന്നാൽ നബി(സ) തിരുമേനി കൊണ്ടുവന്ന അദ്ധ്യാപനങ്ങളുടെ ഫലങ്ങളും അനുഗ്രഹങ്ങളും ഇന്നും നിലനില്ക്കുന്നു. അദ്ദേഹത്തെ പരിപൂർണ്ണമായും പിന്തുടരുന്നവർക്ക് പ്രസ്തുത അനുഗ്രഹങ്ങളും ഫലങ്ങളും എല്ലാകാലത്തും ലഭിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്: *"വിശ്വസിച്ചവരെ അല്ലാഹുവിനും അവന്റെ ദൂതനും - നിങ്ങൾക്ക് ജീവൻ നല്കുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നല്കുക."* (8:25) ചുരുക്കത്തിൽ ആത്മീയമായ സജീവത ലഭിക്കുന്ന ഒരു മാർഗത്തിലേക്കാണ് നബി(സ) തിരുമേനി മനുഷ്യരെ ക്ഷണിച്ചിരിക്കുന്നത്. തന്നിമിത്തം മുഹമ്മദ് മുസ്തഫാ (സ)യുടെ അനുസാരികളാണെന്ന വാദം തിരിച്ചറിയുന്നതിനുള്ള മാനദണ്ഡം ആത്മീയ ചൈതന്യമാകുന്നു.

●

ലേഖനം

വാഗ്ദത്ത മസീഹിന്റെ ജീവചിത്രം ലേഖനപരമ്പര - 12

ഏ.ക്യു. മഹ്ദി

# നാൽപ്പത്തുനാൾ നീണ്ടുനിന്ന തപോയജ്ഞവും ദിവ്യവെളിപാടുകളും

**ഹോഷിയാൽപൂരിലെ ഈ തപോയജ്ഞകാലത്താണ് തനിക്ക് സുലക്ഷണനായ ഒരു വാഗ്ദത്ത പുത്രൻ ജനിക്കുമെന്ന വെളിപാടു ഹദ്റത്ത് അഹ്മദിന്(അ) കിട്ടിയത്.**

ഇസ്ലാമിന്റെ സത്യതയിലേയ്ക്ക് ലോകരെയെല്ലാം ആകർഷിക്കുന്ന തരത്തിൽ നിറഞ്ഞ ഒരടയാളം വെളിപ്പെടുമാറാകണമെന്ന് ഹദ്റത്ത് അഹ്മദ് ഖാദിയാനി (അ) നിരന്തരം പ്രാർത്ഥിച്ചും, ആഗ്രഹിച്ചു കൊണ്ടുമിരുന്നു. ആ കാലഘട്ടത്തിൽ, അദ്ദേഹം മുന്നോട്ടുവെച്ച ദിവ്യപരീക്ഷണത്തിന് എതിരാളികളാരും മുമ്പോട്ടുവന്നില്ല. അന്നത്തെ ലോകം, ഇസ്ലാമിന്റെ ദിവ്യചൈതന്യത്തെ സംബന്ധിച്ചു തീർത്തും ബോധശൂന്യരായി ആത്മീയാജ്ഞതയിലും ആലസ്യത്തിലും ലയിച്ചുകിടക്കുകയായിരുന്നു.

ഇസ്ലാമിന്റെ ശോച്യാവസ്ഥക്ക് ഒരു പരിഹാരമുണ്ടാകുന്നതിനും, ഈ സത്യം ലോകമെങ്ങും പരത്തുന്നതിനും ഉതകുന്ന ഉജ്ജ്വലമായ ഒരു ദൃഷ്ടാന്തം വെളിപ്പെടുത്തുന്നതിനായി മനസ്സുരുകി സർവ്വശക്തനോടു പ്രാർത്ഥിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഇതിനായി വിജനവും പ്രശാന്തവുമായ ഒരു പ്രാർത്ഥനാസ്ഥലം കണ്ടുപിടിക്കേണ്ടതുണ്ടായിരുന്നു.

ഗുരുദാസ്പൂർ ജില്ലയിലാണു ഖാദിയാൻ. ഈ ജില്ലയിലെ തന്നെ ഹോഷിയാർപൂർ എന്ന ഗ്രാമമാണ് അദ്ദേഹം അതിനായി തെരഞ്ഞെടുത്തത്. അവിടെ ചെന്ന് നാല്പതു ദിവസങ്ങൾ പ്രാർത്ഥനാധ്യാനാദികളിൽ നിരതനാകാൻ അദ്ദേഹം നിശ്ചയിക്കുകയും, വിവരം തന്റെ ഇഷ്ടശിഷ്യനായ ഹദ്റത്ത് അബ്ദുല്ലാ നൌരി(റ)യോടു പറയുകയും ചെയ്തു. എന്നിട്ടു, ആ മഹാത്മാവു ഇതു സംബന്ധമായ ദൈവികകൽപ്പനയ്ക്കായി കാത്തിരുന്നു. തന്റെ അഭീഷ്ടം ഹോശിയാർപൂരിൽ വെച്ചു സാധിതമാകുമെന്ന് ഒരു വെളിപാട് അദ്ദേഹത്തിനുണ്ടായി. ഇത് 1886-ലാണ്.

ഈ ദിവ്യവെളിപാടിനനുസരിച്ച് ഹോശിയാർപൂരിൽ ചെന്നു പാർക്കാൻ അദ്ദേഹം തീർച്ചയാക്കി.

അതൊരു ജനുവരി മാസമായിരുന്നു. ഒരു കാളവണ്ടിയിലാണദ്ദേഹം യാത്ര ചെയ്തത്. ഒപ്പം തന്റെ വിശ്വസ്തശിഷ്യരായ അബ്ദുല്ലാ സനൗരി (റ), ശേഖ് ഹാമിദ് അലി (റ) എന്നിവരും ഹോശിയാർപൂർ ജില്ലക്കാരനായ ഫതഹ്ഖാൻ എന്നൊരാളും അകമ്പടി സേവിച്ചിരുന്നു.

നഗരത്തിനു പുറത്ത് ഒരു ഇരുനിലകെട്ടിടം ഇതിനായി കണ്ടുപിടിച്ചു.

മുകൾനിലയിലായിരുന്നു ഹദ്റത്ത് അഹ്മദ് (അ) തന്റെ പ്രാർത്ഥനാധ്യാനങ്ങൾക്കായി താമസിച്ചത്. മൂന്നുപേരെയും ഓരോ ചുമതലകൾ അദ്ദേഹം ഏൽപ്പിച്ചു. അടുത്ത നാല്പതു നാൾ താൻ ആരെയും കാണുന്നതല്ലെന്നും നിശ്ചിതസമയം കഴിഞ്ഞാൽ 20 ദിവസം കൂടി ഹോശിയാർപൂരിൽ താമസിക്കുന്നതാണെന്നും തദവസരത്തിൽ സന്ദർശകരെ സ്വീകരിക്കുമെന്നും ഒരു ലിഖിതവിജ്ഞാപനം വഴി അദ്ദേഹം വിളംബരപ്പെടുത്തിയിരുന്നു.

തന്റെ ഏകാഗ്രതയെ ഒരുതരത്തിലും ഭംഗപ്പെടുത്തരുതെന്നും, തന്നോടു യാതൊന്നും തന്നെ ചോദിക്കുകയോ പറയുകയോ ചെയ്യരുതെന്നും, നിർദ്ദിഷ്ടകാര്യങ്ങളൊക്കെ നിർവിഘ്നം നിർവ്വഹിച്ചുകൊള്ളണമെന്നും ശിഷ്യന്മാർക്കു നിർദ്ദേശം നൽകി. തന്റെ സവിധത്തിലേയ്ക്ക് ഈ കാലയളവിൽ ആരും ചെല്ലരുതെന്നും ആഹാരം നിശ്ചിതസ്ഥലത്തുവച്ചിട്ട് തിരികെ പൊയ്ക്കൊള്ളണമെന്നും നിർദ്ദേശിക്കപ്പെട്ടു. നമസ്കാരം താൻ ഒറ്റയ്ക്കു നിർവ്വഹിക്കും, ബാക്കിയുള്ളവർ താഴെ കൂട്ടമായി നമസ്കരിച്ചുകൊള്ളണം. ഈ ഏകാന്തവാസക്കാലത്തും

വൃത്താന്തപത്രങ്ങൾ വായിക്കുകയും കത്തുകളെഴുതുകയും ചെയ്യുമായിരുന്നു അദ്ദേഹം.

തന്റെ എല്ലാ ചലനങ്ങളും ദൈവത്തിന്റെ ഹിതത്തിനു വിധേയമായതിനാൽ സ്വകീയമായ ആഗ്രഹങ്ങൾക്കൊന്നും അദ്ദേഹം തെല്ലും സ്ഥാനം കൽപ്പിച്ചിരുന്നില്ല. ഹോശിയാർപൂരിലേയ്ക്കുള്ള യാത്രയും, താമസവും ഒക്കെ ദൈവകൽപ്പന അനുസരിച്ചായിരുന്നു. താൻ എത്ര നാൾ ഇവിടെ തങ്ങുമെന്നോ ഏതു വഴിക്കാണ് ഖാദിയാനിലേയ്ക്കു മടങ്ങുക എന്നോ തനിക്കുപോലും അറിയില്ല എന്ന് അദ്ദേഹം ജലന്തറിലെ തന്റെ വിശ്വസ്ത ശിഷ്യനായ ഹദ്റത്ത് മുൻശി റുസ്ത്തം സാഹിബിനു എഴുതിയിരുന്നു.

ആ രണ്ടുനില മന്ദിരത്തിന്റെ മുകളിലത്തെ മുറിയിൽ ഹദ്റത്ത് അഹ്മദ് (അ) എന്താണു ചെയ്തുകൊണ്ടിരുന്നതെന്നതു ആർക്കും അറിഞ്ഞുകൂടായിരുന്നു. ആഹാരം എത്തിച്ചുകൊടുക്കേണ്ടതുള്ളതുകൊണ്ടുമാത്രം അബ്ദുല്ലാഹ് സൗനരി(റ)യ്ക്ക് മുകളിൽ കയറിച്ചെല്ലാൻ അനുവാദമുണ്ടായിരുന്നു. ഒരിക്കൽ ആ ദിവ്യപുരുഷൻ തന്റെ പ്രിയശിഷ്യനോടു പറഞ്ഞു, "അബ്ദുല്ലാ! ഈ നാളുകളിൽ ദൈവികമായ വലിയ വലിയ അനുഗ്രഹങ്ങളുടെ കവാടങ്ങൾ എനിക്കു തുറന്നു കിട്ടിയിരിക്കുകയാണ്. ചിലപ്പോൾ ദീർഘനേരത്തോളം അല്ലാഹു എന്നോടു സംഭാഷണം നടത്തുന്നു. അവയൊക്കെ കുറിച്ചുവയ്ക്കാൻ എത്ര പേജുകളുണ്ടെങ്കിലും മതിയാവില്ല."

മറ്റൊരിക്കൽ, "ഇതിനുള്ളിൽ പാർക്കുന്നവനും ചുറ്റുമുള്ളവരും അനുഗ്രഹിക്കപ്പെട്ടവർ" എന്നു ഹദ്റത്ത് അഹ്മദിനു ഒരു വെളിപാടുണ്ടായി. ഈ വചനത്തിന്റെ പൂർവ്വഭാഗം തന്നെകുറിച്ചും അപരഭാഗം അപ്പോൾ അവിടെയുണ്ടായിരുന്നവരെക്കുറിച്ചുമാണെന്നും അദ്ദേഹം വ്യക്തമാക്കി. തദവസരത്തിൽ ഫതഹ്ഖാൻ വീട്ടിലുണ്ടായിരുന്നില്ല, പുറത്തെവിടെയോ പോയിരുന്നു. ഫത്ഹ്ഖാൻ പിന്നീട് ആ മഹാത്മാവിനെ വിട്ടുപിരിഞ്ഞു.

നാല്പതു ദിവസം പൂർത്തിയായത് ഫെബ്രുവരി 20നാണ്. അന്നദ്ദേഹം ഒരു വിജ്ഞാപനം പുറത്തിറക്കി. തന്നെകുറിച്ചും, തന്റെ ചില ബന്ധുക്കളെകുറിച്ചും ചില സ്നേഹിതന്മാരെക്കുറിച്ചും, സർ സയ്യിദ് അഹ്മദ്ഖാൻ, മഹാരാജാ ദിലീപ് സിംഗ് എന്നിവരെക്കുറിച്ചും ചില ഭവിഷ്യൽജ്ഞാനങ്ങൾ ദൈവത്തിൽനിന്നും തനിക്കു ലഭിച്ചിരിക്കുന്നുവെന്ന് ആ വിജ്ഞാപനത്തിൽ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. പരിവർത്തനകാരിയും മഹാപ്രതിഭാശാലിയുമായ ഒരു പുത്രനെക്കുറിച്ചുള്ള അതിമഹത്തായ ഒരു പ്രവചനവും ഈ വിജ്ഞാപനത്തിൽ അടങ്ങിയിട്ടുണ്ടായിരുന്നു.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഈ ഏകാന്തവാസം നബിമാരുടെ സുന്നത്തിൽപെട്ടതാണെന്നു കാണാം. മൂസാ നബി (അ) സീനാ പർവ്വതത്തിൽ 40 നാൾ ധ്യാനനിരതനായി കഴിഞ്ഞിട്ടുണ്ട്. ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ ഹിറാ പ്രവാസവും സ്മരണീയമായ ഒരു ചരിത്രസംഭവമാണ്.

1986 ഫെബ്രുവരി 20-നു പ്രസിദ്ധം ചെയ്ത ഒരു വിജ്ഞാപനത്തിൽ, ദൈവം തന്റെ പ്രാർത്ഥനകൾ സ്വീകരിച്ച് തനിക്കായി മഹത്തായ അനുഗ്രഹങ്ങൾ ചൊരിഞ്ഞിരിക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചു. പ്രസ്തുത പ്രസ്താവന ആ മഹാത്മാവിന്റെ തന്നെ വാക്കുകളിൽ കേൾക്കാം.

"അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു. ഞാൻ, നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർത്ഥനകൾക്ക് സ്വീകാര്യം നൽകുകയും, നിന്റെ യാത്ര (ഹോശിയാർപൂരിലേയ്ക്കുള്ള യാത്ര) നിനക്കു അനുഗ്രഹമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടെയും ഔദാര്യത്തിന്റെ യും സായൂജ്യത്തിന്റെയും അടയാളം നിനക്കു നൽകുന്നു. വരപ്രസാദത്തിന്റെയും അനുഗ്രഹവായ്പിന്റെയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കിരീടം നീ ധരിക്കാൻ പോവുകയാണ്. അല്ലയോ ജയശാലീ, നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽ നിന്നു രക്ഷ ലഭിക്കാനും കബറുകളിൽ മറവുചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്ലാം മതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ മാഹാത്മ്യവും ജനങ്ങൾക്കു വെളിപ്പെടുന്നതിനും, ഞാൻ സർവ്വശക്തനും ഇച്ഛിക്കുന്നതു ചെയ്യുന്നവനുമാണെന്നു ലോകത്തിനു മനസ്സിലാക്കുന്നതിനും, ഞാൻ നിന്നോടൊപ്പമാണെന്നു അവർക്കു ദൃഢബോധ്യം വരുന്നതിനും, ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തെയും ഗ്രന്ഥത്തെയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ)യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും, കുറ്റവാളികളുടെ മാർഗ്ഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ, ഇപ്രകാരം ഞാൻ അരുളിയിട്ടുള്ളത്. ആകയാൽ, നിനക്കു സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ഈ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും."

"സുന്ദരനായ ആ പരിശുദ്ധ പുത്രന്റെ പേർ ഇമ്മാനുവേൽ

എന്നും ബശീർ എന്നുമാണ്. അവന് പാവനമായ ആത്മാവു നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം അതീതനായിരിക്കും. അവൻ 'ദൈവത്തിന്റെ പ്രഭ' - നൂറുല്ലാഹ് ആയിരിക്കും."

ദൈവികവചനങ്ങൾ തുടരുന്നു.

"അവന്റെ വരവോടുകൂടി ഒപ്പം അനുഗ്രഹവും വന്നു ചേരും. പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും അവൻ. അവൻ ലോകത്ത് വന്ന് തന്റെ മസീഹി ഗുണവും റുഹൂൽ ഹക്കിന്റെ - സത്യത്തിന്റെ ആത്മാവ് - അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുവല്ലാഹ് - അല്ലാഹുവിന്റെ വചനം - ആകുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളിൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും - ഇതിന്റെ അർത്ഥം മനസ്സിലായിട്ടില്ല - ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ഇതു വിധിച്ചുപോയ കാര്യമാകുന്നു."

സർവ്വശക്തനായ ദൈവം വീണ്ടും സുവാർത്ത നൽകികൊണ്ടു പറഞ്ഞു, 'നിന്റെ ഭവനം അനുഗ്രഹം കൊണ്ടു നിറയ്ക്കപ്പെടും. ഞാൻ എന്റെ അനുഗ്രഹങ്ങൾ നിന്നിൽ പൂർത്തിയാക്കും. അനുഗ്രഹീതരായ സ്ത്രീകളിൽ നിന്ന് നിനക്കു അനേകം തലമുറകൾ ഉണ്ടാവും. ഞാൻ നിന്റെ സന്താനങ്ങളെ പെരുപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. എന്നാൽ, അവരിൽ ചിലർ അൽപ്പായുസ്സുകളായിരിക്കും - ഹദ്റത്ത് അഹ്മദ് (അ)ന്റെ സന്താനങ്ങളിൽ നാലുപേർ ശൈശവത്തിലും ഒരു പുത്രൻ ബാലനായിരുന്നപ്പോഴും മരണമടഞ്ഞു. നിന്റെ സന്താനങ്ങൾ അധികമായ രാജ്യങ്ങളിൽ പരക്കും. നിന്റെ പിതൃവ്യപരമ്പരയിലെ സഹോദരന്മാരുടെ ഓരോ ശാഖയും മുറിക്കപ്പെടും. അവർ പശ്ചാത്തപിക്കുന്നില്ലെങ്കിൽ സ്വയം നാശമടയുംവരെ ഞാൻ അവരിൽ ആപത്തുകൾ ഇറക്കും. അവരുടെ ഭവനങ്ങൾ വിധവകളാൽ നിറയ്ക്കപ്പെടും. ഗൃഹഭിത്തികളിൽ കോപം ഇറങ്ങും. എന്നാൽ അവർ മടങ്ങുന്നെങ്കിൽ ഞാൻ കാരുണ്യപൂർവ്വം മടങ്ങും. ലോകാന്ത്യം വരെ നിന്റെ നാമത്തെ ബഹുമാനപൂർവ്വം നിലനിർത്തും, ഞാൻ നിന്നെ ഉയർത്തുകയും എന്നിലേയ്ക്കു വിളിക്കുകയും ചെയ്യും. എന്നാൽ, ഭൂമിയുടെ ഏടുകളിൽ നിന്ന് ഒരിക്കലും നിന്റെ പേർ എടുക്കപ്പെടുകയില്ല. നിന്നെ അപമാനിക്കാനുള്ള ആലോചനയിലേർപ്പെട്ടിരിക്കുന്നവരും, നീ പരാജയപ്പെട്ടുകാണാൻ ആഗ്രഹിക്കുന്നവരും, നിന്നെ നിർമൂലം നശിപ്പിക്കാൻ പ്രയത്നിക്കുന്നവരും ആശയറ്റവരായിത്തീരും. അവർ നിഷ്ഫലതയിലും നിരാശയിലുംപെട്ട് ഒടുങ്ങിപ്പോകും. എന്നാൽ ഞാൻ നിന്നെ പൂർണ്ണമായും വിജയശ്രീലാളിതനാക്കുകയും നിന്റെ എല്ലാ അർത്ഥനകളും നിനക്കു സാധിപ്പിച്ചുതരികയും ചെയ്യും. നിന്നോടു കൂറു പുലർത്തുന്നവരെയും നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരെയും ഞാൻ വളർത്തും. അവരിലും അവരുടെ സമ്പത്തിലും ഞാൻ അനുഗ്രഹം ചൊരിയും."

"നീ എനിക്ക് ബനീഇസ്രായീലിലെ നബിമാരെപ്പോലെയത്രെ; അതായത് പ്രതിരൂപാത്മക സാദൃശ്യമുള്ളവർ. നീ എനിക്കു എന്റെ തൗഹീദ് പോലെയാകുന്നു. നീ എന്നിൽ നിന്നും ഞാൻ നിന്നിൽ നിന്നും ആകുന്നു. രാജാക്കന്മാരുടെയും ഭരണത്തലവന്മാരുടെയും ഹൃദയങ്ങളിൽ നിന്നോടുള്ള സ്നേഹം ജനിപ്പിക്കുന്ന ആ നാൾ ഇതാ വരുന്നു. അല്ല, അതു വളരെ അടുത്താണ്. അവർ നിന്റെ വസ്ത്രങ്ങളിൽ നിന്നു അനുഗ്രഹം തേടും. ഹേ നിഷേധികളേ, സത്യത്തിന്റെ വിരോധികളേ, നിങ്ങൾ എന്റെ ദാസന്റെ കാര്യത്തിൽ സംശയഗ്രസ്തരാണെങ്കിൽ, നാം നമ്മുടെ ദാസനു നൽകിയ അനുഗ്രഹത്തെയും ഔദാര്യത്തെയും നിഷേധിക്കുന്നുവെങ്കിൽ, ഈ അനുഗ്രഹാടയാളത്തിനു തത്തുല്യമായ ഒന്നു നിങ്ങളും കൊണ്ടുവരുവിൻ. നിങ്ങൾക്ക് ഒരിക്കലും അതിനു കഴിയുകയില്ല എന്നോർത്തു കൊള്ളുക. ധിക്കാരികൾക്കും അസത്യവാന്മാർക്കും അതിക്രമകാരികൾക്കുംവേണ്ടി ഒരുക്കപ്പെട്ട തീനാളത്തെ ഭയപ്പെട്ടുകൊള്ളുക."

1886 ഫെബ്രുവരി 29-ന് ഹോശിയാർപൂരിൽ പ്രസിദ്ധം ചെയ്ത ഒരു വിജ്ഞാപനത്തിൽ മഹാരാജാ ദിലീപ് സിങ്ങിനെ സൂചിപ്പിച്ചുകൊണ്ട് തനിക്കു ലഭിച്ച ഒരു വെളിപാടിനെപ്പറ്റി ഹദ്റത്ത് അഹ്മദ് (അ) സൂചിപ്പിക്കുകയുണ്ടായി.

ആരാണീ ദിലീപ് സിങ്ങ്....?

സിക്കുകാരുമായുള്ള യുദ്ധത്തിൽ അവരെ തോൽപ്പിച്ചാണ്, അന്ന് ഇംഗ്ലീഷുകാർ പഞ്ചാബിൽ ഭരണം ഉറപ്പിച്ചത്. അപ്പോൾ പഞ്ചാബ് ഭരിച്ചിരുന്നത് മഹാരാജാ രൺജിത്ത് സിങ്ങായിരുന്നു. അയാൾ പഞ്ചാബിലെ മുസ്‌ലിംകളെ വളരെയധികം പീഡിപ്പിച്ചിരുന്ന ഒരു ക്രൂരനായ ഭരണാധികാരിയായിരുന്നു.

മഹാരാജാ രൺജിത്ത് സിങ്ങിന്റെ മരണസമയത്ത് കിരീടാവകാശിയായ മകൻ ദിലീപ് സിങ്ങിനു പ്രായം അഞ്ചു വയസ്സ്. ബ്രിട്ടീഷ് ഭരണമാണ് നടക്കുന്നത്. ബാലനായ ദിലീപിനെ പഞ്ചാബിൽ നിർത്തുന്നത് അഭിലഷണീയമല്ലെന്നു ബ്രിട്ടീഷ് ഭരണാധികാരികൾക്കു തോന്നി. ബാലനെ അമ്മറാണി ഇംഗ്ലണ്ടിലേയ്ക്കു കൊണ്ടുപോയി. ഒരു ഗൂഢാലോചന കേസുമായി ബന്ധ

**(ശേഷം 39-ൽ)**

അഹ്മദ്ഖാൻ, കളിയിക്കാവിള

ലേഖനം

# പരസ്യവും പാവം ഉപഭോക്താവും

**പരസ്യങ്ങൾ വിലവർദ്ധിപ്പിക്കുകയും ഗുണനിലവാരം തകർക്കുകയും ചെയ്യുന്നു എന്നാണ് ലേഖകന്റെ വാദം.**

ആവശ്യത്തിനനുസൃതമായ ഉല്പാദനമില്ലായ്മയും, പൂഴ്ത്തിവയ്പും മാത്രമല്ല, അമിതമായ പരസ്യച്ചിലവുകളും സാധനങ്ങളുടെ വിലവർദ്ധനക്ക് ഇടയാക്കുന്നു. പരസ്യം കച്ചവടത്തിന്റെ ഭാഗം തന്നെ; തർക്കമില്ല. പക്ഷേ പരസ്യത്തിന്നായി കോടികൾ ധൂർത്തടിച്ച്, ആ ഭാരം മുഴുവൻ ഉപഭോക്താവിന്റെ തലയിൽ കെട്ടിവയ്ക്കണോ?

പരസ്യങ്ങളിന്ന് നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുകയാണ്. ഉല്പന്നങ്ങൾ, സേവനങ്ങൾ എന്നിവയെക്കുറിച്ച് ഉപഭോക്താവിന്നറിവു പകരുകയും, അവയുടെ ഉപയോഗവും ലഭ്യതയും വിവരിക്കുകയും ചെയ്യൽ പരസ്യത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

മനുഷ്യദൃഷ്ടി അനായാസം കടന്നുചെല്ലുന്ന സ്ഥലങ്ങളാണ് പരസ്യത്തിനായി പൊതുവെ തെരഞ്ഞെടുക്കപ്പെടുന്നത്. പത്ര-മാധ്യമങ്ങൾ, പബ്ളിക് നോട്ടീസുകൾ, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ചുവർചിത്രങ്ങൾ, ബസ്സിന്റെ പാർശ്വഭാഗങ്ങൾ, ബാനറുകൾ, വഴിയോരങ്ങളെ വിഴുങ്ങിനില്ക്കുന്ന പടുകൂറ്റൻ ബോർഡുകൾ എന്നിവയിലൂടെ പരസ്യങ്ങൾ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. റേഡിയോ പണ്ടുമുതൽക്കേയുള്ള ഒരു പരസ്യമാധ്യമമാണ്. അതിലൂടെ നാം പരസ്യങ്ങൾ കേൾക്കുകയും ചെയ്യുന്നു.

ഇവയിൽ ഏറ്റവും ശക്തവും, കാര്യക്ഷമവുമായ ആഗോളപരസ്യമാധ്യമം ടെലിവിഷൻ തന്നെ. ടെലിവിഷനിലൂടെയുള്ള പരസ്യത്തിന് തുടക്കം കുറിച്ചത് 1941 ജൂലായ് മാസം ഒന്നാം തിയ്യതിയായിരുന്നു. ബുളോവാ വാച്ച് കമ്പനിക്കു വേണ്ടിയുള്ള ഈ പരസ്യം ന്യൂയോർക്ക് സിറ്റി എൻ.ബി.സി.യാണ് (ഇന്ന് അതിന്റെ പേര് WNBC) പ്രക്ഷേപണം ചെയ്തത്. ബ്രൂക് ലൈൻ ഡോഡ്ജേഴ്സും, ഫിലാഡിഫിയ ഫില്ലീസും തമ്മിൽ നടന്ന ഒരു ബെയ്സ്ബാൾ മത്സരം പ്രക്ഷേപണം ചെയ്യുന്നതിനു തൊട്ടുമുമ്പായി നിർവ്വഹിച്ച ഈ ഇരുപതു സെക്കന്റു ടി.വി. പരസ്യത്തിന്റെ ചാർജ് വെറും ഒൻപതു അമേരിക്കൻ ഡോളറായിരുന്നു. പക്ഷേ കഥയാകെ മാറി, പരസ്യത്തിന്റെ ചാർജ് ഇന്ന് അത്യൽഭുതകരമാംവണ്ണം വർദ്ധിച്ചിരിക്കുകയാണ്. അമേരിക്കയിൽ സൂപ്പർബൗൾ ഫൂട്ബോൾ കളിക്കിടയിൽ കാണിക്കുന്ന മുപ്പതു സെക്കന്റ് ടി.വി. പരസ്യത്തിന്റെ ശരാശരി ചാർജ് 2008 ഫെബ്രുവരി വരെ 2.7 മില്യൻ അമേരിക്കൻ ഡോളറാണ്. (ഏകദേശം 10,53,00,000/- ഇൻഡ്യൻ രൂപ) അത്ഭുതം തോന്നുന്നില്ലേ?

ഉല്പന്നങ്ങളുടെ വില്പന വേഗത ത്വരിതപ്പെടുത്താൻ വൻകിട ഉല്പാദകരും, അവരുടെ പരസ്യ ഏജൻസികളും ടെലിവിഷൻ ചാനലിനേയാണ് മുഖ്യമായും ആശ്രയിക്കാറ്. ഉല്പന്നങ്ങളെ, ഇല്ലാത്ത മേന്മയുടെ ആഭരണവും, പരസ്യപ്പട്ടുമുടുപ്പിച്ച് കമ്പോളത്തിലിറക്കി ലാഭം കൊയ്യലാണവരുടെ ഉദ്ദേശ്യം. ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി അവർ പ്രയോഗിക്കുന്ന തന്ത്രം, സിനിമാതാരങ്ങൾ, ക്രിക്കറ്റ് കളിക്കാർ, മോഡലുകൾ എന്നിവരെക്കൊണ്ട് ടെലിവിഷനിലൂടെ ഉല്പന്നങ്ങളെ അവതരിപ്പിക്കലാണ്. വസ്ത്രലുബ്ധിലൂടെ അംഗലാവണ്യം പ്രകടിപ്പിച്ചും, ഇണയുടെ കാതു കടിച്ചും ഉപഭോക്താവിന്റെ മൃദുലവികാരങ്ങളെ നുള്ളിയുണർത്തി ഉല്പന്നങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചു ടെലിവിഷൻ സ്ക്രീനിൽ മിന്നിമറയുന്ന ഇക്കൂട്ടർ പറ്റുന്ന പ്രതിഫലം കോടികളാണ്. ടെലിവൈസ് ചെയ്യുന്ന സിനിമകൾ, സീരിയലുകൾ, മറ്റു ജനപ്രിയ പരിപാടികൾ എന്നിവ ഇടക്കിടെ ബ്രേക്കിട്ടു നിർത്തി നിർത്തിയാണ് പരസ്യങ്ങൾ പൊടിപൊടിക്കുന്നത്. ഇത്തരം പരിപാടികൾ മിക്കതും സ്പോൺസർ ചെയ്യുന്നത് വൻകിട ഉല്പാദകരോ അല്ലെങ്കിൽ അവരുടെ മാർക്കറ്റിംഗ് ഏജൻസികളോ ആണ്. കൂണുകൾ

കണക്കേ പൊട്ടിമുളയ്ക്കുന്ന ടെലിവിഷൻ ചാനലുകളുടെ നിലനിൽപു തന്നെ ഇന്ന് ഇത്തരം സ്പോൺസർമാരേയും പരസ്യങ്ങളേയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അതിനൊരപവാദം MTA (മുസ്‌ലിം ടെലിവിഷൻ അഹമദിയ്യ) മാത്രമേയുള്ളൂ. അതിൽ പരസ്യങ്ങളും സിനിമയും സീരിയലുകളുമൊന്നുമില്ല.

പരസ്യങ്ങൾ മനുഷ്യരിലസ്വസ്ഥത പകരുകയും, സാധനവില വർദ്ധിപ്പിക്കുകയും, ചെറുകിട ഉല്പാദകരെ തകർക്കുകയും ചെയ്യുന്നുവെന്നു പറഞ്ഞാലെത്ര പേരുണ്ടാവുമത് വിശ്വസിക്കാൻ? പക്ഷേ അതൊരു സത്യം മാത്രമാണ്.

മനുഷ്യനാവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ, പാനീയം, പാർപ്പിടം, വസ്ത്രം, പാദരക്ഷകൾ, ടൂത്ത്പെയിസ്റ്റ്, ബ്രഷ്, കുളിസോപ്പ്, ഡിറ്റർജന്റുകൾ, സൗന്ദര്യവർദ്ധകവസ്തുക്കൾ, സുഗന്ധദ്രവ്യങ്ങൾ, സ്വർണ്ണാഭരണങ്ങൾ, ഗൃഹോപകരണങ്ങൾ, ഫർണിച്ചറുകൾ, ഇരുചക്രവാഹനങ്ങൾ, കാറുകൾ എന്നു തുടങ്ങി ഗർഭനിരോധന ഉറകൾ വരെ ഇന്ന് പരസ്യത്തിന്റെ മാസ്മര വലയത്തിനുള്ളിലാണ്. ഇവ കൂടാതെ സേവനങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയേയും പരസ്യം അതിന്റെ വലയത്തിനുള്ളിൽ ഗ്രസിച്ചു കഴിഞ്ഞു.

വശ്യസുന്ദരമായി പരസ്യപ്പെടുത്തുന്ന നവാഗത വസ്തുക്കളെ ടി. വി. സ്ക്രീനിൽ കാണുന്ന ഉപഭോക്താക്കൾ അവയെ സ്വന്തമാക്കാൻ വ്യഗ്രതപൂണ്ട് ഭ്രാന്തന്മാരെപ്പോലെ ഓടിനടക്കുകയാണ്. അവരുടെ ചിന്ത, വസ്തുവിന്റെ ഗുണമേന്മയെയോ അതിന്റെ അമിതവിലയെയോ കുറിച്ചൊന്നുമല്ല. മറിച്ച്, എങ്ങനെയെങ്കിലും അവയെ സ്വന്തമാക്കണം; അതാണവരുടെ ചിന്ത. സാമ്പത്തികശേഷി അവർക്കൊരു പ്രശ്നമല്ല. കയ്യിൽ കാശില്ലെങ്കിൽ അമിത പലിശക്ക് കടമെടുക്കാനും അവർ തയ്യാറാണ്. വസ്തു സ്വന്തമായിക്കഴിയുമ്പോഴാണ്, കടക്കെണിയെക്കുറിച്ചവരോർക്കുന്നത്. കടബാദ്ധ്യത അവരെ അസ്വസ്ഥരാക്കുന്നു. മാനഹാനിയും മനഃക്ലേശവും അവരെ ആത്മഹത്യക്കു വരെ പ്രേരിപ്പിക്കുന്നു. ആത്മഹത്യ പാപമാണെന്ന കാര്യം പാവമവരറിയുന്നില്ല.

ആവശ്യാനുസൃതമായ ഉല്പാദനമില്ലായ്മയും, പൂഴ്ത്തിവയ്പും മാത്രമല്ല, അമിതമായ പരസ്യച്ചിലവുകളും സാധനങ്ങളുടെ വിലവർദ്ധനക്കിടയാക്കുന്നുവെന്നതാണ് വസ്തുത. പരസ്യങ്ങൾക്കായി ചിലവഴിക്കുന്ന കോടികൾ ഉല്പന്നങ്ങളുടെ മുകളിൽ ചുമത്തിയാണ് അവയുടെ വില നിശ്ചയിക്കാറ്. ചിലവഴിക്കുന്ന പരസ്യത്തുകയുടെ ഏറ്റക്കുറച്ചിലിനെ ആശ്രയിച്ചിരിക്കുന്നു വിലനിലവാരം. പ്രത്യക്ഷത്തിൽ പരസ്യത്തുക നൽകുന്നത്. ഉല്പാദകരോ, അവരുടെ ഏജൻസികളോ, ആണെങ്കിലും, ഫലത്തിൽ ആ ഭാരം ഇടിത്തീപോലെ വന്നു പതിക്കുന്നത് ഉപഭോക്താവിന്റെ തലയിലാണ്. പരസ്യപ്പകിട്ടിലാകൃഷ്ടരായി ഉല്പന്നങ്ങളുടെ പിന്നാലെ വിറളിപൂണ്ടോടുന്ന പാവം ഉപഭോക്താവറിയുന്നുണ്ടോയിക്കാര്യം? ഒരുപക്ഷേ പത്തു രൂപയ്ക്കു വാങ്ങാൻ കഴിയുമായിരുന്ന ഒരു സാധനത്തിന് അൻപതു രൂപാ കൊടുത്തു വാങ്ങേണ്ടുന്ന ഗതികേട് ഉപഭോക്താവിനുണ്ടാകുന്നത് പരസ്യച്ചിലവുകൾ കൊണ്ടാണെന്ന വസ്തുത അവരോർക്കുന്നുണ്ടോ?

പരസ്യങ്ങൾ ഗുണമേന്മയുള്ള വസ്തുക്കളുടെ വില്പനയെ തകർക്കുന്നു. ഗുണമേന്മയുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന ചെറുകിട ഉല്പാദകർക്ക്, വൻകിട ഉല്പാദകരെപ്പോലെ പരസ്യത്തിന് വൻതുക മുടക്കാൻ കഴിവില്ലാത്ത കാരണത്താൽ കമ്പോളത്തിലവരുടെ ഉല്പന്നങ്ങൾക്ക് പിടിച്ചുനിൽക്കാനാവുന്നില്ല. അവരുടെ സംരംഭം മുളയിലേ നുള്ളിയെറിയപ്പെടുന്നു. ഇവിടെ പരസ്യങ്ങൾ പരസ്യങ്ങളില്ലാത്ത ഉല്പന്നങ്ങളുടെ വില്പനയെ തകർക്കുകയല്ലേ ചെയ്യുന്നത്? ഒരു സാധനം രണ്ടു വ്യത്യസ്ത ഉല്പാദകർ ഉല്പാദിപ്പിക്കുന്നുവെന്ന് വയ്ക്കുക; ഒന്ന് ഗുണമേന്മയുള്ളതും, മറ്റൊന്ന് ഗുണമേന്മ കുറഞ്ഞതും. ഗുണമേന്മ കുറഞ്ഞ സാധനത്തിന് അടിപൊളി പരസ്യമുണ്ടെങ്കിൽ അധികവില കൊടുത്തു അത് വാങ്ങാനാളുണ്ടാവും. പക്ഷേ ഗുണമേന്മയുള്ള അതേ സാധനം വില കുറച്ചുകൊടുത്താലും പരസ്യത്തിന്റെ അപര്യാപ്തത കാരണം വാങ്ങാനാളെ കിട്ടുന്നില്ല. ഈ സ്ഥിതി വിശേഷത്തിനൊരുമാറ്റം വേണ്ടേ?

ചെറുകിട ഉല്പാദകരുൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള സാധനങ്ങൾ കമ്പോളത്തിലെത്തുമ്പോൾ ചെറുകിട വ്യാപാരികൾ, മുൻഗണന നൽകി അവ വിൽക്കുകയും, ഉപഭോക്താക്കൾ താല്പര്യപൂർവ്വം അതു വാങ്ങുകയും ചെയ്താൽ കുഴപ്പമൊന്നും സംഭവിക്കുകയില്ലല്ലോ; ഉല്പാദക കുത്തകകളുടെ അനിയന്ത്രിത വളർച്ചക്ക് കടിഞ്ഞാണിടാനും സാമ്പത്തിക സന്തുലിതാവസ്ഥ സംജാതമാക്കാനും അത് സഹായിക്കുകയല്ലേയുള്ളൂ. ചെറുകിട വ്യാപാരികൾക്ക് ലാഭവിഹിതം കൂടുതലും കിട്ടും, സാധനങ്ങൾക്ക് വിലക്കുറവുമുണ്ടാകും. ഇക്കാര്യം പരീക്ഷിച്ചുകൂടെ?

പരസ്യമില്ലെങ്കിൽ കമ്പോളത്തിലിറങ്ങുന്ന നവംനവങ്ങളായ വിവിധതരം ഉല്പന്നങ്ങളെകുറിച്ച് ഉപഭോക്താവ് എങ്ങനെയറിയുമെന്ന സംശയം ഉയർന്നുവന്നേയ്ക്കാം. കഴമ്പുള്ള സംശയം തന്നെ. പരസ്യങ്ങൾ മൊത്തത്തിൽ ഒഴിവാക്കണമെന്നൊരിക്കലും പറയുന്നില്ല. കാരണം പരസ്യം കച്ചവടത്തിന്റെ ഭാഗമാണെന്നതു തന്നെ. പറയുന്നത്, ഉപഭോക്താവിന്റെ നടുവൊടിക്കും വിധം അമിതവിലവർദ്ധനക്കിടയാ

ക്കുന്ന രാജകീയ പരസ്യങ്ങൾ ഒഴിവാക്കണമെന്ന് മാത്രമാണ്.

ഉപഭോക്താവ് സമ്പർക്കം പുലർത്തുന്നത് എപ്പോഴും ചില്ലറ വ്യാപാരികളുമായിട്ടാണ്. ചില്ലറ വ്യാപാരികൾക്ക് ചിലവുകുറഞ്ഞ പരസ്യങ്ങൾ നിർവ്വഹിക്കാനാവും. അവർക്ക് അവരുടെ പീടികകൾക്ക് മുന്നിൽ ബോർഡുകളോ ബേനറുകളോ സ്ഥാപിച്ച് നവജാത വസ്തുക്കളെകുറിച്ച് പരസ്യം ചെയ്യാം. ചെറുകിട വ്യാപാരികൾ സത്യസന്ധതയോടെ അവർ കൈകാര്യം ചെയ്യുന്ന ഗുണമേന്മയുള്ള സാധനങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ പറഞ്ഞു മനസ്സിലാക്കിക്കാം. ഇതു പരസ്യം തന്നേയാണ്. യഥാർത്ഥ ഗുണമേന്മയുള്ള ഒരു വസ്തുവിനെക്കുറിച്ച് ഒരു ഉപഭോക്താവിന് അറിവു ലഭിച്ചാൽ അയാൾ തങ്ങളുടെ സുഹൃത്തുക്കളേയോ, ബന്ധുക്കളേയോ അക്കാര്യം തെര്യപ്പെടുത്തുന്നത് ഒരു സാമൂഹിക ബാദ്ധ്യതയായി കണക്കാക്കി പ്രവർത്തിക്കണം. ഇതു ഒരു പരസ്യമാണ്. ഇതിന് പ്രത്യേക പണച്ചിലവൊന്നും വേണ്ടിവരുന്നില്ല. സുഹൃത്തുക്കളെയോ ബന്ധുക്കളെയോ കണ്ടുമുട്ടുമ്പോഴോ, ഫോണിലൂടെ ബന്ധപ്പെടുമ്പോഴോ അക്കാര്യം നിർവഹിക്കാവുന്നതേയുള്ളു. ഇപ്പോൾ ഫോണില്ലാത്ത വീടുകൾ വിരളമല്ലേ? സ്ത്രീകൾക്ക് ഇക്കാര്യത്തിൽ മഹത്തായ സേവനമനുഷ്ഠിക്കാനാകും.

ഉപഭോക്താവാണ്, ഒരു വസ്തുവിന്റെ ഗുണമേന്മയെകുറിച്ച് വിധി പറയേണ്ടത്. സത്യസന്ധനായ ഒരു മെക്കാനിക്കൽ എഞ്ചിനീയർ ഒരു വാഹനത്തിന്റെ ഗുണമേന്മയെക്കുറിച്ചു പറഞ്ഞാൽ മനസ്സിലാവും. ഒരു സിനിമാതാരമോ മോഡലോ, ക്രിക്കറ്റു കളിക്കാരനോ, കാറിന്റെ മേന്മയെക്കുറിച്ചു പറയുന്നത് ഒരു സസ്യഭുക്ക് മാംസാഹാരത്തിന്റെ രുചിയെ വാഴ്ത്തുന്നതുപോലെയല്ലേ? പരസ്യം കച്ചവടത്തിന്റെ ഭാഗം തന്നെ; തർക്കമില്ല; പക്ഷേ പരസ്യത്തിനായി കോടികൾ ധൂർത്തടിച്ചു ആ ഭാരം മുഴുവൻ പാവം ഉപഭോക്താവിന്റെ തലയിൽ കെട്ടിവയ്ക്കുന്ന പ്രവണത ഒഴിവാക്കിക്കൂടെ? ●

---

***(36-ൽ നിന്ന് തുടർച്ച)***

പ്പെട്ടാണ് ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഈ നടപടി.

ബാലനായ ദിലീപ് ഇംഗ്ലണ്ടിൽ വളർന്നു. അവന്നു വേണ്ട വിദ്യാഭ്യാസമൊക്കെ നൽകപ്പെട്ടു.

ദിലീപ് യുവാവായി. ഇതിനിടെ പഞ്ചാബിൽ സിക്കുകാർക്കു ഭരണം വീണ്ടുകിട്ടുകയും ചെയ്തു.

വിക്ടോറിയ മഹാറാണിയുടെ ഓമനയായി വളർന്ന ദിലീപ് ക്രിസ്തുമതം സ്വീകരിച്ചതായും പറയപ്പെടുന്നു.

മഹാരാജാ ദിലീപ് സിങ്ങിനെ പഞ്ചാബിലേയ്ക്ക് മടക്കിക്കൊണ്ടുവരണമെന്ന് സിക്കുകാർ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. പ്രശ്നമൊക്കെ തീർന്ന സാഹചര്യത്തിൽ ബ്രിട്ടീഷ് സർക്കാർ അതിനു സമ്മതിക്കുകയും ചെയ്തു.

അയാളുടെ പഞ്ചാബിലേയ്ക്കുള്ള വരവു, പഞ്ചാബിലെ മുസ്‌ലിം സമൂഹത്തിന് ഒരു കടുത്ത ഭീഷണിയാവുമായിരുന്നു. ബ്രിട്ടീഷ് ഭരണമാണ് പഞ്ചാബിൽ, സിക്കുകാരിൽ നിന്ന് മുസ്‌ലിംകൾക്ക് സംരക്ഷണം നൽകിയിരുന്നത് ഇംഗ്ലീഷുകാരായിരുന്നു.

പുതിയ സാഹചര്യം മുസ്‌ലിം സമൂഹത്തെ ആശങ്കയുടെ നിഴലിലാക്കി.

ദിലീപ് സിങ്ങ് ഇന്ത്യയിലേയ്ക്കു പുറപ്പെട്ടു. അതറിഞ്ഞ സിക്കുകാർ സന്തോഷം കൊണ്ടു തുള്ളിച്ചാടി.

ഹദ്റത്ത് അഹ്മദ് (അ)-നു ഒരു ആത്മദർശനം ലഭിച്ചു. അദ്ദേഹത്തിനു ലഭിച്ച വ്യക്തമായ ആ വെളിപാടിൽ മഹാരാജാ ദിലീപ് സിങ്ങിനു പഞ്ചാബിൽ കാലുകുത്താനാവില്ല എന്ന അറിയിപ്പാണുണ്ടായിരുന്നത്. മാത്രമല്ല, ദിലീപ് സിങ്ങിന് ഈ യാത്രയിൽ അദ്ദേഹത്തിന്റെ അന്തസ്സിനു ഹാനിതട്ടുംവിധമുള്ള സംഭവവികാസം ഉണ്ടാവുമെന്നും അറിയിക്കപ്പെട്ടു. ഒരുപക്ഷേ ജീവഹാനി തന്നെ ഉണ്ടായേക്കാമെന്നും സൂചനയുണ്ടായി. ദിലീപ് സിങ്ങ് ഇന്ത്യയിലേയ്ക്ക് പുറപ്പെടുന്നതിനു എത്രയോ മുമ്പായിരുന്നു ഈ വെളിപാടും, പ്രവചനവും. ഇത്, 1886 ഫെബ്രുവരി 20-ലെ വിജ്ഞാപനത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു.

ഈ പ്രവചനം ഫലിക്കില്ലെന്നു പലരും കരുതി.

മഹാരാജാ ദിലീപ് സിങ്ങിന്റെ കപ്പൽ ഇംഗ്ലണ്ടിൽ നിന്നും പുറപ്പെട്ട്, സൂയസ് തോടിലൂടെ കുതിച്ചുനീങ്ങി ഏഡനിലെത്തി. ഇനി ഏതാനും ദിവസങ്ങൾ കൂടി മതി, മഹാരാജാവു തിരുമനസ്സിനു പഞ്ചാബിൽ കാലുകുത്താൻ. സിക്ക് പൗരന്മാർ ആഹ്ലാദത്തോടെ ദിലീപ് സിങ്ങിനെ വരവേൽക്കാൻ ഒരുക്കങ്ങൾ തുടങ്ങി. സന്തോഷാഹ്ലാദത്തോടെ മഹാരാജാവിനെ കാത്തുനിന്ന സിക്കുസമുദായത്തെയും, ആയിരക്കണക്കിനു മറ്റു പൗരന്മാരെയും അമ്പരിപ്പിച്ച്, ഹതാശരാക്കിക്കൊണ്ട്, ഒരറിയിപ്പു വരുന്നു. ദിലീപ് സിങ്ങിനെയും കയറ്റിവന്ന കപ്പൽ ഏഡനിൽ നിന്ന് ഇംഗ്ലണ്ടിലേയ്ക്കു തന്നെ തിരിച്ചുപോകുന്നുവന്ന്. അമൃതസ്റിൽ നിന്നും പുറപ്പെടുന്ന 'റിയാസ് സിങ്ങ്' പത്രത്തിൽ അച്ചടിച്ചുവന്ന ഈ വാർത്ത സകലരെയും ഞെട്ടിച്ചു, ഹദ്റത്ത് അഹ്മദ് (അ)നെ ഒഴികെ.

ചില പുതിയ സംഭവ വികാസങ്ങളുടെ വെളിച്ചത്തിൽ, മഹാരാജാ ദിലീപ് സിങ്ങ് പഞ്ചാബിലേയ്ക്കു മടങ്ങി വരുന്നതു ബ്രിട്ടീഷ് താല്പ

***(ശേഷം 42-ൽ)***

കുറിപ്പുകൾ

മുസാഫിർ

# അംമ്പിയാക്കന്മാരുടെ പിൻമുറക്കാർ ഇങ്ങിനെയോ?

മുസ്‌ലിംകളെ ബാധിച്ച ഏറ്റവും വലിയ ദുരന്തം മതകക്ഷികളുടെ പ്രളയമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകം വരെ ഒരു ഖലീഫയുടെ ആഗോളനേതൃത്വത്തിൻ കഴിഞ്ഞിരുന്ന മുസ്‌ലിം സമുദായത്തെ ഭാഗം വെച്ച തറവാടുസ്വത്തുപോലെ മുസ്‌ലിം ഉലമാക്കന്മാർ വീതിച്ചെടുത്തിരിക്കുന്നു. ഏറ്റവും രസകരമായ വസ്തുത മുസ്‌ലിം ഉമ്മത്തിനെ രക്ഷിക്കാൻ ഇറങ്ങി പുറപ്പെട്ട ഓരോ മുസ് ലിംകക്ഷിയുടേയും ഏറ്റവും വലിയ പ്രതിയോഗിയും ശത്രുവും മറ്റൊരു മുസ്‌ലിം കക്ഷിയാണ് എന്നുള്ളതാണ്. അംബിയാക്കന്മാരുടെ പിൻതുടർച്ചക്കാർ എന്ന് അഭിമാനിക്കുന്ന ഉലമാക്കന്മാർ സമുദായത്തിന് നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങളിൽ ചിലതാണിത്.

മുസ്‌ലിംകൾക്ക് അല്ലാഹു ഖുർആനിൽ നൽകിയ വാഗ്ദാനമാണ് ഖിലാഫത്ത്. അതിന്റെ സാക്ഷാത്ക്കാരമെന്നോളം 13 നൂറ്റാണ്ടുകളായി മുസ്‌ലിം സമൂഹത്തിന് അനിഷേധ്യമായ നേതൃത്വം നൽകിക്കൊണ്ട് ഖിലാഫത്ത് നിലവിലുണ്ടായിരുന്നു. പല ഭാവപകർച്ചകളും ഗതിവ്യതിയാനങ്ങളും ഖിലാഫത്തിനുണ്ടായിരുന്നുവെങ്കിലും ഇസ്‌ലാം ചരിത്രം സൃഷ്ടിച്ചത് ഈ അനുഗ്രഹീത സ്ഥാപനത്തിനു കീഴിലായിരുന്നു. അമവിയ്യാ; അബ്ബാസിയ്യ; ഉസ്മാനിയ്യാ നേതൃത്വങ്ങൾ ഖിലാഫത്തിന്നുണ്ടായി. അവസാനം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകളിൽ തുർക്കി ഖിലാഫത്തിന്റെ പതനത്തോടെ മുസ്‌ലിംകൾക്ക് ആഗോള നേതൃത്വം നഷ്ടപ്പെട്ടു. ഈ മഹാസംഭവത്തെപ്പറ്റി റസൂൽ തിരുമേനി(സ) പ്രവചിച്ചതാണ്. ഖിലാഫത്ത് ഇല്ലാതാവുന്നതിന് മുമ്പേ തന്നെ നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് യഥാർത്ഥ ഇസ്‌ലാമിക ചൈതന്യത്തോ ടെ അല്ലാഹു പുനഃസ്ഥാപിക്കുമെ ന്നും പ്രവചനമുണ്ടായിരുന്നു. വാഗ്ദത്ത മഹ്ദി ഹദ്‌റത്ത് അഹ്മദ് (അ)ന്റെ ആവിർഭാവത്തോടെ അതും സാക്ഷാത്ക്കരിക്കപ്പെട്ടു. അതിനുശേഷം ദീനുൽ ഇസ്‌ലാമിന്റെ പ്രാതിനിധ്യം അഹ്മദിയ്യാ ഖിലാഫത്തിലേക്ക് വഴിമാറുകയും ചെയ്തു.

ഉഥ്മാനിയാ ഖിലാഫത്തിന്റെ പതനത്തിനുശേഷം നേതൃശൂന്യത അനുഭവപ്പെട്ട ഭൂരിപക്ഷം മുസ്‌ലിംകൾ യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്തായ അഹ്മദിയ്യാ ഖിലാഫത്തിലേക്ക് പോകുന്നതിന് പകരം ഭൗതിക രാഷ്ട്രീയപാർട്ടികളെ അനുകരിച്ച് കക്ഷികളായി സംഘടിച്ച് ഉലമാക്കൾക്ക് പിന്നിൽ അണിനിരക്കുകയാണ് ചെയ്തത്. ഇന്ന് കാണുന്ന എല്ലാ മുസ്‌ലിം കക്ഷികളും ഉഥ്മാനിയാ ഖിലാഫത്തിന് ശേഷം പിറന്നതാണെന്ന വസ്തുത വളരെ ശ്രദ്ധേയമാണ്. ഖിലാഫത്തിന്റെ സത്ഫലങ്ങൾ തങ്ങളുടെ കസ്റ്റഡിയിലള്ള മുസ്‌ലിം കക്ഷികളിലൂടെ സാധ്യമാവുമെന്ന് കക്ഷി പ്രഭുക്കളായ ഉലമാക്കന്മാരുടെ ധാരണ. 'പൊട്ടക്കിണറ്റിൽ പുളവൻ ഫണീന്ദ്രൻ' എന്ന പോലെ ഈ കക്ഷി സാമ്രാജ്യത്തിലോരോന്നിന്റെയും ഖലീഫ താനാണെന്ന മട്ടിൽ ഓരോ കക്ഷിനേതാക്കന്മാരും നിഷ്ക്കളങ്കരായ മുസ്‌ലിംകളെ ഭരിക്കുകയാണ്. മുസ്‌ലിം സമൂഹം നേരിടുന്ന ഈ ഭയാനകമായ അവസ്ഥയെ സംബന്ധിച്ചാണ് റസൂൽ തിരുമേനി പ്രവചിച്ചത്.

*'ഒരു ജോഡി ചെരിപ്പ് അന്യോന്യം സാദൃശ്യമുള്ളവയായിരിക്കുന്ന പ്രകാരം ഇസ്രായിൽക്കാരിൽ സംഭവിച്ചത് പോലെയെല്ലാം തീർച്ചയായും എന്റെ ഉമ്മത്തിലും സംഭവിക്കും. ഇങ്ങേയറ്റം അവരിൽ വല്ലവനും തന്റെ മാതാവിനെ പരസ്യമായി പരിഗ്രഹിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും എന്റെ ഉമ്മത്തിലും അപ്രകാരം ചെയ്യുന്നവരുണ്ടായ് വരും. ഇസ്രായേൽക്കാർ എഴുപത്തിരണ്ടു കക്ഷികളായി പിരിഞ്ഞു. എന്റെ ജനമാകട്ടെ എഴുപത്തിമൂന്നു കക്ഷികളായി പിരിയും. അവരിൽ ഒരു കക്ഷിയൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അവർ (സഖാക്കൾ) ചോദിച്ചു : അല്ലയോ ദൂതരെ ആ കക്ഷി ഏതാണ്? തിരുമേനി പറഞ്ഞു: ഞാനും എന്റെ സഹാബിമാരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ തന്നെ (മിശ്കാത്ത്)*

ഈ ഒരൊറ്റ ഹദീസ് മാത്രം മതി റസൂൽ തിരുമേനി(സ) സത്യപ്രവാചകനാണെന്ന് തെളിയാൻ. അത്രക്ക് വ്യക്തമായി ഈ ഹദീസിൽ പറഞ്ഞ കാര്യങ്ങൾ മുസ്‌ലിം സമുദായത്തിൽ പുലർന്നിരിക്കുന്നു. ഇക്കാലത്തുള്ളയത്ര കക്ഷിപ്പെരുപ്പവും കക്ഷിവഴക്കുകളും മറ്റൊരുകാലത്തും മുസ്‌ലിം സമുദായത്തിലുണ്ടായിട്ടില്ല. അക്ഷരാർത്ഥത്തിൽ പുലർന്ന ഈ ഹദീസിന്റെ സത്യം അത് സ്വ

യം വെളിപ്പെടുത്തുന്നു. എന്നാൽ ഇസ്‌ലാമിക ഭരണത്തിന്റെ വക്താക്കളായ ജമാഅത്തെ ഇസ്‌ലാമി ഈ ഹദീസ് ളഈഫാണെന്ന് പറഞ്ഞ് തള്ളാൻ ശ്രമിക്കാറുണ്ട്. ഇതിൽ ഒരു കക്ഷി ഒഴിച്ച് ബാക്കി 72 കക്ഷികളും നരകാവകാശിയായിരിക്കും എന്ന പരാമർശം ഭാവിയിൽ മറ്റു മുസ്‌ലിം കക്ഷികളുമായി ഐക്യമുന്നണി രൂപീകരിച്ച് ഭരണം സ്ഥാപിക്കുമ്പോൾ പ്രശ്നമാകാനിടയുണ്ട്. ഒറ്റകക്ഷി ഒഴിച്ചു ബാക്കി മുസ്‌ലിംവോട്ട് ബാങ്ക് നഷ്ടപ്പെടുത്താൻ കാരണമാകുന്ന ഹദീസായതിനാലാണ് മൗദൂദികൾക്ക് ഈ ഹദീസിനോട് എതിർപ്പ്. ഭരണം ലക്ഷ്യമിട്ട്, ശിർക്ക് ബിദ്അത്ത്, മറ്റു ചെറുകിട കുഫ്റിയത്തുകൾ എന്നീ മതകാര്യങ്ങൾ ചർച്ച ചെയ്ത് മുസ്‌ലിം വോട്ട് ബാങ്കിൽ ഭിന്നതയുണ്ടാക്കരുത് എന്നതാണ് ജമാഅത്തിന്റെ പോളിസി. ദലിതുകളേയും മറ്റു പീഡിതരേയും ഇടത്പക്ഷകാരെയും ഉൾപ്പെടുത്തി ഐക്യമുന്നണി വിശാലമാക്കി എങ്ങിനെയെങ്കിലും ഭരണത്തിൽ കയറികൂടണമെന്ന് ആ ഗ്രഹിക്കുന്ന ജമാഅത്തുകാർക്ക്- മുസ്‌ലിംകക്ഷികളിലെ ഭിന്നതയെ സാധൂകരിക്കുന്ന ഈ ഹദീസ് ച തുർത്ഥിയായിമാറിയതിൽ അത്ഭുതമില്ല.


റസൂൽ തിരുമേനി പറഞ്ഞ ഈ ഭിന്നിപ്പ് കേരളത്തിലെ വഹാബിപ്രസ്ഥാനത്തെ ഗ്രസിച്ചതാണ് വളരെ കൗതുകകരമായിട്ടുള്ളത്. 1950ൽ രൂപംകൊണ്ട കേരള നദ്‌വത്തുൽ മുജാഹിദീൻ - മടവൂർ ഗ്രൂപ്പും മൗലവി ഗ്രൂപ്പുമായി പിരിഞ്ഞ് - മൈതാനങ്ങളിലും തെരുവിലും പള്ളിയിലും വീറോടെ പൊരുതുകയാണ്. പരസ്പരമുള്ള ഈ പോര് ഏറ്റവും ജുഗുപ്സാവഹമായി തുടരുന്നു. ഈ യ്യിടെ വയനാട്ടിലെ പനമരത്തും ചങ്ങരംകുളത്തും ഇവർ നടത്തിയ സമ്മേളനങ്ങൾ പരസ്പരമുള്ള ശക്തിപ്രകടനവുമായിരുന്നു. ഗൾഫിലുള്ള അറബി യജമാനന്മാരാണ് ഇവരുടെ മുഖ്യ സാമ്പത്തിക സ്രോതസ്സ്. ഗൾഫ് നാടുകളിൽ നിന്നും ഭിക്ഷ യാചിച്ച് കൊണ്ടുവന്ന് സമ്മേളനമാമാങ്കങ്ങൾ നടത്തുന്ന കൂട്ടത്തിൽ എതിർ മുജാഹിദ് ഗ്രൂപ്പിനെതിരെ ഉപജാപം നടത്താനും പാര പണിയാനും ഇവർ കാണിക്കുന്ന വേലകൾ ഇരു മുജാഹിദുകളുടേയും പ്രസിദ്ധീകരണങ്ങൾ തന്നെ പുറത്തുകൊണ്ട് വരുന്നു. ലജ്ജാകരമാണ് ഈ അവസ്ഥ. ലോക മുസ്‌ലിം ഐക്യത്തെക്കുറിച്ചും അമേരിക്കയും ഇസ്രായേലും പാശ്ചാത്യ ക്രൈസ്തവലോകവും ഇസ്‌ലാമിനെതിരെ നടത്തുന്ന അക്രമങ്ങളെപറ്റിയും ഘോരഘോരം പ്രസംഗിക്കുന്ന മു ജാഹിദ് ഉലമാക്കന്മാർ തങ്ങളുടെ പിളർപ്പിന്നും വിഘടന പ്രവർത്തനങ്ങൾക്കും അമേരിക്കയും സിയോണിസ്റ്റുകളും മറ്റുപാശ്ചാത്യശക്തികളുമാണ് കാരണക്കാർ എന്ന് പറയാത്തത് ഭാഗ്യം. പുറത്തുള്ള ആയിരം അക്രമണങ്ങളേക്കാൾ എത്രയോ ഗുരുതരമാണ് മുസ്‌ലിം സമുദായത്തിന്റെ അകത്തുനിന്നും ഈ ഉലമാക്കന്മാർ കാണിക്കുന്ന ഹീനത്വം എന്ന് മുസ്‌ലിംകൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. പുറമേ നിന്നും ഇസ്‌ലാമിനെ ആക്രമിക്കുന്ന ആയിരം ജൂതന് സമമാണ് ഇത്തരത്തിലുള്ള ഒരു ആലിം. അംബിയാക്കന്മാരുടെ പിന്മുറക്കാരാണ് എന്റെ സമുദായത്തിലെ ഉലമാക്കന്മാർ എന്ന് പറഞ്ഞ റസൂൽ തിരുമേനി (സ) അവസാനകാലത്ത് ആകാശത്തിനു കീഴിൽ ഏറ്റവും നികൃഷ്ടജീവികളായിരിക്കും ഉലമാക്കന്മാർ എന്ന് പറഞ്ഞതും ഓർക്കണം.

ഈ എഴുപത്തിരണ്ടിലെ പ്രബല ഗ്രൂപ്പുകളാണ് കേരളത്തിലെ ഇ.കെ. സുന്നിയും ഏ.പി. സുന്നിയും. ഈയ്യിടെ എറണാകുളത്ത് എ.പി. സുന്നികൾ വിളിച്ചുചേർത്ത ഒരു യോഗത്തിൽ ബഹുമാന്യനായ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ പങ്കെടുക്കാമെന്നേറ്റതായിരുന്നു. പക്ഷേ ഇ.കെ. സുന്നി ഗ്രൂപ്പിന്റെ സമ്മർദ്ദം മൂലം അദ്ദേഹത്തിന് എ.പി.യുടെ സമ്മേളനത്തിൽ പോവാനോ വേദി പങ്കിടാനോ പറ്റിയില്ല. മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറിയും മുൻവ്യവസായ വകുപ്പ് മന്ത്രിയുമായ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബിന്റെ വളരെയേറെ പരിശ്രമമുണ്ടായിട്ടും ശിഹാബ് തങ്ങൾക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല.

ഉഗ്ര മാർത്താണ്ഡന്മാരായ ഉലമാക്കന്മാർ നാട്ടിൽ ഓടിനടന്ന് ഭിന്നിപ്പിന് നേതൃത്വം നൽകുമ്പോൾ മഹല്ല് കമ്മിറ്റിക്കാരുടെ കൈകളിൽ പാവങ്ങളായ മുഅല്ലിമീങ്ങളും പള്ളിഖത്തീബുമാരുമായ ചെറുകിട ഉലമാക്കൾ അനുഭവിക്കുന്ന പീഡനങ്ങളുടെ ദാരുണാവസ്ഥയെപറ്റി സുന്നീവോയ്സ് എഴുതുന്നു:

'മഹല്ലിലെ ജനങ്ങൾ നാഥനില്ലാപ്പടയായിത്തീർന്നിരിക്കുന്നു. ഈ അനാഥത്വം പരിഹരിക്കുന്നതിനാണ് മഹല്ലിൽ ഖത്തീബ് ഖാദിമാരെ നിയമിക്കുന്നത്. എന്നാൽ ഖത്തീബ് ഖാദിമാർ പലയിടത്തും യോഗ്യരല്ല. സ്വരഭംഗിയോ കേവലവാചാലതയോ കുറഞ്ഞ ശമ്പളത്തിനു നില്ക്കാനുള്ള സന്നദ്ധതയോ നോക്കിയാണ് പലയിടത്തും അവരെ നിയമിക്കുന്നത്. ചിലയിടത്ത് അത് മാത്രം പോര, മഹല്ല് നേതൃത്വത്തിന്റെ രാഷ്ട്രീയ നിലപാടിനോടുള്ള ചായ്‌വ് ഏത് അധാർമികതക്കും മൗനാനുവാദം നൽകാനുള്ള അസാധാരണക്ഷമ എന്നിവ കൂടിയുള്ളവർക്കു മാത്രമായിരിക്കും നിയമനം. ഇത്തരക്കാർക്ക് മഹല്ലിന്റെ സമുദ്ധാരണത്തിന് നേതൃത്വം നൽകാനോ കമ്മിറ്റിക്കാരാൽ സാധിക്കാതെ കിടക്കുന്ന വിടവ് നികത്താനോ സാധ്യമല്ല. യോഗ്യരും തികഞ്ഞ പാണ്ഡിത്യമുള്ളവരുമായ ഖാദിഖത്തീബ് നിയമിക്കപ്പെട്ടിടങ്ങളിൽ അവർ കേവലം ജീവനക്കാർ മാത്രമാണ്. പണ്ഢിതോചിതമായി കമ്മിറ്റിയേയും ആ

## അനുസ്മരണം



### അബ്ദുൽമജീദ് സാഹിബ്

പഴയങ്ങാടി ആദ്യകാല അഹ്മദികളിൽ പെട്ട മർഹൂം പി.പി. അബൂബക്കർ സാഹിബിന്റെയും ആത്തിമ സാഹിബയുടെയും മകനും ഇപ്പോൾ പഴയങ്ങാടി ജമാഅത്ത് അംഗവും ആയ മൈലാഞ്ചിക്കൽ അബ്ദുൽമജീദ് സാഹിബ് (61) 23-2-2008ന് ശനിയാഴ്ച നിര്യാതനായി. (ഇന്നാലില്ലാഹി.....

ഭാര്യ: കദീജ. മക്കൾ : നിസാർ അഹ്മദ്, ജസീർ അഹ്മദ്, രേഷ്മ മുസദ്ദീഖ്. മരുമക്കൾ: മുസദ്ദിക് അഹ്മദ് കോഴിക്കോട്, ശബാന നിസ്സാർ (കണ്ണൂർ)

സഹോദരങ്ങൾ : മൈലാഞ്ചിക്കൽ അബ്ദുൾ ഗഫൂർ, കുഞ്ഞായിശ്ശ, സുബൈദ, കദീജ.

പരേതന് അല്ലാഹു പരലോകത്ത് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ●

---

ളെയും ഭരിക്കാനോ 'ഉപഭോഗി'ക്കാനോ അവകാശമുണ്ടായിരിക്കില്ല. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പള്ളിയിലെ ആരാധനാകർമ്മങ്ങൾ കാലോചിത പരിഷ്കരണം വേണമെന്ന് കമ്മിറ്റി ചേർന്ന് പാസ്സാക്കുകയാണ്. കമ്മിറ്റി തീരുമാനം പിറ്റേന്ന് പ്രസിഡണ്ട് വന്ന് ഖത്തീബിനോട് കല്പിക്കുന്നു: 'അടുത്ത വെള്ളിയാഴ്ച മുതൽ നമുക്ക് ഖുത്തുബയുടെ മുമ്പ് ഒരു പ്രസംഗം നടത്തിത്തരണം' അത് ഗുണകരമല്ലെന്ന് നിയമം ഖത്തീബ് പറഞ്ഞാൽ, നിങ്ങൾക്ക് ഇത് അംഗീകരിച്ചു ഇവിടെ നിൽക്കാം. അല്ലെങ്കിൽ സ്ഥലം വിടാം. പ്രസിഡണ്ടിന്റെ ഉത്തരവ് കേട്ട പണ്ഡിതൻ ചവിട്ടേറ്റ എട്ടുകാലിയെപ്പോലെ ചുരുണ്ടു മടങ്ങി ഉണ്ടയാകുന്ന സ്ഥിതിയാണ് അധിക മഹല്ലുകളിലും നിലനിൽക്കുന്നത്. (സുന്നി വോയ്സ് - 2008 മാർച്ച് 15)

ഇ.കെ. സുന്നി വിഭാഗത്തിലെ ഈയ്യിടെ ഉയർന്നുവന്ന താരമാണ് റഹ്മത്തുല്ലാ ഖാസിമി മൂത്തേടം. ഖാദിയാനീ വിരുദ്ധ പ്രസംഗങ്ങൾ നടത്താറുള്ളയാളാണ് മൂത്തേടം ഖാസിമി. അവസാനകാലത്തെ ഉലമാക്കന്മാർ മനുഷ്യന്റെ അധോഭാഗത്തെ ഒരു അവയവം കൊണ്ടായിരിക്കും സം സാരിക്കുക എന്നൊരു ഹദീസുണ്ട്. ഈ സുന്നി ആലിമിന്റെ തൊള്ളയിൽ നിന്നുതിരുന്ന വാക്കുകളുടെ ഗുണനിലവാരം അത്തരത്തിലുള്ളതാണ്. ബഹുമാനപ്പെട്ടവർ പ്രസംഗിക്കുമ്പോൾ കാഫിറുകളായ ഖാദിയാനികളെ വിമർശിക്കുന്നതിന്റെ കടുപ്പമറിയണമെങ്കിൽ തന്റെ സുന്നിപ്രതിയോഗിയും തനിക്ക് സമശീർഷനുമായ കാന്തപുരം എ.പി. ഉസ്താദിനെ പറ്റി മൂത്തേടം ഖാസിമി പറഞ്ഞ ഉദീരണങ്ങൾ ശ്രദ്ധിച്ചാൽ മതി. ഒരു സുന്നി സാഹിത്യമെന്ന് കരുതി വായനക്കാർ ക്ഷമിക്കുക. പട്ടിക്കാട് ജാമിഅ നൂരിയ സമ്മേളനത്തിൽ റഹ്മത്തുള്ള എ. പി. ഉസ്താദിനെതിരെ തൊള്ള കൊണ്ട് നടത്തിയ ആക്രമണം സെൻസിംങ്ങ് മാസിക വാമൊഴി രൂപത്തിൽ പ്രസിദ്ധീകരിച്ചത് ഇപ്രകാരമാണ്.

"ഏ.പി. വിഭാഗമെന്നത് ഉളുപ്പില്ലാത്ത ഖൗമാണ് (തക്ബീർ) നിങ്ങൾ തക്ബീർ ചൊല്ലാൻ വേണ്ടി പറയാണെന്ന് വിചാരിക്കേണ്ട. ഉളുപ്പുണ്ടെങ്കിൽ അവൻ പലിശക്കെതിരെ കാമ്പയിൻ നടത്തുമായിരുന്നോ? മലയാളത്തിൽ ഉളുപ്പ് എന്നൊരു വാക്കുണ്ട്. അതയാൾക്കില്ല..... അയാളു പറഞ്ഞത് രണ്ടു കോടി ഞാൻ പലിശക്ക് കൊടുത്തു ബാക്കി പലിശക്കുള്ള പണം എന്റെ കൈയിലുണ്ട്. നിങ്ങൾ മറന്നോ? അയാളും അയാളെ പേറിയോനും നാറും..... രണ്ട് ശുദ്ധിയുള്ളവർക്കാണ് തസ്കിയ്യത്ത് ചെയ്യാൻ അർഹത. ലൈംഗികശുദ്ധിയും സാമ്പത്തികശുദ്ധിയും. രണ്ടും ഇയാൾക്കില്ല (തക്ബീർ) ഇയാൾ എങ്ങിനെയാണ് തസ്കിയത്ത് നടത്തുക, എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. ഇൽമ് ഇത് അത്ര വലിയ കാര്യമായി എനിക്ക് തോന്നിയിട്ടില്ല. ഫ മസലുഹു, കമസലിൻ... (കൽബ് എന്ന് സദസ്സിനെ കൊണ്ട് പറയിപ്പിക്കുന്ന) ഇയാൾ നായയേക്കാൾ മോശമാണെന്നാണ് റാസി തഫ്സീറിൽ പറഞ്ഞത്. (സെൻസിംഗ് മാർച്ച് 2008 പേജ് 15)

ഇതാണ് ലോക മുസ്ലിം കക്ഷി നേതാക്കന്മാരിൽ കേരളത്തിലുള്ള കക്ഷി നേതാക്കന്മാരുടെ അവസ്ഥ - ഇവരിൽ നിന്നും ഇസ്ലാമിനെ അല്ലാഹു രക്ഷിക്കട്ടെ. ആമീൻ. ●

---

*(39-ൽ നിന്ന് തുടർച്ച)*

ര്യത്തിനു ഹാനികരമെന്ന് സർക്കാറിനു തോന്നിയതിനാലാണ്, മഹാരാജാവിനു തികച്ചും അപമാനകരമായിത്തീർന്ന ഈ സംഭവം അരങ്ങേറിയത്. ഈ അനുഭവം മഹാരാജാവിന് ഏറ്റ കടുത്ത ഒരാഘാതമായിരുന്നു. തകർന്ന മനസ്സുമായി അദ്ദേഹം തിരികെ ഇംഗ്ലണ്ടിൽ തന്നെ കാലുകുത്തി.

ഒടുവിൽ, 1893-ൽ പാരീസിലെ ഒരു ഹോട്ടലിൽ വച്ച് ദിലീപ് സിങ്ങിന് നിസ്സഹായവും നിരാശാജനകവുമായ പരിതസ്ഥിതിയിൽ അന്ത്യം ഉണ്ടാവുകയും ചെയ്തു. ഒക്കെയും സർവ്വശക്തന്റെ നിശ്ചയപ്രകാരമായിരുന്നു. (തുടരും) ●